ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, പോയിന്റ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് അതുപോലെ തന്നെ വായിച്ചു. അത് ഈ സഭയിലെ എല്ലാ ആളുകൾക്കും മനസ്സിലാ ലാകുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ ഇൻറർപ്രിട്ടേഷന് സൗകര്യം കൊടുക്കുന്നതു ശരിയായിരിക്കുകയില്ല.

മി. സ്പീക്കർ: ഇൻറർപ്രിട്ടേഷനൊന്നും ആവശ്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജഡ്ജ്മെൻറു വായിച്ചു.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു ജഡ്ജ്മെൻറു വായിച്ചെന്ന്. ജഡ്ജ്മെൻറല്ല. ഞാൻ എന്റേതായ ഒരു വാക്കുപോലും ഈ സഭയുടെ മുൻപാകെ സബ്മിറ്റു ചെയ്തിട്ടില്ല. ജഡ്ജ്മെൻറിന്റെ കോപ്പി കിട്ടാൻ സമയം കിട്ടുന്നതിനു മുൻപ് തന്നെ അഡ്വക്കേറ്റ് ജനറൽ, മുൻഗവൺമെൻറു നിയമിച്ച അഡ്വക്കേറ്റ് ജനറൽ അയച്ച റിപ്പോർട്ടാണ് ഞാൻ ഇവിടെ വായിച്ചത്. ഹൈക്കോടതി ജഡ്ജ്മെൻറു വരുത്തി അസംബ്ലിയുടെ മേശപ്പുറത്തു ഉടൻതന്നെ വയ്ക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഹൈക്കോടതി.....

Mr. Speaker: Order, order. I hope the hon'ble Chief Minister will get the High Court judgment and place it before the House.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സസ്പെൻഷൻ ഓർഡർ അതിനുമുൻപുതന്നെ ഗവൺമെൻറു പിൻവലിച്ചതുകൊണ്ടാണ് അതിലേയ്ക്കു കടക്കാത്തത്.

മി. സ്പീക്കർ: ജഡ്ജ്മെൻറു വരുമ്പോഴേ അതിനെപ്പറ്റി മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് ഇനി അതിനെപ്പറ്റി സംസാരമൊന്നും വേണ്ട.

Now we pass on to General Discussion on the Budget for the financial year 1970-71.

FINANCIAL BUSINESS

General Discussion on the Budget for the Financial Year 1970-71.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നമ്മുടെ ധനകാര്യമന്ത്രി പ്രസംഗിക്കാൻ തുടങ്ങുന്നതിനുമുൻപ് തന്നെ 'രാജിവച്ചു' എന്നു പത്രറിപ്പോർട്ടുകൾ വന്ന ഒരു ധനകാര്യമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതു ശരിയാണോ എന്ന ഒരു ക്രമപ്രശ്നം ഞങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ രാജി കിട്ടിയിട്ടില്ലെന്നു പറഞ്ഞു. അതിനുശേഷം ഈ ചർച്ച തുടങ്ങുന്നതിനു മുൻപുതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പാർട്ടിയിലുണ്ടായിട്ടുള്ള ചർച്ചയ്ക്കുശേഷം അദ്ദേഹത്തിന്റെ രാജി പാർട്ടിക്കു സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഇവിടെയുള്ള സകല പത്രങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. പാർട്ടി അടിസ്ഥാനത്തിൽ മന്ത്രിമാരെ നിശ്ചയിക്കുന്ന ഒരു പ്രക്രിയയുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു മന്ത്രി സഭയിൽ, പാർട്ടിക്കു രാജിസമർപ്പിച്ചു കഴിഞ്ഞിട്ടുള്ള ഒരു മന്ത്രിയാണ് ഈ ചർച്ചകൾക്കു മറുപടി പറയുന്നതിനുവേണ്ടി ഇവിടെയിരിക്കുന്നത്. ഞങ്ങൾ പറഞ്ഞകാര്യങ്ങൾ ഇപ്പോഴും പ്രസക്തമായിത്തന്നെ നിൽക്കുകയാണ്. അങ്ങനെയുള്ള അദ്ദേഹം ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ യഥാർത്ഥ ചിത്രം മറച്ചുവച്ച്—രാജിയുടെ കാര്യം മറച്ചു വച്ചതുപോലെതന്നെ—വളരെ മനോഹരമായ ഒരു ചിത്രമാണ് നമ്മുടെ രാജ്യത്തിന്റേതെന്നു വരത്തക്കരീതിയിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്.

സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒന്നാംപേജിൽ തന്നെ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നമ്മുടെ സമ്പദ്വ്യവസ്ഥ മെച്ചപ്പെട്ടു വരുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. നാലാം പദ്ധതിയുടെ ഒരു കരടുരേഖ തയ്യാറാക്കുകയും, വർദ്ധിച്ച ആശങ്കകളോടും കുറഞ്ഞ ആതമവിശ്വാസത്തോടും കൂടിയായിരുന്നുവെങ്കിലും ആ പദ്ധതി പ്രാവർത്തികമാക്കാനുള്ള പ്രയത്നങ്ങൾ തുടങ്ങുകയും ചെയ്തു. വളരെ അനുകൂലമായ സാഹചര്യങ്ങളുടെ ഫലമായി കാർഷികോൽപ്പാദനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. വ്യവസായരംഗം വീണ്ടും സജീവമായി ഗുരുതരമായ ഭക്ഷ്യദൗർലഭ്യത്തിന്റെയും വ്യവസായവളർച്ചയുടെയും വർഷങ്ങളെ പിന്നിട്ട് നാം ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞ ഒരു പ്രതീതിയാണ് പുതിയ ദശാബ്ദത്തിലേയ്ക്കു കാലെടുത്തു വയ്ക്കുന്ന നമുക്ക് ഇന്നുള്ളത്. പുരോഗതിയുടേയും വികസനത്തിന്റെയും ഒരു ദശാബ്ദത്തിലേയ്ക്കു, വീണ്ടെടുത്ത പ്രതീക്ഷകളോടെ നാം ഉറ്റു നോക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ വികസനചരിത്രത്തിലെ സുപ്രധാനമായ ഈ വഴിത്തിരിവിൽ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടതിൽ ഞാൻ അഭിമാനം കൊള്ളുന്നു'' എന്ന ആമുഖവുമായിട്ടാണ് അദ്ദേഹം ബഡ്ജറ്റിലേയ്ക്കു കടക്കുന്നത്. അദ്ദേഹത്തിന് അഭിമാനം കൊള്ളാമെങ്കിലും ഈ ബഡ്ജറ്റ് ഈ സമയത്തെങ്കിലും അവതരിപ്പിക്കുവാൻ അദ്ദേഹത്തിന്റെ പാർട്ടി സദയം അനുവദിച്ച കാര്യത്തിൽ പ്രത്യേകിച്ചും അഭിമാനം കൊള്ളാൻ സാധിക്കുമെങ്കിലും നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്ക് അഭിമാനിക്കാനോ സന്തോഷിക്കാനോ പറ്റുന്ന ഒരു സാഹചര്യം അല്ല നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തുള്ളതെന്നു വ്യക്തമാക്കികൊള്ളട്ടെ. ഇത് എന്റെ അഭിപ്രായം വച്ചുകൊണ്ട്, രാഷ്ട്രീയമായ കാഴ്ചപ്പാടിൽക്കൂടി പറയുന്നകാര്യമല്ല. ഈ ബഡ്ജറ്റിനോടൊപ്പംതന്നെ നമുക്ക് തന്നിട്ടുള്ള എക്കണോമിക് റവ്യൂവിൽത്തന്നെ ഇക്കാര്യം അതിന്റെ ഒന്നാം ചാപ്റ്ററിൽ 21, 22, 24, 25 ഖണ്ഡികകളിൽ വളരെയേറെ വ്യക്തമാക്കുന്നുണ്ട്. ഈ ഖണ്ഡികകളിൽ പറയുന്ന കാര്യം ബഹുമാനപ്പെട്ട നമ്മുടെ മന്ത്രി പറഞ്ഞിട്ടുള്ളതിന് എതിരായിട്ടുള്ളതാണ്. നമ്മുടെ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന്റെ ഫലമായി കഴിഞ്ഞ കൊല്ലം കിട്ടിയിരുന്നത് 45.5 കോടി രൂപയായിരുന്നുവെങ്കിൽ അത് ഇക്കൊല്ലം 39.34 കോടിയായി കുറഞ്ഞു എന്നാണ് പറയുന്നത്. അതുപോലെതന്നെ നമ്മുടെ വ്യവസായമേഖലയ്ക്കു അഭിവൃദ്ധി ഇല്ലെന്നുള്ള കാര്യം അതിന്റെ 23—ാം ഖണ്ഡികയിൽ പറയുന്നുണ്ട്. 24—ാം ഖണ്ഡികയിൽ തൊഴിലില്ലായ്മ വളരെയേറെ ഗൗരവാവഹമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽത്തന്നെ അഭ്യസ്തവിദ്യരായ ആൾക്കാരുടെ തൊഴിലില്ലായ്മയുടെ കാര്യം പ്രത്യേകിച്ച് എടുത്തു പറയുന്നുണ്ട്. മെട്രിക്കുലേറ്റുകളുടെയും ബിരുദധാരികളുടെയും ആകെ എണ്ണം 1968 വർഷത്തിൽ 103,479 ആയിരുന്നത് 1969 ജൂൺ ആയപ്പോഴയ്ക്കും 1,25,147 ആയി വർദ്ധിച്ചിട്ടുണ്ടെന്ന് ബഡ്ജറ്റു പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഒടുവിൽ പറയുന്നുണ്ട്. എക്കണോമിക് റവ്യൂവിലാണെങ്കിൽ തൊഴിലില്ലായ്മ വളരെയേറെ രൂക്ഷമായിട്ടുണ്ടെന്നു എടുത്തു പറയുന്നുണ്ട്. സകല ജനങ്ങളേയും ബാധിക്കുന്ന നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് ആണെങ്കിൽ വളരെയേറെ വർദ്ധിച്ചിരിക്കുന്നുവെന്നാണ് 25-ാം ഖണ്ഡികയിൽ പറയുന്നത്. കാർഷികോൽപ്പാദനങ്ങളുടെ വില കൃഷിക്കാർ വാങ്ങിക്കുന്ന സാധനങ്ങളുടെ വിലയോടു പൊരുത്തപ്പെട്ടു പോകാത്തതിന്റെ ഫലമായി കാർഷികോൽപ്പന്നങ്ങളും വിറ്റു ജീവിക്കുന്ന കൃഷിക്കാരുടെയിടയിൽ വളരെയേറെ വിഷമം ബാധിച്ചിട്ടുണ്ടെന്നു കാര്യം 2½-ാം ഖണ്ഡികയിൽ പറയുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഒരു ചോദ്യം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നമ്മുടെ മന്ത്രിമാർ കാണിച്ച മാതൃക പോലെ എന്റെ പ്രസംഗത്തിനുശേഷം അവസാനം സ്പീക്കർ അനുവദിച്ചാൽ ചോദ്യങ്ങൾക്ക് ഉത്തരം പറയാം.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു, സാധനങ്ങളുടെ വില വർദ്ധിച്ചു, കൃഷിക്കാർ ദുരിതത്തിലായി. പരക്കെ തൊഴിലില്ലായ്മ, വ്യവസായരംഗത്തു യാതൊരഭിവൃദ്ധിയും ഉണ്ടായിട്ടില്ല, നമ്മുടെ രാജ്യത്തിന്റെ ചിത്രം മനോഹരമാണു താനും.

(Shri K. Moideenkutty Haji in the Chair)

ഈ മനോഹാരിത ഈ അധപ്പതനത്തിന്റെയും പരാധീനതകളുടെയും ബുദ്ധിമുട്ടുകളുടെയും നടുക്കുകൂടി പോകുന്ന യാത്രക്കിടയ്ക്ക് രാജ്യത്തിന്റെ മുഖം മനോഹരമാണെന്നുകാണിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരമെന്താണെന്നു മനസിലാക്കാൻ നമ്മുടെ രാജ്യത്ത് ആർക്കും കഴിയുന്നില്ല. അങ്ങനെ പറയേണ്ടിവന്നതിൽ ഖേദമുണ്ടെങ്കിലും അതാണു നമ്മുടെരാജ്യത്തിന്റെ അവസ്ഥ. കരുതിക്കൂട്ടി, മോശമായിട്ടുള്ള ഒരു ചിത്രത്തിന്റെ സ്ഥാനത്ത് സാങ്കൽപികമായിട്ടുള്ള നല്ല ഒരു ചിത്രം വരച്ചുകാണിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം യാഥാർത്ഥ്യമാണെന്നു പറയാൻ നിവൃത്തിയില്ല. ഈ ഗവൺമെന്റിന്റെ ഉത്ഭവവും അതിന്റെ നിലനിൽപ്പും നോക്കിയാൽ അതിന്റെ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് ഒന്ന് എത്തിനോക്കിയാൽ ഈ കാര്യങ്ങളും മനസിലാക്കാൻ സാധിക്കും. 1967-ൽ, കാൺഗ്രസ് ഭരണത്തിന്റെ കെടുതികളുംമൂലം പൊറുതി മുട്ടിയ കേരളത്തിലെ ജനങ്ങളും ആ കാൺഗ്രസ് ഭരണത്തിന്റെ സ്ഥാനത്ത് നമ്മുടെ രാജ്യത്തിന്റെ തകർന്ന സാമ്പത്തിക വ്യവസ്ഥ പുനരുദ്ധരിച്ചുകൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ജനങ്ങളുടെ അഭിലാഷങ്ങൾക്ക് രൂപം നൽകിക്കൊണ്ട് കാൺഗ്രസേതര പാർട്ടികളും കെട്ടിപ്പടുത്ത ഒരു ഐക്യമുന്നണിയുടെ അടിസ്ഥാനത്തിലാണ് 1967-ലെ ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നത്. ആ ഗവൺമെന്റിൽ ഉണ്ടായിരുന്ന അധികാര ദുർവിനിയോഗം ചെയ്ത രാഷ്ട്രീയപാർട്ടികളും എതൊക്കെയായിരുന്നോ അവർ പ്രതിനിധാനം ചെയ്ത ഏതു സാമ്പത്തിക-രാഷ്ട്രീയപരിപാടികളും കുഴിച്ചുമൂടുകയെന്ന ലക്ഷ്യത്തോടുകൂടിയാണോ 967-ൽ ഒരു ഐക്യമുന്നണി കെട്ടിപ്പടുത്തത്. ആ കാൺഗ്രസിന്റെ പിൻതുണയോടും ആ കാൺഗ്രസിന്റെ അനുഗ്രഹാശിസ്സുകളോടും കൂടി മുന്നോട്ടുപോകുന്ന കേരളാ കാൺഗ്രസിന്റെ സജീവ പങ്കാളിത്തത്തോടുംകൂടി ഒരു ഗവൺമെന്റ് ഇവിടെ രൂപീകരിച്ച് ആ ഗവൺമെന്റിൽ പ്രാതിനിധ്യം വഹിച്ചുകൊണ്ടാണു നമ്മുടെ ധനകാര്യമന്ത്രി ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അപ്പോൾ ഈ ഗവൺമെന്റിന്റെ രാഷ്ട്രീയകാര്യങ്ങൾക്കൊത്ത നിലയിൽ മനോഹരമായിട്ടുള്ള ഒരു സങ്കൽപചിത്രം വരച്ചുകാണിക്കേണ്ട ബാധ്യത അദ്ദേഹത്തിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ കാൺഗ്രസ്സുരേണത്തിന്റെ കെടുതികളും അനുഭവിക്കുന്ന ജനങ്ങ
അതിനെതിരായി തിരിയുന്ന ജനങ്ങളെ കാൺഗ്രസ്സിന്റെ പാളയത്തിൽ പിടി
ച്ചുനിറുത്തുന്നതിനുവേണ്ടി കാൺഗ്രസ് കൂടുകയും കേന്ദ്രത്തിലെയും സംസ്
ഥാനങ്ങളിലേയും കുഴപ്പങ്ങളുടെ കാരണങ്ങളും വിവരിക്കാതെയും ഉള്ള ഒരു
ചിത്രം വരച്ചുകാണിക്കത്തക്കനിലയിലാണ് അദ്ദേഹം കരുതികൂട്ടി അദ്ദേ
ഹത്തിന്റെ ചുമതലനിർവ്വഹിച്ചിരിക്കുന്നത്. ഇത് ഏറ്റവും ലഘുവായി
ട്ടുള്ള ഭാഷയിൽ പറഞ്ഞാൽ കേരളത്തിലെ ജനങ്ങളേയും കേരളത്തേയും
വഞ്ചിക്കുന്ന ഒരു ഏർപ്പാടാണെന്നുമാത്രമേ ഇതിനെപ്പറ്റി പറയാൻ നിവ്വാഹ
മുള്ളു. സർ, യഥാർത്ഥത്തിലുള്ള ഒരു ചിത്രം എന്തുകൊണ്ട് വരച്ചുകാണി
ച്ചില്ല? യഥാർത്ഥത്തിലുള്ള ഒരു ചിത്രം വരച്ചുകാണിച്ചാൽ ഇന്ദിരാഗവ
ൺമെൻറും ആ ഗവൺമെൻറിനെ പ്രതിനിധീകരിക്കുന്ന ശക്തികളുമാണ്
കേരളത്തെ ഈ സ്ഥിതിയിൽ കൊണ്ടുചെന്നെത്തിച്ചതെന്നു പറയേണ്ടിവരും.
അങ്ങനെ പറയുന്നതിന് ഈ ഗവൺമെൻറിന് ഭയമാണ്. അങ്ങനെ പറഞ്ഞാ
ലോ ഇൻദിരാഗവൺമെൻറിന്റെ അനുഗ്രഹാശിസ്സുകളോടുകൂടിമാത്രം
അധികാരത്തിൽവന്നു തുടർന്നുപോകുന്ന ഈ ഗവൺമെൻറിന്റെ നിലനിൽപ്
അപകടത്തിലായിത്തീർന്നേയ്ക്കുമോയെന്നുള്ളതുകൊണ്ടാണ് ശ്രീമാൻ അച്യു
തമേനോന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെൻറും ഈ ഗവൺമെൻറിലുള്ള
മറ്റു കക്ഷികളും അവരുടെ രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി നിക്ഷി
പ്ത താൽപര്യക്കാരെ സംരക്ഷിക്കുന്ന കാര്യത്തിൽ അവർക്കുള്ള താൽപര്യങ്ങൾ
സംരക്ഷിക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്.
അതാണ് ഇത്തരത്തിലുള്ള ഒരു ചിത്രം വരച്ചുകാണിക്കുന്നതിന് അവരെ പ്രേരി
പ്പിച്ച കാര്യമെന്നു പറയാതിരിക്കാൻ നർവ്വാഹമില്ല. എന്നാൽ യഥാർത്ഥത്തി
ത്തിലുള്ള ചിത്രം എന്താണ്? രാജ്യത്തിന്റെ യഥാർത്ഥത്തിലുള്ള ചിത്രം
എക്കണോമിക് റവ്യൂവിൽ ചൂണ്ടിക്കാണിച്ചതുമാത്രമല്ല. യഥാർത്ഥത്തിലു
ള്ള ഒരു ചിത്രം നാലാം പദ്ധതിയിൽ കേരളത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക
പ്ലാൻ തയ്യാറാക്കികൊണ്ട് നമ്മുടെ പ്ലാനിംഗ് അഡ്വൈസറിബോർഡ് കേന്ദ്ര
ഗവൺമെൻറിനു സമർപ്പിച്ചതിൽ വരച്ചുകാണിച്ചിട്ടുണ്ട്. 480 കോടി രൂപ
നാലാം പദ്ധതിയിൽ കേരളത്തിനു കിട്ടിയാൽ മാത്രമേ 15 വർഷം കൊണ്ടെങ്കി
ലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങളും എത്തിയിടത്തോളമുള്ള
പ്രതിശീർഷവരുമാനത്തിൽ കേരളത്തിന് എത്തിച്ചേരാൻ സാധിക്കു എന്ന്
പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിനുവേണ്ടിയുള്ള ഒരു പഞ്ചവൽസരപദ്ധതി
നമ്മുടെ മുൻഗവൺമെൻറ് കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിരുന്നു. ആ പദ്ധ
തിയുമായി അന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ റവന്യൂമന്ത്രിയും പ്ലാനിംഗ്
അഡ്വൈസറിബോർഡ് അംഗങ്ങളും ഡൽഹിയിൽപോയി കേന്ദ്രഗവൺ
മെൻറുമായി ചർച്ചചെയ്ത അവസരത്തിൽ ഇത്രയും സംഖ്യതരാൻ സാധ്യമല്ല.
258 കോടി രൂപാ, ഇപ്പോഴത്തെ ഈ ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സംഖ്യ
മാത്രമേ തരാൻസാധിക്കുകയുള്ളുവെന്നാണ് കേന്ദ്രഗവൺമെൻറും പ്ലാനിംഗ്
കമ്മീഷനും പറഞ്ഞത്. അപ്പോഴും അന്നത്തെ മുഖ്യമന്ത്രി ഞങ്ങളും ഒരു റബർ
സ്റ്റാമ്പായി പ്രവർത്തിക്കാൻ തയ്യാറില്ലെന്നു പറഞ്ഞതും കേന്ദ്രഗവൺമെൻറ്
ഒരു പൈസപോലും കൂട്ടിത്തരുകയില്ലെന്ന അവരുടെ നിലപാടിൽ ഉറച്ചുനിന്ന
തും നമുക്കൊക്കെ അറിയാവുന്നതാണ്. ഇപ്പോഴും എന്താണ് സ്ഥിതി.
ആ കരടുപ്ലാനിൽ ഉണ്ടായിരുന്ന ആ കാര്യങ്ങളും തന്നെയാണ് ഇപ്പോഴത്തെ
നമ്മുടെ പ്ലാനിൽ ഉള്ളത്.

സർ, 258.4 കോടി രൂപയാണ് നാലാം പദ്ധതികാലത്തേക്ക് നമുക്കു
കിട്ടുന്നത്. ഈ കാര്യം ഈ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. സമ്മതിച്ചി
ച്ചിട്ടുണ്ട്. ഇത് അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്ത സന്ദർഭത്തിൽ
ഇത് നാലാം പദ്ധതിയുടെ കരടു തയ്യാറാക്കിയപ്പോൾ ഉണ്ടായിരുന്നതാണെ
ന്നുള്ള കാര്യം മറന്നു പോകരുത്. നാലാം പദ്ധതിയുടെ കരട് തയ്യാറാക്കി

LIBRARY ARCHIVES Kerala Legislative Assembly

യപ്പോഴും ആ കരടിൽ കാതോ സംസ്ഥാനത്തും അനുവദിച്ചു കൊടുത്തിരുന്നതായ ആദ്യം ചൂണ്ടിക്കാണിച്ചിട്ടുള്ള അതേ സംഖ്യതന്നെയാണ്. യാതൊരു മാറവും, ഒരൊറ്റ ചില്ലിക്കാശിന്റെ മാറവും ഇതിനകത്ത് വരുത്തിയിട്ടില്ല. അപ്പോഴും പദ്ധതിയുടെ കരടു തയ്യാറാക്കിയ കേന്ദ്രത്തിന്റെ ആൾക്കാർ—അവരാണെങ്കിൽ നിരന്തരമായ അവഗണന ഒന്നാം പദ്ധതി തുടങ്ങിയിട്ട് ഇന്നേവരെ നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഏകകണ്ഠമായി ഈ സഭയും ഈ ഗവൺമെന്റും സമ്മതിക്കുന്ന കാര്യമാണ്. അങ്ങനെ കരടിൽ കാണിച്ചിട്ടുള്ള അത്രയും സംഖ്യമാത്രമാണ് നമുക്ക് അനുവദിച്ചിട്ടുള്ളത്. അത് അപ്പടി അംഗീകരിച്ചുകൊണ്ടാണ് കേരളത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയെന്നും പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് നമ്മുടെ മുൻപാകെ അവതരിപ്പിച്ചിട്ടുള്ളത്. എന്നുവച്ചാൽ അതിനെതിരായി ഒരു ചെറു വിരലെങ്കിലും അനക്കുന്നതിന് ഈ ഗവൺമെന്റ് ഇപ്പോഴും തയ്യാറില്ലെന്ന് അർത്ഥം. അതിന്റെ ആമുഖമായി കുറെക്കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ട് ഇവിടെ. പക്ഷെ അതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഏതെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ? പഴയ ഈ 258 കോടിരൂപയുടെ പ്ലാൻ അംഗീകരിച്ചുകൊണ്ട് പുതുതായി യാതൊരു കാര്യങ്ങളും നടത്താൻ സാധിക്കുകയില്ലെന്ന് ഈ ബഡ്ജറുതന്നെ സമ്മതിക്കുന്നുണ്ട്. ബഡ്ജറ് ആകെ നോക്കിയാൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നു പറയും. പക്ഷേ അത് പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നിർദ്ദേശവുമില്ല. നമ്മുടെ പ്ലാനിംഗ് അഡ്വൈസറി ബോർഡിന്റെ സാമ്പത്തിക വിഭാഗം തയ്യാറാക്കിയിട്ടുള്ള തൊഴിലില്ലായ്മ പരിഹാരപദ്ധതി നടപ്പിൽ വരുത്താനും പരിശോധിക്കാനും ഈ ഗവൺമെന്റ് തയ്യാറായില്ല. ഒരൊറ്റ പദ്ധതിപോലും ഇതിനകത്തില്ല. കുറെ കണ്ണുനീരൊഴുക്കൽ മാത്രമുണ്ട്. ആവശ്യത്തിനുള്ള ഭക്ഷ്യവർദ്ധനവ് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ല. 12.51 ലക്ഷം ടൺ ഭക്ഷ്യധാന്യം 1968—69 കാലത്ത് ഉണ്ടാക്കിയെന്നു പറയുന്നുണ്ട്. പക്ഷെ ഒരു കാര്യം, ആശ്വാസകരമായിട്ടുള്ള ഒരു കാര്യം, കഴിഞ്ഞവർഷത്തിൽ പ്ലാനിംഗ് അഡൈവസറി ബോർഡ് തയ്യാറാക്കിയിട്ടുള്ള കണക്കുകളും കാർഷിക വകുപ്പ് തയ്യാറാക്കിയിട്ടുള്ള കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടെന്നും ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുള്ള കണക്കുകളും അദ്ദേഹത്തിന്റെ ഹരിത വിപ്ലവത്തിന്റെ കണക്കുകളും കൂട്ടിക്കുഴച്ചു വയ്ക്കുന്നതിനുവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പ്ലാനിംഗ് അഡൈവസറി ഗ്രൂപ്പ് പ്രവർത്തിക്കുകയാണ് ചെയ്തതെന്നാക്ഷേപമുണ്ടായിരുന്നു. പതിനാലുലക്ഷം പതിനാറു ലക്ഷം അങ്ങനെ ലക്ഷം ഇഷ്ടംപോലെ കൂട്ടിയിരുന്നു. പക്ഷേ ഇപ്പോഴും ഇവിടെ സമ്മതിച്ചിട്ടുണ്ട്. അന്ന് പ്ലാനിംഗ് അഡൈവസറി ബോർഡ് പറഞ്ഞ 12.51 ലക്ഷം ടണ്ണാണ് ശരിയെന്ന് സമ്മതിച്ചതിന് ശ്രീമാൻ ശേഷനു നന്ദിയുണ്ട്. ഇനി അതിൽ മാറം വരുത്തുമോ എന്നറിഞ്ഞുകൂടാ. 1969—70 ആയപ്പോഴേക്കും 12.51 ലക്ഷത്തിൽനിന്നും 12.15 ലക്ഷമായി കുറയുകയാണ് ചെയ്തിട്ടുള്ളതെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള ഒരു കണക്കിൽ കാണുന്നത്. അതേസമയത്ത് നമ്മുടെ ആവശ്യമോ? നമ്മുടെ കേരളത്തിലെ ജനങ്ങൾക്ക് ഭക്ഷണം കൊടുക്കാൻ ആവശ്യമായതാണെങ്കിൽ 23.38 ലക്ഷം ടണ്ണാണ്. ആ സമയത്ത് 12.15 ലക്ഷം മാത്രമാണ് ഇവിടെയുള്ള ഉൽപ്പാദനം. അപ്പോഴും ഭക്ഷ്യരംഗത്തെ സ്ഥിതി വളരെമോശം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനുംമറും കഴിയേണ്ട ഒരു സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടേണ്ട സഹായം കിട്ടാതെ വന്നതുമൂലം ഒരു കമ്മി ബഡ്ജറുമായി നമ്മുടെ ധനകാര്യമന്ത്രി രംഗത്തുവന്നതും. 25.68 കോടി രൂപായുടെ കമ്മി. ഈ കമ്മി നികത്താൻ സഹായകമല്ലെങ്കിലും 190 ലക്ഷം രൂപായുടെ പുതിയ നികുതികളും അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. ആ പുതിയ നികുതികളെപ്പറ്റി പിന്നാലെ ഞാൻ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

പണ്ട് ചില രാജാക്കൻമാർ എഴുന്നള്ളത്ത് നടത്തുന്ന സമയത്ത് പാവപ്പെട്ട ആളുകളും, ദാരിദ്ര്യവാസികളായ ആരേയും വഴിയിൽ കാണാതിരിക്കാൻ വേണ്ടി ശിപായിമാർ മുൻപേ പോയി അത്തരക്കാരെ മാറ്റുമായിരുന്നു. രാജ്യത്ത് സുഭിക്ഷിതമാണെന്ന് രാജാവിനെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു അങ്ങനെ ചെയ്തിരുന്നത്. അങ്ങനെ ബുദ്ധമഹാരാജാവ്—അദ്ദേഹത്തിനാണെങ്കിൽ മനസലിഞ്ഞാൽ വലിയ കുഴപ്പമാണ്. ശേഷന്റെ മനസലിഞ്ഞാൽ ഉണ്ടാകാവുന്നതിനേക്കാൾ വലിയകുഴപ്പം. അദ്ദേഹം യാത്ര പുറപ്പെട്ടപ്പോഴും ഇതുപോലെ വഴിയിൽ നിൽക്കുന്നവരെ മാറ്റി നിറുത്താൻ ശിപായിമാർ മുമ്പേ നടന്നു. പക്ഷേ ഒരു കിഴവൻ ഇതൊന്നും കണക്കാക്കാതെ വഴിയിൽ കയറി നിന്നു. കുമാരനാശാന്റെ ബുദ്ധചരിതം എന്റെ കൈവശമുണ്ട്. ആ കിളവൻ ആരും കാണാതെ ഓടി രംഗത്ത്വന്നിട്ട് ഇങ്ങനെ നിലവിളിക്കാൻ തുടങ്ങി.

''അയ്യയ്യോ തുണയ്ക്കുവിനൻപോലും ജനങ്ങളെ
വയ്യേ: നോവിതു പൊറുപ്പാനെ'' അങ്ങനെ നിലവിളിച്ചുകൊണ്ട് വന്ന കിളവനെ രാജാവ് കാണാതിരിക്കാൻ വേണ്ടി അയാൾക്ക് പിച്ച എറിഞ്ഞുകൊടുത്തു. അങ്ങനെ വയസ്സാന് പെൻഷൻ കൊടുത്ത് അതു ഗംഭീരമാണെന്നും അന്തേവാസികളെക്കൊണ്ടൊക്കെ ഡർബാറിൽ ചെന്ന് പുകഴ്ത്തിപ്പറയിക്കുന്ന ഒരു ഏർപ്പാടാണ് ഇവിടെ നടന്നത്. അങ്ങനെ വസ്തുതകൾക്ക് വിരുദ്ധമായി കാര്യങ്ങൾ ധരിപ്പിക്കുന്നതിനു വേണ്ടി ഹരിത വിപ്ലവത്തിന്റെയും മറ്റും ഉടയാടകളണിഞ്ഞ് നമ്മുടെ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച രാജ്യത്തിന്റെ ചിത്രത്തിൽ പശ്ചിമ സമര മുഖം ശാന്തമെന്നൊക്കെയുള്ള പ്രതീക്ഷയോടുകൂടി വളരെ ആത്മവിശ്വാസത്തോടുകൂടി ഇരിക്കുകയാണ്. സർ, നമ്മുടെ രാജ്യത്തിന്റെ ചിത്രം ഇതല്ല. യഥാർത്ഥ ചിത്രം മറച്ചുവയ്ക്കുന്നതിനുവേണ്ടി കേന്ദ്രത്തിനെതിരായിട്ട്—കേന്ദ്രത്തിനെതിരായിട്ടുള്ള സമരത്തിന്റെ കാര്യം ഇരിക്കട്ടെ—നമ്മുടെ പ്രശ്നങ്ങളേപ്പറ്റി പോലും ഗൗരവമായ ഭാഷയിൽ ഇതിനകത്ത് ഒന്നും പറഞ്ഞുകാണുന്നില്ല. ഇതെല്ലാം വേണ്ടപോലൊക്കെ ചെയ്യുമെന്ന് ഞാൻ ആശിക്കുന്നുഎന്നുമാത്രമാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ കഴിഞ്ഞ ധനകാര്യമന്ത്രിയുണ്ടല്ലോ, ശ്രീമാൻ പി.കെ. കുഞ്ഞ്, 1969—70—ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ—അങ്ങയുടെ മുൻഗാമിയല്ലേ അദ്ദേഹം. ഈ ഗവൺമെന്റ് അതിന്റെ തുടർച്ചയുമാണല്ലോ. ആ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെപ്പറ്റി പറഞ്ഞിരുന്നെങ്കിലും ഒന്നു പരിശോധിച്ചുനോക്കാമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുന്നതു തന്നെ കേന്ദ്രത്തിന്റെ സാമ്പത്തിക നയത്തെ സംബന്ധിച്ചും ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ചും ഒക്കെ ഇതെല്ലാം അങ്ങ് ഡൽഹിയിൽ അധികാരത്തിലിരിക്കുന്നവരുടെ ബധിര കർണ്ണങ്ങളിലാണ് പതിച്ചിട്ടുള്ളത്. റോം കത്തിയെരിയുമ്പോൾ നീറോ വീണ വായിക്കുകയാണ്. ദേശീയോൽപ്രഥനത്തിന്റെയും രാഷ്ട്രപുരോഗതിയുടെയും പേരിൽ കാലം അതിക്രമിക്കുന്നതിനു മുമ്പ് യാഥാർത്ഥ്യങ്ങളെ നേരിടുന്നതിന് ഞാൻ ബന്ധപ്പെട്ടവരോടെല്ലാം സർവ്വാത്മനാ അഭ്യർത്ഥിക്കുന്നു.'' ഇതുപോലെ ഒന്നു ശക്തമായ ഭാഷയിൽ കേന്ദ്രത്തിനെതിരായി നാം എന്തെങ്കിലും സംസാരിച്ചുകഴിഞ്ഞാലോ നമ്മുടെ മുറവിളി കേന്ദ്രവിരുദ്ധസമരമായി ദുർവ്യാഖ്യാനം ചെയ്യപ്പെട്ടേയ്ക്കുമെന്നാണ് അദ്ദേഹം ഭയപ്പെടുന്നത്. അങ്ങനെയുള്ള ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുകയില്ല. ശ്രീമാൻ കരുണാകരൻ ഭയപ്പെടേണ്ട. അങ്ങയുടെയും അങ്ങയുടെ പാർട്ടിയുടേയും പിൻതുണ ശരിയായ സ്ഥാനത്താണ് അർപ്പിച്ചിരിക്കുന്നതെന്നുള്ള വിശ്വാസത്തോടുകൂടിത്തന്നെ ഈ ബഡ്ജറ്റിനെപ്പറ്റിയുള്ള കാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. സമയമില്ലാത്തതുകൊണ്ട് ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അച്യുതമേനോന്റെ ഗവൺമെന്റിന് രണ്ടു മുഖമുണ്ട്. ഒരു മുഖം പാവപ്പെട്ട ആളുകളുടെയും കുടികിടപ്പുകാരുടെയും കർഷകത്തൊഴിലാളികളുടെയും നേരെയാണ്,

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ആനുകൂല്യങ്ങളം ചെയ്തുകൊടുക്കുന്നതും അവർക്കുവേണ്ടി കണ്ണീർ പൊഴിക്കുന്നതും ദയാദാക്ഷിണ്യം ചൊരിയുന്നതുമായ മുഖമാണത്. ഇന്നലെ പറയുന്നതുകേട്ടു ലാത്തിച്ചാർജ് നടക്കുന്നതിൽ അദ്ദേഹത്തിനു വിഷമമുണ്ടെന്ന്. വിഷമം കേട്ടാൽ തോന്നും ന്യായമായ ഒരു കാര്യമാണ് ചെയ്യുന്നതെന്ന്. മറേറമുഖമാണെങ്കിൽ കോൺഗ്രസിനും കേരളാ കോൺഗ്രസിനും ഹരിത വിപ്ളവത്തിനും മററും ആനുകൂല്യം ചെയ്തു കൊടുക്കുന്ന മുഖമാണ്. ഈ രണ്ടു മുഖവുമായി എത്രകാലം യാത്ര തുടരാൻ സാധിക്കും? ''ഏഴു രാത്രികളിൽ'' ഉള്ള ഒരു പാഷാണം വർക്കിയുടെ കഥ എനിക്കറിയാം.

മി. ചെയർമാൻ: ഇനി എടുക്കുന്ന സമയം പാർട്ടിയുടെ സമയമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അയാൾ ഒരു ഭാഗത്ത് ഗുരുവായൂരപ്പന്റെ പടവും മറേറ ഭാഗത്ത് പുണ്യാളന്റെ പടവും വച്ചുകൊണ്ട് പോകും. ഹിന്ദുക്കളുടെ വീട്ടിൽ ചെല്ലുമ്പോൾ ഗുരുവായൂരപ്പന്റെ പടം കാണിക്കും. ക്രൈസ്ത്യാനികളുടെ വീട്ടിൽ ചെല്ലുമ്പോൾ പുണ്യാളന്റെ പടം കാണിക്കും. ഇങ്ങനെ യാത്ര ചെയ്യുകയായിരുന്നു. പക്ഷേ മലബാറിൽച്ചെന്നപ്പോൾ ഈ രണ്ടുചിത്രവും ആളുകളാരോ കണ്ടു പിടിച്ചു. എന്നിട്ട് അയാളെ അടിച്ചു ശരിപ്പെടുത്തി. അവസാനമായപ്പോൾ കിഴക്കുകിഴക്കൊരുപളളി പളളിയ്ക്കകത്തൊരു പൊൻകുരിശ് പൊൻകുരിശ് വായിൽ ഇരിക്കുന്ന മുത്തപ്പാ നമ്മുടെ ബിസിനസ് തീർന്നുപോയതുകൊണ്ട് നമ്മെ ഒന്നു രക്ഷിക്കണേ മുത്തപ്പാ എന്നുപറഞ്ഞുകൊണ്ട് പാഷാണം വർക്കി നടന്നതുപോലെ രണ്ടുകൂട്ടരെയും രക്ഷിച്ചുകൊണ്ട് നടക്കുന്ന അച്യുതമേനോന്റെ ഗവൺമെൻറിന് രണ്ടുകൂട്ടരുടെയും അടികൊണ്ട് ഇറങ്ങിപ്പോകേണ്ടിവരുമെന്നുള്ള കാര്യം അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: സർ, ഞാൻ ഈ ബഡ്ജറിനെ സർവ്വാത്മനാ അനുകൂലിക്കുകയാണ്. അനുകൂലിക്കുകയാണെന്നുപറയുമ്പോൾ ഒരു സാധാരണ സംഭവംപോലെ കഴിഞ്ഞകാലത്ത് എന്റെ സ്നേഹിതൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ അന്ന് പി. കെ. കുഞ്ഞ് അവതരിപ്പിച്ച ബഡ്ജറിനെ അനുകൂലിച്ചു എന്നുപറയുന്ന രീതിയിലല്ല ഞാൻ അനുകൂലിക്കുന്നത്. ധനകാര്യമന്ത്രി ഇന്നത്തെ സാമ്പത്തികപരാധീനതകളും പരിമിതികളും തീർച്ചയായിട്ടും കണക്കിലെടുത്തുകൊണ്ട് ഈ സംസ്ഥാനത്ത് എന്തെങ്കിലും തരത്തിൽ ഒരു പരിവർത്തനം, വിപ്ലവകരമായ പരിവർത്തനം സാധിക്കുമോ എന്ന് ഉറ പരിശ്രമം നടത്തിയതിന്റെ ഫലമായി വസ്തുനിഷ്ഠമായ ഒരു ബഡ്ജറാണ് ഈ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സർ, അതുകൊണ്ടുതന്നെയാണ് എനിക്കുമുൻപു സംസാരിച്ച സഖാവു രാമകൃഷ്ണനും ഈ ബഡ്ജറിനെക്കുറിച്ചു വിമർശിക്കാൻ ഒന്നുംതന്നെ ഇല്ലാതിരുന്നത്. സർ, അദ്ദേഹം ഈ ബഡ്ജറിനെ രാഷ്ട്രീയമായ കാഴ്ചപ്പാടിൽകൂടി കാണുന്നില്ലെന്നു പറയാൻ ശ്രമിച്ചെങ്കിലും അദ്ദേഹം പ്രസംഗം തുടങ്ങിയതും അവസാനിപ്പിച്ചതും ഒരു രാഷ്ട്രീയമായ കാഴ്ചപ്പാടിൽക്കൂടിയായിരുന്നു. പക്ഷേ അങ്ങനെ നോക്കിയിട്ടു പോലും ഈ ബഡ്ഡ്ജറിനെ വിമർശിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിൽ ഇത് അവതരിപ്പിച്ച ധനകാര്യമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. അദ്ദേഹത്തിന്റെ എതിരാളികൾക്കുപോലും രാഷ്ട്രീയമായ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നാൽപോലും വസ്തുനിഷ്ഠമായി ബഡ്ജറ് അവതരിപ്പിക്കുകയും ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയുടെ കരടുചിത്രം വരച്ചുകാണിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അല്ലാതെ വ്യാമോഹങ്ങൾക്കോ പ്രലോഭനങ്ങൾക്കോ ആവശ്യമില്ലാത്തകാര്യങ്ങൾക്കോ യാതൊന്നും തന്നെ മുതിർന്നിട്ടില്ലെന്നു കാണുന്നത് ഏററവും സന്തോഷകരമായ വസ്തുതയാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചപ്പോഴും പറഞ്ഞു കേന്ദ്രത്തിനെതിരെ കുരിശുയുദ്ധം നടത്തുന്നതിനുള്ള യാതൊരു ആഹ്വാനവും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്ന്. ഈ ആഹ്വാനം നടത്തിയ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് എന്തു നേടിയെടുക്കാൻ സാധിച്ചു എന്നു ഞാൻ എന്റെ സുഹൃത്തിനോടു ചോദിക്കുകയാണ്. ആഹ്വാനങ്ങൾമാത്രം മതിയോ? ധനകാര്യമന്ത്രി ശേഷൻ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതുപോലെ വസ്തുനിഷ്ഠമായി കേന്ദ്രത്തിനെ വിമർശിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. കേന്ദ്രം കേരളത്തെ എല്ലാകാലത്തും അവഗണിക്കുന്നുണ്ടെന്നുള്ളതാണ് വസ്തുതയാണ്. പക്ഷേ ആ വസ്തുതകളും ഏറ്റവും ശക്തമായ ഭാഷയിൽ പ്രതിപാദിച്ച് ഏതെല്ലാം കാര്യങ്ങളിലാണ് നമ്മോടു വിവേചനം കാണിച്ചിട്ടുള്ളത് എന്നു ചൂണ്ടികാണിച്ചുകൊണ്ടാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സർ, ബഡ്ജറ്റു പ്രസംഗത്തിലെ 3—ാംമത്തെ പേജിലേയ്ക്കു ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ''ഈ പശ്ചാതലത്തിൽ കേരളത്തിന്റെ വിഹിതം താരതമ്യേന നിസ്സാരമായിപ്പോയതിൽ അൽഭുതത്തിനു അവകാശമില്ലല്ലോ. വികസനപ്രക്രിയയുടെ വൈകല്യങ്ങളും മൂലം പിൻതള്ളപ്പെട്ടുപോയ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ പ്രസ്തുത വൈകല്യങ്ങളുടെ തിക്തഫലങ്ങളും ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ള സംസ്ഥാനമെന്ന നിലയ്ക്കു കേരളത്തിന്റെ സഹായത്തിനെത്തുവാൻ കേന്ദ്രഗവൺമെന്റിനു ഭരണഘടനാപരമായും ധാർമ്മികമായും ചുമതല ഉണ്ടെന്നു സംശയലേശമെന്യേ തറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.'' അതിനുമുമ്പുതന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ട് ''വിവിധ പ്രദേശങ്ങളും തമ്മിൽ സമതുലിതമായ സാമ്പത്തികാഭിവൃദ്ധി കൈവരുത്തുക പ്ലാനിംഗിന്റെ പ്രഖ്യാപിതലക്ഷ്യമാണെന്നിരിക്കിലും ഇതുവരെ അനുവർത്തിച്ചു പോന്ന നയങ്ങളും ഈ ലക്ഷ്യപ്രാപ്തിക്കു സഹായകമായിരുന്നിട്ടില്ല. സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതിവിവരക്കണക്കുകളും താരതമ്യപ്പെടുത്തിനോക്കിയാൽ, കേന്ദ്രനിക്ഷേപങ്ങളുടെയോ സ്വകാര്യമൂലധനനിക്ഷേപങ്ങളുടെയോ കാര്യത്തിലായാലുംശരി, സംഘടിതമായ ധനകാര്യവിപണികളിൽകൂടി ഒഴുകുന്നവിഭവങ്ങളും സമാഹരിക്കുന്ന കാര്യത്തിലായാലുംശരി, വമ്പൻമാർ കൊടികുത്തിവാഴുന്ന ചിത്രമാണു കാണാൻസാധ്യമാകുന്നത്.''

സംസ്ഥാനങ്ങളെസംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മൈസൂറും കേരളവും അങ്ങേയറ്റം അവഗണിക്കപ്പെടുകയാണ്. അതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിർദ്ദേശങ്ങളുംവച്ചിട്ടുണ്ട്. ധനകാര്യക്കമ്മീഷനെ നിയമിക്കണമെന്നുള്ള അഭിപ്രായം കേരളത്തിൽ പൊന്തിവന്നിട്ടുള്ളതു ശരിക്കും നടപ്പിലാക്കണമെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്. പക്ഷേ അദ്ദേഹം അതു ഈ ഭാഷയിൽ ഉപയോഗിച്ചതുകൊണ്ടാണോ ശ്രീമാൻ രാമകൃഷ്ണനു അതു മനസ്സിലാക്കാൻസാധിക്കാതെ പോയതു എന്നറിയില്ല. അതു നിരർത്ഥമാണ്. കുറ്റം ആരുടെ പേരിലായാലും ആരെയും പഴിചാരാനുള്ള ബഡ്ജറ്റല്ല അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. നമുക്കും ചില കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു. അതു മനസ്സിലാക്കണമെന്നാഗ്രഹമുള്ളവർക്കു മനസ്സിലാക്കാനുള്ള ഒരു രൂപം അദ്ദേഹം നൽകിയിട്ടുണ്ട്. കേന്ദ്രത്തിന്റെ ചിറ്റമ്മനയത്തിൽ വളരെ ശക്തമായ ഭാഷയിൽ വിരൽ ചൂണ്ടുകയാണ്, അദ്ദേഹം ചെയ്തിട്ടുള്ളതു. കേന്ദ്രത്തിനെതിരെ കേന്ദ്രവിരുദ്ധസമരം കേരളമാത്രം ആരംഭിച്ചതുകൊണ്ടായില്ല. തെക്കൻസംസ്ഥാനങ്ങളെകൂടി ഒത്തൊരുമിപ്പിച്ചുകൊണ്ട് കേന്ദ്രത്തിനെതിരായി ഒരു സമരം ചെയ്യാനുള്ള തയ്യാറെടുപ്പിന്റെ തുടക്കമാണ് ധനകാര്യമന്ത്രി ബഡ്ജറ്റിൽകൂടി പ്രതിപാതിച്ചിരിക്കുന്നത്. അത് അതിന്റെ അർത്ഥത്തിലും ഗൗരവത്തിലും കണക്കിലെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റിൽ ഒരു നല്ല കാര്യവും പറഞ്ഞിട്ടില്ലെന്ന് എന്റെ സ്നേഹിതൻ പറഞ്ഞു. ഇന്നത്തെ സാമ്പത്തികപരാധീനതകളും എല്ലാവർക്കുമറിയാം. വലിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കമ്മിബഡ്ജറാണ് നാം അവതരിപ്പിച്ചിരിക്കുന്നത്. ഇതെല്ലാമാണെങ്കിൽ പ്പോലും എന്തെങ്കിലും ആനുകൂല്യം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയത് അവശ തയനുഭവിക്കുന്ന വിഭാഗത്തിനാണ്. എന്റെ സ്നേഹിതൻ രാമകൃഷ്ണൻ പരിഹാസ്യസ്വരത്തിൽ പറയുന്നതു കേട്ടു ഒരു ഭിക്ഷക്കാരന് അഞ്ചുരൂപ കൂട്ടി ക്കൊടുത്താൽ തൃപ്തിയാകുമോ എന്ന്. എന്താണ് ഇക്കാര്യം കഴിഞ്ഞ ഗവർ മെന്റു ചെയ്യാത്തത്? ഈ നിയമസഭയിൽ എല്ലാ ഭാഗത്തുനിന്നും പൊന്തിവന്നി ട്ടുള്ള ഒരു കാര്യമാണ് 5 രൂപ പെൻഷൻ കൊടുക്കുന്ന സമ്പ്രദായം നിറുത്തി ക്കൊണ്ട് 20 രൂപ അനുവദിച്ചുകൊടുക്കണമെന്നുള്ളത്. ആ നടപടിയെ പുച്ഛി ക്കുന്ന തത്വം എന്താണ്? ഏതു സംസ്ഥാനമാണ് ഇതിനു മുന്നോട്ടു വന്നി ട്ടുള്ളത്? സോഷ്യലിസത്തിന്റെ അടിത്താ കെട്ടിപ്പടുക്കണമെങ്കിൽ ഇത്തരത്തി ലുള്ള സംരംഭങ്ങൾകൊണ്ടുമാത്രമേ സാധിക്കുകയുള്ളു.

ശ്രീ. സി. എസ്. നമ്പൂതിരി: കേന്ദ്രഗവൺമെന്റു പെൻഷൻതുക വർദ്ധിപ്പിച്ചിട്ടുണ്ടല്ലോ.

ശ്രീ. പി. എസ്. നീലകണ്ഠൻ നായർ: അതു രണ്ടാമത്തെ കാര്യമാണ്. അഗതികൾക്കുള്ള പെൻഷൻകാര്യത്തെസംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അതുപോലെതന്നെ ഏറ്റവുംകുറഞ്ഞ പെൻഷൻ 45 രൂപ ആക്കിയതും ആശ്വാസ കരമാണ്. അതും മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ല. ഇരുപതും ഇരുപത്തഞ്ചും മുപ്പതും വർഷം സ്റ്റേറ്റിനുവേണ്ടി ജീവിതംമുഴുവൻ നശിപ്പിച്ച ആളുകൾക്ക് ഇന്നത്തെ സാമ്പത്തിക സ്ഥിതിവിശേഷത്തിൽ ജീവിക്കണമെങ്കിൽ, അവർക്കു ഒരുമാതിരി കഴിഞ്ഞുകൂടണമെങ്കിൽ 45 രൂപായെങ്കിലും വേണമെന്ന സൽബുദ്ധി തോന്നിയതിൽ ധനകാര്യമന്ത്രി അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്നുണ്ട്. ഇതിലും കൂട്ടിക്കൊടുക്കാമായിരുന്നു. പക്ഷേ അതി നുള്ള സാമ്പത്തികപരിതഃസ്ഥിതികൾ നമുക്കില്ല. പാവപ്പെട്ട ആളുകളുടെ കാര്യം കണക്കിലെടുക്കുന്നു എന്നുള്ളതിന് ഉറപ്പാണ് ഇത്. ഇതിനു ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കേണ്ടതുണ്ട്. അഗതികളുടെ പെൻഷന്റെ കാര്യം എഴുതിവച്ചതുകൊണ്ടുമാത്രമായില്ല. അതു യഥാർത്ഥ ത്തിൽ അവർക്കു കിട്ടുന്നതിനുള്ള ഒരു ഏർപ്പാടുണ്ടാക്കേണ്ടതേ ഗവൺമെന്റിന്റെ കടമയാണ്. പെൻഷന് അപേക്ഷിച്ചാൽ പെൻഷൻ അനുവദിക്കാം. പക്ഷേ തുക ലഭിച്ചുഎന്നുള്ള ഉത്തരവു കിട്ടുമ്പോഴേ അയാളും മരിച്ചിരിക്കും. ആ സ്ഥിതിവിശേഷം മാറാൻ തയ്യാറാകുമെങ്കിൽ ഇന്നുദ്ദേശിക്കുന്ന ഗുണ ഫലം എല്ലാവർക്കും കിട്ടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സർ, ഹരിതവിപ്ലവത്തെ വളരെയധികം ആക്ഷേപിച്ചുകൊണ്ട് എന്റെ സ്നേഹിതൻ രാമകൃഷ്ണൻ സംസാരിക്കുന്നതു കേട്ടു. ഏതെങ്കിലും ഒരു വിഭാഗത്തിരിക്കുന്നവർക്കുമാത്രം പറയാവുന്ന കാര്യമായതുകൊണ്ട് മറ്റാർക്കും പറഞ്ഞുകൂടെ എന്നു പറഞ്ഞാൽ വിഷമം തോന്നും. ഇൻഡ്യയിലെ മറ്റേതു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കിയാലും നമ്മുടെ സംസ്ഥാനം കൃഷി യുടെകാര്യത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങളോടുകൂടി മുന്നോട്ടു പൊയ് ക്കൊണ്ടിരിക്കുകയാണ് എന്നുള്ളത് വസ്തുതയാണ്. അതിനാവശ്യമുള്ള ധനസഹായം എത്തിച്ചുകൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, ഈ ഗവൺമെന്റിന്റെ സാമ്പത്തികനില അതിനു സഹായകമായി നിൽക്കുന്നില്ലെങ്കിൽ വെളിയിലുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉപയോഗപ്പെടുത്താൻസാധിക്കും. പക്ഷേ ആ കാര്യത്തിലും ഒരു പരാതി ഗവൺമെന്റിന്റെ മുമ്പാകെ വയ്ക്കാനുണ്ട്. കേന്ദ്രത്തിലെ അത്തരം സ്ഥാപനങ്ങളെ നിന്ദിക്കാൻ കൈയടക്കിവിച്ചിരി ക്കുകയാണ്. അതിന്റെ പേരിൽ ഇന്ന് അവർ ഇൻഡ്യയൊട്ടാകെ അനു വർത്തിച്ചുവരുന്ന നയങ്ങളും പരിപാടികളും പദ്ധതികളും കേരളത്തെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണെന്നുമാത്രമല്ല നാം ഒരു തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചാലും അതു ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻകഴി യാത്ത സ്ഥിതിയാണു വന്നിരിക്കുന്നത്. അത്തരം സ്ഥാപനങ്ങളുടെ നടത്തി പ്പിൽ നമുക്കും അർഹമായ ഒരു സ്ഥാനം കിട്ടാൻവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടിയാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തുന്നത്. അങ്ങനെ പദ്ധതികളും ആവിഷ്ക്കരിക്കുന്നതിലും ആ സ്ഥാപനങ്ങളിൽനിന്നു മറ്റു സംസ്ഥാനങ്ങളിലേക്കു പണം നൽകുമ്പോഴും നമുക്കും കൂടി ഉത്തരവാദിത്വവും ചുമതലയും ഉണ്ടാകുകയും വേണം. അങ്ങനെവരുമ്പോൾ നമുക്കും കൂടുതൽ പണം വാങ്ങിച്ചുകൊണ്ടു കൃഷികാര്യ ങ്ങൾ നടത്താൻസാധിക്കും. നമ്മുടെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറ യുകയാണെങ്കിൽ ആവശ്യത്തിനു പണം ലഭിക്കുകയാണെങ്കിൽ അതു ശരിക്കും പ്രയോജനപ്പെടുത്താൻ സാധിക്കും. അങ്ങനെ കൃഷി അഭിവൃദ്ധിപ്പെടു ത്തുകയാണെങ്കിൽ 45 ശതമാനത്തോളം ഭക്ഷ്യക്ഷാമം നികത്താൻ സാധിച്ചില്ലെ ങ്കിൽത്തന്നെയും തീർച്ചയായിട്ടും വളരെയധികം ക്ഷാമം നികത്താൻ സാധിക്കും. അതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കുകയും വളരെ പ്രയോജനപ്രദമായ രീതിയിൽ അവ നടപ്പിലാക്കുകയും വേണം.

മറ്റൊരുകാര്യം പറയാനുള്ളതു വ്യവസായികരംഗത്തെക്കുറിച്ചാണ്. വ്യാവ സായികമേഖലയിൽ നമ്മുടെ ഗവൺമെന്റു വളരെയധികം മുന്നോട്ടുപോകാൻ ആഗ്രഹിക്കുകയും വളരെയധികം നവോത്ഥാനം ഈ സംസ്ഥാനത്തുണ്ടാകണ മെന്നാഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. 1967—ൽ അന്നത്തെ വ്യവസായമന്ത്രിയായ ടി. വി. തോമസ് ഒരു വ്യവസായപദ്ധതി ഇവിടെ ആവിഷ്ക്കരിച്ചു. എന്തുകൊ ണ്ടന്നറിയുകയില്ല, ഇന്നും ആ പദ്ധതി കടലാസിൽത്തന്നെ അവശേഷിക്കുക യാണ്. ഉടൻതന്നെ ഗവൺമെന്റു ആ പദ്ധതിക്കു രൂപംകൊടുക്കുകയും ആ പദ്ധതി നടപ്പിലാക്കുകയുംവേണം. ഈ പദ്ധതി നടപ്പിലായാൽ ഓരോ ഡിസ്ട്രിക്കിലും ഇൻസ്റ്റിറ്റ്യൂഷൻ സെന്ററുകൾ പ്രത്യേകമായി ഉണ്ടാക്കാനും ജില്ലയുടെ ആസ്ഥാനങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്തോ വ്യാവ സായിക യൂണിറ്റുകളും ഉണ്ടാക്കാനുംകഴിയുമെന്നു നാം പ്രതീക്ഷിച്ചിരുന്നു. പക്ഷേ ഇതുവരെ ഈ പദ്ധതി നടപ്പിലായില്ല. വ്യവസായികരംഗത്ത് തീരെ അവഗണിച്ചുതള്ളപ്പെട്ട ജില്ലയാണ് തിരുവനന്തപുരം ജില്ല. തിരുവനന്ത പുരം ജില്ലയ്ക്കു വ്യവസായികകാര്യത്തിൽ യാതൊരു മുൻഗണനയും ഗവൺമെന്റു കൊടുക്കുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റു ശ്രദ്ധപതി പ്പിക്കേണ്ടതാണ്. ബഡ്ജറ്റു പ്രസംഗത്തിന്റെ ഒരു ഭാഗത്ത് വെളിയിൽ നിന്നും കേരളത്തിലേക്കു വ്യവസായികളെ ആകർഷിക്കാനുള്ള പല പദ്ധതികളു മുണ്ടെന്നു ധനകാര്യമന്ത്രി പറഞ്ഞിട്ടുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തിലും വ്യവസായികരും ധാരാള മുണ്ട്. നമ്മുടെ സംസ്ഥാനത്തെ വ്യവസായികരെക്കൊ പ്രോൽസാഹനം കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റു മുന്നോട്ടുവരണം. രണ്ടുലക്ഷം രൂപ സ്വത്തുള്ള ആളുക്കുമാത്രമേ ഒരു ലക്ഷം രൂപയുടെ വ്യവസായം തുടങ്ങാൻ സാധിക്കുകയുള്ളൂ. വെളിയിൽനിന്നുവരുന്ന വ്യവസായികരെക്കൊ ഗവൺ മെന്റു ഗാരന്റികൊടുക്കുന്നുണ്ട്. വ്യവസായങ്ങൾക്കു സെക്യൂരിറ്റി ഓഫി യൻറ്ലോൺ നൽകുന്ന സിസ്റ്റം മാറണം. എന്നിട്ട് അത് ഉൽപ്പാദന ത്തിന്റെ അടിസ്ഥാനത്തിൽ നൽകണം. അങ്ങനെ നമ്മുടെ രാജ്യത്തുതന്നെ യുള്ള വ്യവസായതൽപ്പരായ ആളുകളെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം.

സർ, ഞാൻ വേറെ ഒന്നുരണ്ടു കാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. ഇവിടെ സുശക്തമായ ഒരു പോലീസ് സേന ഉണ്ടാക്കുന്നതിന് വേണ്ടിയിട്ട് കുറെ പണം നീക്കി വച്ചിട്ടുണ്ട്. നല്ല കാര്യമാണ് സർ. നമ്മുടെ സംസ് ഥാനത്തു സി. ആർ. പി. വരുന്നു എന്നുള്ള വിമർശനമാണല്ലോ ധാരാളമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പോലീസ് നല്ലതാണെന്നുള്ള അഭിപ്രായമാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. നമുക്കു ശക്തിയായ പോലീസ് സേന ഉണ്ടാക്കാൻ കഴിയുമെങ്കിൽ നല്ലതാണ്. ഇതിനകത്ത് അങ്ങനെയൊരു പോലീസു സേന ഉണ്ടായതു കൊണ്ടു മാത്രമായില്ല മറ്റു ചിലതു കൂടി ചെയ്യുവാനുണ്ട്. ഐ. പി. എസ്. എന്നു പറയുന്ന ഒരു കേഡർ പോലീസ് വിഭാഗത്തിലുണ്ട് നമ്മുടെ സംസ്ഥാനത്ത് ഇന്നു സബ് ഇൻസ്പെക്ടറായി നിയമിക്കുന്നത് ഡബ്ലിയു ഗ്രാഡുവേറ്റിനെയും പോസ്റ്റുഗ്രാഡുവേറ്റിനെയും ആണ്. അങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾ 20—ഓ 25— ഓ കൊല്ലം വരെ ഡി. വൈ. എസ്. പി. യായി കഴിയേണ്ടിവരും. പിന്നെ ദിവസം സൂപ്രണ്ട് ഓഫ് പോലീസ് എന്ന ഉദ്യോഗത്തിൽ വെളിയിൽ നിന്നും വരുന്നത് ഇരുപതും ഇരുപത്തിരണ്ടും വയസ്സു പ്രായമുള്ള ചെറുപ്പക്കാരായ ആളുകളാണ്. ഉത്തരപ്രദേശത്തിലും ആസ്സാമിലും ഇതിന്റെ ആവശ്യം വരാം. അവിടെയൊക്കെ വിദ്യാഭ്യാസമുള്ള ആളുകൾ കുറവായിരിക്കാം. കേരളത്തിൽ ഇതിന്റെ ആവശ്യമുണ്ടോ എന്നു ചോദിക്കുകയാണ്. കേരളത്തെസംബന്ധിച്ചിടത്തോളം ഐ. പി. എസ്. ആഫീസർമാരെ തലയ്ക്കുമീതെ നിയമിക്കേണ്ടതില്ലെന്നു പറയുവാൻ കഴിയും സർ. അതുകൊണ്ട് ഏറ്റവും വിഷമകരമായ രീതിയിൽ കേസുകൾ കൈകാര്യം ചെയ്യാനും അന്വേഷണം നടത്തുവാനും വളരെക്കൂടുതൽ ശക്തമായ രീതിയിൽ കഴിവുള്ള ആളുകൾ ഡി. വൈ.എസ്. പി. യായി ഉണ്ട്. ഐ. പി. എസ്. കേഡറിലേക്ക് ഡി. വൈ. എസ്. പി. മാരെ അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ സാമ്പത്തികമായ നമ്മുടെ പണച്ചെലവും കുറയ്ക്കുവാൻ കഴിയും. നോൺ ഐ. പി. എസി. നെ നിയമിച്ചു ചെലവു കുറയ്ക്കാം. നമ്മുടെ അഡ്മിനിസ്ട്രേഷന്റെ കാര്യത്തിലും ഇങ്ങനെയൊരു നയം എടുക്കേണ്ടതായിട്ടുണ്ട്. ശ്രീമാൻ ഇ. എം. എസ്സ്. ഗവൺമെന്റിന്റെ കാലം മുതൽക്കേ ഐ. എ. എസ്. പോസ്റ്റു കുറയ്ക്കുവാനുള്ള വ്യഗ്രത കാണിച്ചിരുന്നതാണ്. നിർഭാഗ്യവശാൽ ഇന്നത്തെ ഗവൺമെന്റു വന്നതിനു ശേഷം ഒരു നോൺ ഐ. എ. എസ്. പോസ്റ്റു കൂടി ഐ. എ.എസ്. കേഡറിലേക്ക് ഉയർത്തിയിട്ടുണ്ട്. ആ പ്രവണത അവസാനിപ്പിക്കണം. കൺട്രോളർ ഓഫ് സ്റ്റോറേഷനറി എന്ന പോസ്റ്റാണ് ഐ. എ. എസ്. കേഡറിലാക്കിയത്. ഈ രീതിയിൽ ഐ. എ. എസ്. ഐ. പി. എസ്. എന്നു പറയുന്ന പ്രിവിലേജ് ക്ലാസ് ഓഫ് പീപ്പിൾസിനെ പ്രോൽസാഹിപ്പിക്കാൻ ഈ ഗവൺമെന്റു നടപടികൾ എടുക്കരുത്. ഇതെല്ലാം പഴയ ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ മാത്രമാണ്. ഇവ അവസാനിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. ഇതൊക്കെ നമ്മുടെ സംസ്ഥാനത്തു കുറയ്ക്കാൻ ഒരു പരിപാടി സ്വീകരിക്കണം.

പുതിയ നികുതികളെക്കുറിച്ച് കൂടി പറയുവാനുണ്ട്. ഒരു ഗവൺമെന്റിനും പുതിയ നികുതികൾ ചുമത്തുന്നതിൽക്കൂടിയല്ലാതെ വരവു വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. ഡയറക്ട് ടാക്സേഷനായാലും കൊള്ളാം ഇൻഡയറക്ട് ടാക്സേഷനായാലും കൊള്ളാം നികുതി കൂടാതെ ധനാഗമം വർദ്ധിപ്പിക്കാൻ പ്രയാസമുള്ള കാര്യമാണ്. ഏതൊരു ടാക്സേഷൻ കൊണ്ടും കുറെയൊക്കെ സോഷ്യലിസം കൈവരുമെന്നു വിശ്വസിക്കുകയാണ്. ഇന്നു വളരെ ന്യായമായ രീതിയിലുള്ള നികുതിയാണു ചുമത്തിയിട്ടുള്ളത്. നമ്മുടെ ബഡ്ജറ് വെളിയിൽ വന്നതിനു ശേഷമാണ് കേന്ദ്രത്തിന്റെ ബഡ്ജറ് വെളിയിൽ വന്നത്. കേന്ദ്രബഡ്ജറിന്റെ ഫലം അനുഭവിക്കുന്നത് സാധാരണക്കാരാണ്. മണ്ണെണ്ണയ്ക്കും പെട്രോളിനും വില കൂട്ടിയാൽ അതു വിൽക്കുന്നവനല്ല, സാധാരണക്കാരനാണ് പ്രയാസമുണ്ടാകുന്നത്. പെട്രോളിനു വിലകൂടിയാൽ ബസ്സ്ചാർജ്ജു വർദ്ധിക്കുമെന്നു വ്യക്തമാണ്. ബസ്സിൽ യാത്ര ചെയ്യുന്നതു സാധാരണക്കാരനാണ്. കഴിവുള്ള ആളുകൾ കാറിൽ സഞ്ചരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടൻ: സ്കൂളുകളിൽ ഫീസ് ഏർപ്പെടുത്തുന്നത് നല്ലതല്ലേ?

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: പുരോഗതിയിൽനിന്നു പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്ത് പരിപൂർണ്ണമായി യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ പോലും ഫീസ് ഏർപ്പെടുത്താതെ നടത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ ഫീസ് ഏർപ്പെടുത്തുന്നതു ശരിയായ നടപടിയായിരുക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

സാധാരണക്കാരനെ ബാധിക്കുന്ന കാര്യമാണു കേന്ദ്രബഡ്ജറിലുള്ളത്. കേന്ദ്രനിയമം വന്നു കഴിഞ്ഞതിനുശേഷം നമ്മുടെ സംസ്ഥാനത്തു സോപ്പിനു ബഹുമുഖനികുതി വച്ചതു ശരിയാണോ എന്ന് എനിക്കു തോന്നുന്നില്ല. ആ കാര്യം പുനരാലോചിക്കേണ്ടതാണ്. അതുപോലെ ഐസിന്റെ നികുതിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ആ കാര്യത്തിലും എനിക്കു പരാതിയുണ്ട്. ആ കാര്യവും ഗവൺമെന്റു പരിശോധിച്ചുനോക്കേണ്ടതാണ്. ഒരു സ്ഥലത്തു പതിനഞ്ചു ശതമാനവും നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസിൽ മൂന്നു ശതമാനവും ആയിരിക്കുകയും ചെയ്താൽ കച്ചവടക്കാർക്കു ബുദ്ധിമുട്ടില്ല. സംസ്ഥാനത്തിന്റെ ബോർഡറിൽചെന്നു കച്ചവടം ചെയ്യാൻ സാധിക്കും. സ്വർണ്ണപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന തൃശ്ശൂരിലേയും തിരുവനന്തപുരത്തേയും ആലപ്പുഴയിലേയും ആശാരിക്കാർക്കു ബുദ്ധിമുട്ടു ഉണ്ടാകും. കഴിഞ്ഞവർഷം തുടങ്ങിയതാണ് ഈ ബുദ്ധിമുട്ട്. 14 കാരറും 18 കാരറും വന്ന കാലത്തു വളരെയധികം സ്വർണ്ണപ്പണിക്കാർക്കു തൊഴിലില്ലാതായിട്ടുണ്ട്. അതു ഗവൺമെന്റു പരിശോധിക്കണം. ഇത്രയും ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും എല്ലാം ഉണ്ടായിരുന്നിട്ടും എല്ലാ സാമ്പത്തിക പരാധീനതകളും കണക്കിലെടുത്തുകൊണ്ടു നല്ല രീതിയിൽ വസ്തുനിഷ്ഠമായി ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ ആരും കുറ്റം പറയാത്ത രീതിയിൽ നടപ്പിലാക്കാവുന്ന കാര്യങ്ങൾമാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രിയെ അനുമോദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്: സർ, കേരളത്തിലുള്ള ജനങ്ങളുടെ പ്രതീക്ഷകളെ പ്രതിബന്ധപ്പെടുത്തുകയാണ് ഈ ബഡ്ജറു വഴി ചെയ്തത് എന്നുള്ളതാണ് എന്റെ അഭിപ്രായം. ഭയാശങ്കകൾ മുറ്റി നിന്നിരുന്ന ഒരു അന്തരീക്ഷത്തിൽ അറപ്പോടെയും വിറയലോടെയും എഴുതിത്തീർത്ത ലക്ഷണങ്ങൾ ഈ ബഡ്ജറിൽ ഉടനീളം കാണുന്നുണ്ട്. വെറും ആയവ്യയ കണക്കുകൾ തയ്യാറാക്കുകയല്ല ഒരു ബഡ്ജറ് തയ്യാറാക്കുന്ന ആളിന്റെ ചുമതല. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉന്നതങ്ങളായ മാർഗ്ഗങ്ങൾ കൊണ്ടുവന്നതിൽ പരാജയപ്പെട്ടു എന്നു മാത്രമല്ല നമ്മുടെ വരവിന്റെ ഉയർന്ന സാമ്പത്തിക സംവിധാനത്തിന്റെ ജീവനുള്ള ചിത്രം വരച്ചു കാണിക്കാൻ ഈ ബഡ്ജറിൽ ധനകാര്യമന്ത്രിക്ക് സാധിച്ചിട്ടില്ല. ശ്രീ. ശേഷൻമാസ്റ്ററുടെ സാഹിത്യസമ്മിശ്രിതമായ ഒരു ഉപന്യാസരചന എന്നുള്ളതിൽക്കവിഞ്ഞ് വളരെയേറെ പുകഴ്ത്തലുകൾക്കൊന്നുമുള്ള കാര്യം ഈ ബഡ്ജറിൽ ഇല്ല. കേരളത്തിന്റെ നീറുന്നപ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ ബഡ്ജറു പരിശോധിച്ചാൽ വളരെയൊന്നും കാണാൻകഴിയുന്നില്ല. കേരളത്തിലെ അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമായ ആളുകളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാതെ ഇന്ന് ഒരു ബഡ്ജറ് അവതരിപ്പിക്കാൻ തയാറായത് എങ്ങനെയെന്നു ഞാൻ ചോദിക്കുകയാണ്? ഇത് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ പ്രശ്നമല്ലെ? ഇവിടത്തെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഒരു അന്തരീക്ഷമല്ലെയുള്ളത്. അവരെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഇന്നും നാളെയും അവരുടെ പ്രശ്നം പരിഹരിക്കുന്നതിനു സാധിക്കുകയില്ലെങ്കിൽപ്പോലും കേരളത്തിന്റെ ഏറ്റവും പ്രധാനമായ പ്രശ്നത്തെ സംബന്ധിച്ച് എന്തു സമീപനമാണു ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത്? തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശം തീർച്ചയായും ഈ ബഡ്ജറ്റിൽ ഉണ്ടാകേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്നു ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നതിൽ കവിഞ്ഞ് എന്തെങ്കിലും ഉണ്ടോ? വിവിധ പദ്ധതികൾ പരാജയപ്പെടുകയാണെങ്കിൽ കേരളത്തിലെ തൊഴിലില്ലാത്ത ജനങ്ങളുടെ സ്ഥിതി എന്തായിത്തീരുമെന്നു ചോദിക്കുകയാണ്. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഈ ബഡ്ജറ്റിൽ ആലോചിക്കേണ്ടതായിരുന്നു. 25 കോടി കമ്മി വരുന്ന ഒരു ബഡ്ജറ്റ് നമ്മുടെ കൊച്ചുകേരളത്തിനു താങ്ങാൻ കഴിയുമോ എന്ന പ്രശ്നം നമ്മുടെ മുമ്പിൽ ഉണ്ട്. അതു നികത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുണ്ടെന്നുള്ള നിലയിൽ 190 ലക്ഷം വരുന്ന നികുതി നിർദ്ദേശങ്ങൾ ഉണ്ട്. സോപ്പിന്റെയും മറ്റു നിത്യോപയോഗസാധനങ്ങളുടെയും നികുതി വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം ഗവൺമെന്റ് പുനഃപരിശോധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നിത്യോപയോഗസാധനങ്ങൾക്ക് അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിന് എന്തെങ്കിലും നിർദ്ദേശം ബഡ്ജറ്റിൽ ഉണ്ടോ? അങ്ങനെയുള്ള നിർദ്ദേശങ്ങൾ കൊണ്ടുവരേണ്ടതായിരുന്നു. വികസനേതരച്ചെലവു വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനക്കാലത്ത് തന്നെ അതിനിശിതമായി വിമർശിക്കപ്പെട്ടതാണ് ഈ കാര്യം. ഇങ്ങനെ വർദ്ധിച്ചുവെന്നു മുറവിളികൂട്ടുന്ന അവസരത്തിൽ വീണ്ടും പഴയകാലത്തെപോലെ വികസനേതരച്ചെലവ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു അശാസ്ത്രീയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു ഞാൻ സംശയിക്കുകയാണ്. വികസനേതരച്ചെലവ് വർദ്ധിപ്പിക്കുകയും വികസനച്ചെലവ് വേണ്ടത്ര വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് വേണമായിരുന്നു ബഡ്ജറ്റ് അവതരിപ്പിക്കേണ്ടിയിരുന്നത്. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലെല്ലാംതന്നെ 1966—67—ൽ ആളോഹരി വികസനച്ചെലവ് 37 ശതമാനമായിരുന്നത് വർദ്ധിപ്പിക്കുവാൻ മറ്റു പല സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം 1966—67—ൽ നിന്നും വികസനച്ചെലവ് 16 ശതമാനം മാത്രം വർദ്ധിപ്പിക്കാനേ ഈ ബഡ്ജറ്റിൽക്കൂടി നമുക്കു കഴിഞ്ഞിട്ടുള്ളൂ. അങ്ങനെയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. നല്ല കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായും അതർഹിക്കുന്ന ഗൗരവത്തിൽ നല്ലതാണെന്നു പറയാൻ ഞാനും തയ്യാറാണ്. അങ്ങനെയുള്ള കാര്യങ്ങളും പലതും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി ചെയ്തിട്ടുള്ളത് അഗതികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും സർവ്വീസ് പെൻഷൻ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളാണ്. പക്ഷേ ശ്രീമാൻ ഒ കൃഷ്ണൻ പറഞ്ഞകാര്യങ്ങളെസംബന്ധിച്ചിടത്തോളം ഒരു പരിധിവരെ ഞാൻ യോജിക്കുകയാണ്. ഒരു ബഡ്ജറ്റ് ആദ്യന്തികമായി വിലയിരുത്തുകയാണെങ്കിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു സംഗതിയാണോ ഇതെന്നു ചോദിക്കുകയാണ്. നല്ല കാര്യമാണ് അതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ അതൊരു വലിയ കാര്യമായി ഞാൻ കാണുന്നില്ല. തീർച്ചയായും അഗതികൾക്ക് പെൻഷൻ വർദ്ധിപ്പിച്ചതു സ്വാഗതാർഹമാണ് അതിൽക്കവിഞ്ഞ് ഇതത്തോളം കാര്യമായി എടുത്തുപറയേണ്ടതുണ്ടോ എന്നു സംശയിക്കുകയാണ്. ഈ തുക കൊള്ളിച്ചതുകൊണ്ടു കാര്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, എറണാകുളത്ത് ഒരു സർവ്വകലാശാല സ്ഥാപിക്കുവാനുള്ള നീക്കങ്ങൾ ഈ ബഡ്ജറ്റിൽ കാണുന്നത് സ്വാഗതാർഹമാണ്. വളരെ മുമ്പേതന്നെ നടക്കേണ്ട കാര്യമാണ്. എറണാകുളത്ത് സർവ്വകലാശാല മറ്റു പല കാര്യങ്ങൾ നടക്കുന്നതിനു മുമ്പ് സ്ഥാപിക്കേണ്ടതായിരുന്നു. മുൻ ഗവൺമെൻറുതന്നെ ചെയ്യേണ്ടതായിരുന്നു എന്നുള്ള അഭിപ്രായം എനിക്കുണ്ട്, അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആശുപത്രികളിൽ മരുന്നിനായി 1.7 കോടി രൂപ വകകൊള്ളിച്ചതായി കാണുന്നുണ്ട്. കഴിഞ്ഞകൊല്ലത്തെക്കാൾ അൽപ്പം കൂടുതലായിട്ടുള്ള സംഖ്യ എന്നുള്ളതിൽക്കവിഞ്ഞ് വേണ്ടത്ര സംഖ്യയായിട്ടില്ലഎന്നുള്ള അഭിപ്രായം എനിക്കുണ്ട്. ഈ കേരളത്തിലെ ആശുപത്രികളിൽ എവിടെച്ചെന്നാലും മരുന്നില്ലെന്ന മുറവിളി എത്രയോകാലമായി കേട്ടുവരുന്നുണ്ട്. ഈ പാവപ്പെട്ട രോഗികളെ ഒന്നുകിടന്നു ചാവുന്നതിന് അനുവദിക്കണം. മരുന്നില്ലാതെ ആശുപത്രിയിൽ കിടന്നിട്ടു കാര്യമില്ല. പല ഡിസ്പെൻസറികളിലും നാട്ടുംപുറത്തുള്ള ആശുപത്രികളിലും വളരെക്കാലമായി നീണ്ടുനിൽക്കുന്ന പരാതി അവിടെ ചെന്നാൽ മരുന്നു കിട്ടുന്നില്ല എന്നുള്ളതാണ്. അതുകൊണ്ട് തീർച്ചയായും അവരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള ഏറ്റവും അത്യന്താപേക്ഷിതമായ നടപടികൾക്കുള്ള ചില സമീപനങ്ങൾ, അവരുടെ ചികിൽസയ്ക്കു മരുന്നുകൊടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മൂപരിഷ്ക്കരണ ഭേദഗതി ആക്ടിന്റെ ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. 1970 ജനുവരി ഒന്നാം തീയതിതന്നെ ഈ ആക്ടിലെ എല്ലാ വകുപ്പുകളും ഒന്നിച്ച് നടപ്പിൽ വരുന്നതാണെന്നുള്ള പ്രഖ്യാപനം തീർച്ചയായും ധീരമായ ഒരു നടപടിയായിത്തീർന്നിട്ടുണ്ട്. അതിന്റെ ആനുകൂല്യങ്ങൾ ഈ നാട്ടിലെ ജനങ്ങൾക്കു കിട്ടുന്നതിന് പരിശ്രമിച്ച ഈ ഗവൺമെൻറ് സ്വീകരിച്ച നടപടി സ്വാഗതാർഹമാണ് സർ. ഇതിന്റെ ഗുണങ്ങൾ എത്രയും വേഗം കിട്ടേണ്ടതു് ആവശ്യമാണ്. ഈ രംഗത്തു പ്രവർത്തിക്കുന്നതിനു വേണ്ടി 145 ലാൻഡ് മൈ്രബ്യൂണലുകൾ പുതുതായി സ്ഥാപിച്ചു. ലാൻഡ് മൈ്രബ്യൂണലുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഈ 145 എണ്ണം സ്ഥാപിച്ചു എന്നുള്ളതല്ലാതെ അവയ്ക്കു വേണ്ടത്ര സ്റ്റാഫിനെ കൊടുത്തിട്ടില്ല. വേണ്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യവും കൊടുത്തിട്ടില്ല. അതു കണക്കിലെടുത്തുകൊണ്ട് കാര്യക്ഷമമായ പ്രവർത്തനം ലാൻഡ് മൈ്രബ്യൂണലുകൾ നടത്തുന്നതിനു വേണ്ട സാഹചര്യം സൃഷ്ടിച്ചു കൊടുക്കുവാനും ഗവൺമെൻറ് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവർണ്ണരുടെ പ്രസംഗസമയത്തുതന്നെ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുള്ളതാണ്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ചില നടപടികൾ ത്വരിതപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. പക്ഷേ തർക്കം വരുന്ന കേസുകളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ പാവപ്പെട്ട കുടികിടപ്പുകാരനു നിയമപരമായ സൗജന്യ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള നടപടി ഈ ഗവൺമെൻറ് ആവിഷ്ക്കരിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

പോലീസിനെ സംബന്ധിച്ചിടത്തോളം, സുശക്തമായ പോലീസ് സേന സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചുകാണുന്നത് സ്വാഗതാർഹമാണ്. നമ്മുടെ രാജ്യത്ത് ഒരുകൂട്ടം ആളുകൾ ജീവനും സ്വത്തിനും അപകടമുണ്ടാക്കുമെന്ന മുറവിളിയുമായി മുന്നോട്ടുവരുന്ന സാഹ

LIBRARY ARCHIVES Kerala Legislative Assembly

ചര്യത്തിൽ പോലീസ് സംരക്ഷണം ഉണ്ടായേ തീരൂ. ഈ രാജ്യത്ത് എല്ലാവർക്കും നീതി ലഭിക്കണമെന്നു വ്യക്തമായ അഭിപ്രായം എനിക്കുണ്ട് സർ. അതിനുവേണ്ടി അഭ്യന്തരമന്ത്രി ഈ രാജ്യത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ന്യായമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള അഭിപ്രായവും എനിക്കുണ്ട്. സർ ഞാൻ ഒരു കാര്യം എടുത്തുപറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ചു മരിച്ചുപോയ വർഗ്ഗീസിന്റെ വക്കാലത്ത് പിടിച്ചുകൊണ്ട് വാദിക്കുന്നതു കേട്ടു. എന്തു ന്യായമാണ് ഇവിടെ പറഞ്ഞത്. 'സ്ഥലം ഞാൻ പോയികണ്ടു, വർഗ്ഗീസ് ഒളിച്ചിരുന്ന പാറ കണ്ടു. നാലുവശത്തും പാറ കണ്ടില്ല.' അഥവാ രണ്ടു വശത്തുമാത്രം പാറയായാൽ ഒളിച്ചിരിക്കുവാൻ പറ്റുകയില്ല, നാലുവശത്തും കോട്ടമതിൽ പോലെ പാറയുണ്ടായിരുന്നാലെ ഒളിച്ചിരിക്കുവാൻ പറ്റുകയുള്ളൂ എന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. വർഗ്ഗീസിനെ പിടിച്ചുകൊണ്ടുപോയിയെന്നു ചില ആളുകൾ പറയുന്നുണ്ട്. ഇതൊക്കെയാണ് വാദമുഖങ്ങൾ ഉന്നയിക്കുന്നതിനുള്ള അടിസ്ഥാനം. സർ, നമ്മുടെ പോലീസിന്റെ പ്രവർത്തനം ന്യായമായി നടക്കേണ്ടതു് ആവശ്യമാണ്. പോലീസിനെ അന്യായമായി നിയന്ത്രിക്കാൻ ഇടവരരുത്. അതേ സമയം പോലീസിനെ കയറൂരിവിടാനും പാടില്ല. പോലീസിനെ സംബന്ധിച്ചിടത്തോളം പലതരം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസ് കൈക്കൂലിവാങ്ങുന്നതായും നിരപരാധികളെ തടങ്കലിൽ വയ്ക്കുന്നതായും ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പോലീസിനെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

10 a.m.

<u>ശ്രീ പി. കെ. ഗോപാലകൃഷ്ണൻ:</u> സർ, ഞാൻ ഈ ബഡ്ജറിനെ സർവാത്മനാ അനുകൂലിക്കുകയാണ്. തികച്ചും യാഥാർത്ഥ്യബോധത്തോടുകൂടി വസ്തുനിഷ്ഠമായ ഒരു ബഡ്ജറാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളെ കബളിപ്പിക്കാൻവേണ്ടി വഞ്ചനാത്മകമായ ഒരു ബഡ്ജറാണവതരിപ്പിച്ചുവെന്ന് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറയുകയുണ്ടായി. നമ്മുടെ ആസൂത്രിതസമ്പദ് വ്യവസ്ഥ പരിശോധിച്ചാൽമാത്രമേ ഈ ബഡ്ജറ് എത്രമാത്രം വസ്തുനിഷ്ഠമായും യാഥാർത്ഥ്യബോധത്തോടുകൂടിയതുമാണെന്നു വ്യക്തമാകുകയുള്ളൂ. നമ്മുടെ ആസൂത്രിതസമ്പദ്വ്യവസ്ഥയുടെ പ്രത്യേകത ഇവിടെ വികസനമുണ്ടായിട്ടില്ലെന്നുള്ളതല്ല; അതിന്റെ ന്യൂനത, ഈ രാജ്യത്തെ പിന്നോക്കപ്രദേശങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും ആവശ്യമായ പരിഗണന ലഭിച്ചിട്ടില്ല എന്നുള്ളതാണ്. ആ ന്യൂനത കഴിഞ്ഞ മൂന്നു പഞ്ചവൽസരപദ്ധതികളിലൂടെ കൂടുതൽകൂടുതലായിവന്നിരിക്കുകയാണ്. അതിന്റെ ഫലമായിട്ട് രാജ്യത്ത് പൊതുവെ അഭിവ്യദ്ധിയുണ്ടായിട്ടുള്ളപ്പോഴത്തന്നെ പിന്നോക്കപ്രദേശങ്ങൾ അവഗണിക്കപ്പെടുകയും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ അവഗണിക്കപ്പെടുകയും അവർ അവശരും ആർത്തരുമായി സമൂഹത്തിന്റെ അടിത്തട്ടിൽക്കിടന്നു നരകിക്കുകയും ചെയ്യുന്ന വിരോധാത്മകമായ അവസ്ഥയാണ് നമ്മുടെ മുൻപിലുള്ളത്. ഈ യാഥാർത്ഥ്യത്തെ ഈ ബഡ്ജറ് തികച്ചും കണക്കിലെടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് മൂന്നു പഞ്ചവൽസരപദ്ധതികൾ പരാജയമായിരുന്നുവെന്ന് അതിന്റെ വിധാതാക്കൾപോലും സമ്മതിച്ചിട്ടുണ്ട്. അതിനുശേഷം രണ്ടുവർഷക്കാലം ഒരു പ്ലാൻ ഹോളീഡേ, എന്ന നിലയിൽ കഴിയുകയും ചെയ്തു. ഈ വസ്തുത ഇൻഡ്യയൊട്ടാകെ മാത്രമല്ല കേരളത്തിനും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യം പോലെ കാർഷികപ്രാധാന്യമുള്ള സ്റ്റേറ്റിൽ ഇവിടെത്തെ പ്രധാനമായ വികസനത്തിന് ആശ്രയമായിരിക്കുന്നത് കാർഷികോൽപ്പാദനവർദ്ധനവാണ്. കാർഷികോൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അരിയുടെ ഉൽപ്പാദനത്തിന്റെ കാര്യത്തിലാണെങ്കിൽ 12.51 ലക്ഷം ടൺ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. രാമകൃഷ്ണനെ ഓർമ്മിപ്പിക്കുകയാണ്. ഇതു 11.3 ശതമാനം കൂടുതലാണെന്നുള്ളതു പ്രോൽസാഹജനകമായ സ്ഥിതിവിശേഷമാണ്. ഇതുമാത്രമല്ല, മൽസ്യോൽപ്പാദനത്തെസംബന്ധിച്ചും പ്രാധാന്യമുള്ള ഒരു സ്റ്റേറ്റാണിത്. മൽസ്യോൽപ്പന്നങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ നടപ്പുവർഷത്തിൽ ഒരു ലക്ഷത്തിൽപ്പരം ടൺ വർദ്ധനവുണ്ടായിട്ടുണ്ട്. സമുദ്രത്തിൽനിന്നുള്ള മൽസ്യോൽപ്പാദനം 2.44 ലക്ഷം ടണ്ണിൽനിന്ന് 3.56 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല സമുദ്രോൽപ്പന്നങ്ങളുടെ വിദേശവ്യാപാരത്തിന്റെ കാര്യത്തിലുള്ള വർദ്ധനവിനെപ്പറ്റിയും ധനകാര്യമന്ത്രി എടുത്തുപറഞ്ഞിട്ടുണ്ട്. കശുവണ്ടി, മൽസ്യം ഇവയെല്ലാം കയറ്റുമതിചെയ്താണ് നാം പ്രധാനമായും വിദേശനാണ്യം സമ്പാദിക്കുന്നത്. ഈ രണ്ടിനങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം 56,000 ടൺ മൽസ്യമാണ് കയറ്റി അയച്ചത്. അത് ഈ വർഷം 61,000 ടണ്ണായി വർദ്ധിച്ചു. കശുവണ്ടിയുടെ കയറ്റുമതിയിലും വർദ്ധനവുണ്ടായിട്ടുണ്ട്. മൽസ്യത്തിന്റെ വിദേശവിൽപ്പനയിൽനിന്നുള്ള വരുമാനം 16 കോടി രൂപയിൽനിന്ന് 23 കോടി രൂപയായി വർദ്ധിച്ചു. വിദേശവ്യാപാരത്തിൽനിന്നുള്ള വരുമാനത്തിന്റെ വർദ്ധനവ് ഏഴുകോടി രൂപയാണ്. ഇതു കാണിക്കുന്നത് സാമ്പത്തികരംഗം പൊതുവേ സുന്ദരമാണ്, അഥവാ സാമ്പത്തികരംഗത്തു സ്വാഗതാർഹമായ രീതിയിലുള്ള ചലനങ്ങളും ഉണ്ടായിട്ടുണ്ട്, എന്നാണ്; വികസനപ്രക്രിയ ഒരു വഴിത്തിരിവിലെത്തിനിൽക്കുന്ന ചിത്രം വിവരിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. ഈ വസ്തുത ബഹുമാനപ്പെട്ട രാമകൃഷ്ണനും നിഷേധിക്കുകയില്ല. ഈ വഴിത്തിരവിൽ ഈ ഘട്ടത്തിൽ പിന്നോക്കംനിൽക്കുന്ന പ്രദേശങ്ങളുടെ വികസനപ്രവർത്തനത്തിന്റെകാര്യത്തിൽ ഇൻഡ്യാഗവൺമെന്റ് ആവശ്യമായ പരിഗണനയും കാലം നൽകിയിട്ടില്ല എന്നുള്ളതാണ് ഈ രംഗത്തുള്ള ഏറ്റവും വലിയ കുറവ്.

കേരളത്തിലെ സാമ്പത്തികരംഗത്തുള്ള സൗന്ദര്യത്തോടൊപ്പം വൈരൂപ്യവും ഉണ്ടെന്നും അതു വളരെ നൈരാശ്യജനകമായ ഒന്നാണെന്നും ഉള്ള വസ്തുത ധനകാര്യമന്ത്രി മറച്ചുവയ്ക്കുന്നില്ല. 1969–70–ൽ 5 കോടി 72 ലക്ഷത്തിൽ ചില്വാനം രൂപയുടെ ഓപ്പണിംഗ് ക്യാഷ് ബാലൻസോടുകൂടി ആരംഭിച്ചത് അവസാനിക്കാൻ പോകുന്നത്–15,73,00,000 രൂപായോടുകൂടിയാണ്. ഇങ്ങനെ–15.73 കോടി രൂപയുടെ ഓപ്പണിംഗ് ക്യാഷ്ബാലൻസോടുകൂടി ആരംഭിക്കാൻപോകുന്ന ബഡ്ജറ്റുവർഷം അവസാനിപ്പിക്കുന്നത് 39.59 കോടി രൂപയുടെ കമ്മിയോടുകൂടിയാണ്. മിക്കവാറും 40 കോടിരൂപയുടെ കമ്മിയോടുകൂടിയാണ് ബഡ്ജറ്റുവർഷം അവസാനിക്കാൻപോകുന്നത് എന്നുള്ളതു മറച്ചുവച്ചിട്ടില്ല. പക്ഷേ ഇത് ഏതിൽനിന്ന് ഉളവായി? കേന്ദ്രഗവൺമെന്റ് സ്റ്റേറ്റ്ഗവൺമെന്റിനോടു കാണിച്ചിട്ടുള്ള അവഗണനാനയത്തിന്റെ ഫലമായിട്ടാണ് ഇതുണ്ടായത്. നമ്മുടെ സ്റ്റേറ്റിനോടു പ്രത്യേകമായി കാണിച്ചിട്ടുള്ള അവഗണനാനയത്തിന്റെ ഫലമാണെന്നു മാത്രമല്ല ധനകാര്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി, ധനകാര്യപരമായ വിഷയങ്ങളിലെല്ലാം ഒരു കുത്തകാധികാരം, എന്നുതന്നെ പറയട്ടെ, പുലർത്തിപ്പോരുന്നത് കേന്ദ്രഗവൺമെന്റാണ്; അങ്ങനെയുള്ള കേന്ദ്രഗവൺമെന്റ് പിന്നോക്കപ്രദേശങ്ങൾക്കു വേണ്ട പരിഗണന നൽകുന്നില്ലെന്നുള്ള ആവലാതി എല്ലാ സ്റ്റേറ്റുകളിൽനിന്നും ഉയർന്നുവന്നിട്ടുള്ളതാണ്. എല്ലാ സ്റ്റേറ്റു

LIBRARY ARCHIVES Kerala Legislative Assembly

കളിൽനിന്നും ഉയർന്നുവന്നിട്ടുള്ള ഒരു ശബ്ദമാണ് പ്ലാൻ വിഹിതങ്ങൾ സ്റ്റേറ്റുകൾക്ക് ന്യായമായി ലഭിക്കുന്നില്ല എന്നുള്ളത്. അതിനുള്ള പോംവഴിയെന്നുള്ള നിലയിലാണ് ധനകാര്യകമ്മീഷനെ അയച്ചു കൊല്ലംകൂടുമ്പോൾ നിയമിക്കുന്നത്. 5-ാം ധനകാര്യകമ്മീഷൻ മോശമായ രീതിയിലാണ് പിന്നോക്കംനിൽക്കുന്ന സ്റ്റേറ്റുകളോട് പെരുമാറിയത് എന്നുള്ള വസ്തുത രൂക്ഷമായ രീതിയിൽ ഇവിടെ അവതരിപ്പിക്കാൻ ധനകാര്യമന്ത്രി മടിച്ചിട്ടില്ല.

യൂണിയൻ എക്സൈസ് ഡ്യൂട്ടിയിൽ സ്പെഷ്യൽ ഡ്യൂട്ടി ഒഴികെ 20 ശതമാനം മാത്രമാണ് സ്റ്റേറ്റുകൾക്കു കൊടുക്കുന്നത്. അത് തീരെ അപര്യാപ്തമാണ്. ഭരണഘടന ആർട്ടിക്കിൾ 275 അനുസരിച്ച് സ്റ്റേറ്റുകൾക്ക് ചില ഗ്രാൻറുകൾ കൊടുക്കുന്നുണ്ട്. ഈ ഗ്രാൻറിനത്തിൽ 1968-69 വർഷത്തിൽ 38.46 കോടി രൂപ കിട്ടിയിരുന്ന സ്ഥാനത്ത് 1970-71ൽ 23.85 കോടി രൂപയാണ് ഈയിനത്തിൽ നമുക്കു ലഭിക്കാൻപോകുന്നത്. ഗ്രാൻറിനത്തിൽ കേന്ദ്രത്തിൽനിന്ന് രണ്ടുവർഷം മുൻപു ലഭിച്ചതിനെക്കാൾ 15 കോടി രൂപ കുറവാണ് ഇപ്പോൾ ലഭിക്കാൻപോകുന്നത് . ഇത് അഞ്ചാം ധനകാര്യ കമ്മീഷൻ കേരളം പോലുള്ള ഒരു പിന്നോക്ക സ്റ്റേറ്റിനോടു കാണിച്ചിട്ടുള്ള അവഗണനയുടെ മകുടോദാഹരണമാണ്.

Shri **Alexander Parambithara** in the Chair:

ഈ സ്ഥിതിവിശേഷം മാറിയല്ലാതെ നമ്മുടെ സ്റ്റേറ്റിന്റെ ധനാഗമ ശേഷി വർദ്ധിക്കുകയില്ല, നമ്മുടെ സ്റ്റേറ്റിന്റെ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ പ്രയോജനകരമായ നടപടികളും, പദ്ധതികളും ആസൂത്രണം ചെയ്യാൻ സ്റ്റേറ്റ് ഗവൺമെൻറിന് സാധിക്കുകയില്ല സർ,. നമ്മുടേതുപോലെ തൊഴിലില്ലായ്മ നൃത്തം ചെയ്യുന്ന സ്റ്റേറ്റു ഗവൺമെൻറുകളുടെ ബഡ്ജറിൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാകുമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അത് കേവലം ഒരു മിഥ്യാബോധം മാത്രമാണ്. ഇൻഡ്യാ ഗവൺമെൻറിന്റെ ദേശീയസാമ്പത്തിക സംവിധാനത്തിൽ ഉണ്ടാകുന്ന പരിപാടികളുടെ അടിസ്ഥാനത്തിൽ കൂടിയല്ലാതെ കേരളത്തെപോലെയുള്ള സ്റ്റേറ്റുകളിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ സാദ്ധ്യമല്ല. തൊഴിലില്ലാത്തവരുടെ ചിത്രം നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, അഭ്യസ്തവിദ്യരായ എസ്. എസ്. എൽ. സി. മുതൽ ഉപരി വിദ്യാഭ്യാസം നേടിയവരുടെ എണ്ണം ഒരു ലക്ഷത്തിൽനിന്നും ഒന്നേകാൽ ലക്ഷമായി വർദ്ധിച്ചിരിക്കുകയാണെന്ന് കാണാം. ആ വസ്തുത ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറിൽ മറച്ചു വച്ചിട്ടില്ല. അതേ സമയം അത് പരിഹരിക്കാൻ സാധിക്കുമെന്നുള്ള വ്യാമോഹം ജനങ്ങളുടെ മുമ്പിൽ വയ്ക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുമില്ല. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ നമ്മുടെ ദേശീയ സാമ്പത്തിക നയത്തിൽ മൗലികമായ പരിവർത്തനങ്ങൾ വരേണ്ടതാവശ്യമാണ്. ഇൻഡ്യാഗവൺമെൻറിന്റെ പരിപാടിയിൽ മാറ്റം വന്നുവെങ്കിൽ മാത്രമേ സ്റ്റേറ്റു ഗവൺമെൻറുകളുടെ സാമ്പത്തികസംവിധാന ക്രമത്തിൽ മാറ്റം വരികയുള്ളൂ. എങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മക്ക് പോംവഴിയുണ്ടാക്കാൻ കഴിയുകയുള്ളൂ. സ്റ്റേറ്റിന്റെ കഴിവിന്റെ പരാധീനതകൾക്കകത്തു നിന്നുകൊണ്ട് പരിഹാരം നേടാൻ കഴിയുന്നതിനെല്ലാം ഈ ബഡ്ജറിൽ സർവ്വാത്മനാ ശ്രമിച്ചിട്ടുണ്ട്. വിശേഷിച്ചും അവശ വിഭാഗങ്ങളുടെ സമുദ്ധാരണത്തിനു വേണ്ടി എന്തെങ്കിലും ആശ്വാസം നൽകുന്ന കാര്യത്തിൽ ഈ ബഡ്ജറിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. 1967-ൽ രൂപം കൊണ്ട ഐക്യമുന്നണി ഗവൺമെൻറ് ഈ നാട്ടിലെ ആർത്തരും , മർദ്ദിതരും, പീഡിതരുമായ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

മുന്നിൽവച്ചുകൊണ്ടാണ് അധികാരത്തിൽ കയറിയത്. എന്നാൽ ആ ഗവൺമെൻറു അധികാരത്തിൽ കയറിയതിനുശേഷം ആ പരിപാടികളൊന്നുംതന്നെ നടപ്പിലാക്കാതെ, കേവലം കോൺഗ്രസ് വിരുദ്ധ മുദ്രാവാക്യങ്ങളുമായി, കേന്ദ്രവിരുദ്ധസമരത്തിന്റെ മുദ്രാവാക്യവുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. ആ സ്ഥാനത്ത് ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെൻറ് അന്നത്തെ പരിപാടികളനുസരിച്ച് ആശ്വാസകരമായ നടപടികൾ ആസൂത്രണം ചെയ്യാൻ തുടങ്ങുന്നുവെന്നുള്ളതിന്റെ സൂചനയാണ് ഈ ബഡ്ജറ്റിൽ കാണുന്നത്. ഇതിനുമുമ്പു ഇവിടെ അവതരിപ്പിച്ചിട്ടുള്ള പല ബഡ്ജറുകളിലും സാമ്പത്തികശേഷിയുള്ള കുടുതൽ അഭിവൃദ്ധി പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. കഴിഞ്ഞ ഐക്യമുന്നണി ഗവൺമെൻറും വെള്ളക്കോളറുകാർക്ക് ആശ്വാസം നൽകുന്ന പദ്ധതികളാണ് ഉൾക്കൊള്ളിച്ചിരുന്നതെന്ന് കാണാവുന്നതാണ്. ഈ രാജ്യത്തെ പാടങ്ങളിലും ഫാക്ടറികളിലും പണിയെടുക്കുന്നതും, താമസിക്കുന്നതിന് ഒരു തുണ്ടു ഭൂമി പോലുമില്ലാതെയും കഷ്ടപ്പെടുന്ന ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു പരിപാടിയും കഴിഞ്ഞ 31 മാസക്കാലത്തിനിടയ്ക്ക് ഉണ്ടായിട്ടില്ല. ഈ ഗവൺമെൻറു ആവുകകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ടെന്നുള്ളത് വളരെ സ്വാഗതാർഹമാണ്. ഈ ബഡ്ജറിൽ ഹരിജനങ്ങൾക്ക് 25 ശതമാനം ഭൂമി പതിച്ചു കൊടുക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങിനെ പതിച്ചുകൊടുത്തിട്ടുമുണ്ട്. ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചുകൊടുക്കുമ്പോൾ 25 ശതമാനം ഭൂമി ഹരിജനങ്ങൾക്ക് ആദ്യം പതിച്ചുകൊടുത്തതിനുശേഷമാണ് ബാക്കിയുള്ളവർക്ക് കൊടുത്തിട്ടുള്ളതെന്ന് അനുഭവംതന്നെ ഉണ്ടായിട്ടുണ്ട്. തൃശ്ശൂരിലെ വടക്കാഞ്ചേരി റേഞ്ചിൽപ്പെട്ട ഭൂമി പതിച്ചുകൊടുക്കുമ്പോൾ 25 ശതമാനം ഭൂമി ആദ്യം ഹരിജനങ്ങൾക്ക് പതിച്ചുകൊടുക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങിനെ പതിച്ചുകൊടുക്കുമ്പോൾ രാഷ്ട്രീയ പ്രകോപനങ്ങളോ, സ്വജനപക്ഷപാതമോ നോക്കാറില്ല, കാരണം നറുക്കിട്ടു കൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനു ഈ ഗവൺമെൻറിന്റെ ഉൽസാഹത്തെ കാണിക്കുന്നതാണ് ഈ ബഡ്ജറിൽ അതിനുവേണ്ടി 36 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭൂമിയില്ലാത്ത കുടികിടപ്പുകാർക്ക് പഞ്ചായത്തു പ്രദേശങ്ങളിൽ പത്ത് സെൻറു ഭൂമിവീതം പതിച്ചു കൊടുക്കുന്നതിനു ള്ള നടപടികളും വിവിധ പഞ്ചായത്തു പ്രദേശങ്ങളിൽ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് ഈ ബഡ്ജറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഗവൺമെൻറു തലത്തിലുള്ള മെഷീനറി കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാമെന്നുള്ള മിഥ്യാബോധം ഗവൺമെൻറിനില്ലെന്നുള്ള കാര്യം കൂടി ഞാൻ വ്യക്തമാക്കികൊള്ളട്ടെ. ഈ രാജ്യത്തെ പൊതുജനങ്ങളുടെയും, എല്ലാ രാഷ്ട്രീയപാർട്ടികളുടെയും 'അങ്ങോളമിങ്ങോളമുള്ള സാമൂഹ്യ സംഘടനകളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഇക്കാര്യത്തിൽ വളരെ ആവശ്യമാണ്, എന്നു ഗവൺമെൻറു അഭ്യർത്ഥിക്കുകയാണ്. സുപ്രധാനമായ ഒരു കാര്യമാണ് ഇത്. അലമാലകളോടു മല്ലിട്ടുകൊണ്ട് ആഴിരത്നങ്ങളിലേക്ക് ഇറങ്ങി പോയി മീൻപിടിക്കുന്ന മൽസ്യത്തൊഴിലാളികളും അവരുടെ ജീവൻ അപകടപ്പെടുത്തുന്ന ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. കുടുംബനാഥൻ മീൻപിടിക്കാൻ പോയാൽ വീട്ടിലുള്ള മറ്റുള്ളവർ കണ്ണും നട്ടുകൊണ്ട് ഇരിക്കുന്ന കാഴ്ചപ്പാടാണ് നാം കണ്ടിട്ടുള്ളതാണ്. കാലവർഷം തുടങ്ങികഴിഞ്ഞാൽ ഈ വിഭാഗത്തിലുള്ള തൊഴിലാളികളിൽ പതിനഞ്ചും ഇരുപതും ആളുകൾ ആണ്ടുതോറും മരണപ്പെടുന്നത് സ്വാഭാവികമാണ്. എന്നാൽ ഒരു ഗവൺമെൻറും ഇന്നുവരെ കാര്യമായ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സഹായവും നൽകിയിട്ടില്ല. അവർക്ക് ഈ ബഡ്ജറ്റിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് മെച്ചപ്പെട്ടതായ ഒരു കാര്യംതന്നെയാണ്. അതുപോലെതന്നെ പുറമ്പോക്കുഭൂമികളിൽ ഭൂമിയില്ലാത്തവരെ പുനഃരധിവസിപ്പിക്കുന്നതിനുവേണ്ടി പത്തു ലക്ഷത്തോളം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ ഒരു കോടിയോളം രൂപ കർഷകത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട് അതുപോലെതന്നെ പൊതുവേയുള്ള വികസനത്തിനുവേണ്ടി ആവശ്യമായ തുകകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏലാ വികസനത്തിനുള്ള പദ്ധതിയും, അതുപോലെതന്നെ കാർഷികയൂണിവേഴ്സിറ്റി ആദ്യമായി നമ്മുടെ സ്റ്റേറ്റിൽ സ്ഥാപിക്കാനുള്ള പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. എറണാകുളത്തു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ പോകുന്നതിനെപ്പറ്റി ഇവിടെ മുമ്പും പറയുകയുണ്ടായി സ്റ്റേറ്റു ട്രാൻസ്പോർട്ടു ബസ്സുകൾ കൂടുതൽ വാങ്ങിക്കുന്നതിന് 240 കോടി രൂപ കൂടുതലായി ചെലവാക്കാൻ പോകുന്നതായി പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം സഫലമായി വിജയിക്കണമെന്നുണ്ടെങ്കിൽ സ്റ്റേറ്റിന് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിഹിതം ലഭിക്കണം. അതിനുവേണ്ടി അർത്ഥ-ജൂഡീഷ്യൽ സ്ഥിരം കമ്മിഷനെ നിയമിച്ച് അതിൽ ഈ രാജ്യത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും അണിനിരക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ രാജ്യത്തിലെ സാമ്പത്തികപുരോഗതി പൂർണ്ണമാക്കിതീർക്കാൻ സാധിക്കും. സമചിത്തതയോടുകൂടി ഇങ്ങിനെയൊരു ബഡ്ജറ്റു ഇവിടെ അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. രാമുണ്ണി: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. ശേഷൻ അവതരിപ്പിച്ച കോർപ്പറേഷൻ ബഡ്ജറ്റിനെപ്പറ്റി സംസാരിക്കുന്നതിനുമുമ്പു അദ്ദേഹത്തിന്റെ നിലനിൽപിന്റെ ചില കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഈ ബഡ്ജറ്റു അദ്ദേഹത്തിന് അവതരിപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ അദ്ദേഹത്തിന്റെ പാർട്ടി അദ്ദേഹത്തോടു രാജി വയ്ക്കണമെന്നാവശ്യപ്പെടുകയുണ്ടായി.

മി: ചെയർമാൻ: ബഡ്ജറ്റിനെക്കുറിച്ചുള്ള വിമർശനമല്ലേ നടത്തുന്നത്?

ശ്രീ. എം. രാമുണ്ണി: അതിന്റെ തുടക്കംതന്നെയാണ്. ഒരു മന്ത്രി രാജിവയ്ക്കണമെന്ന് പറയാൻ ഒരു പാർട്ടിക്ക് അവകാശമുണ്ടെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. ഒരു മന്ത്രി രാജിവയ്ക്കാൻ വല്ല കാരണവും ഉണ്ടെങ്കിൽ ആ കാരണം പൊതുജനങ്ങളോടു പറയേണ്ടുത്തരവാദിത്വം ആ പാർട്ടിക്കുണ്ടെന്നേ ഞങ്ങൾ ബലമായി വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ശേഷൻ ഈ ബഡ്ജറ്റിന്റെ വിമർശനത്തിന് മറുപടി പറയാൻ ഇവിടെയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും മറുപടി പറയാൻ അദ്ദേഹം മന്ത്രിയായിട്ടു ഇവിടെ ഉണ്ടാകുമോയെന്നുള്ള കാര്യവും സംശയമാണ്. കാരണം ഇന്നുതന്നെ അദ്ദേഹത്തിന്റെ പാർട്ടി നേതാവ് വെല്ലുവിളി നടത്തിയിരിക്കുകയാണ്. രാജിവച്ച് തെരഞ്ഞെടുപ്പിനെ നേരിടണമെന്ന്. കുറെ കോർപ്പറേഷനുകൾക്ക് ടോക്കൺ ഗ്രാന്റ് നൽകി ഒരു ബഡ്ജറ്റു അവതരിപ്പിക്കാൻ അദ്ദേഹത്തിന് ഭാഗ്യമേ നിർഭാഗ്യമോ ഉണ്ടായതിൽ എനിക്ക് അദ്ദേഹത്തെ അനുമോദിക്കുവാൻ ഒരൊറ്റകാരണമാണുള്ളത്. അതെന്താണെന്ന് ഞാൻ പിന്നീട് പറയാം. കേന്ദ്രഗവൺമെന്റിന്റെ ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയുമായ ശ്രീമതി ഗാന്ധി അവതരിപ്പിച്ച ബഡ്ജറ്റിലെ നികുതി ഇനങ്ങളും കേരളത്തിലെ ജനങ്ങളുടെ കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരുത്തം 170 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണ് കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളത്. നാൽപത് കോടിയോളം രൂപ റെയിൽവേ ബഡ്ജറിലും ഉണ്ട്. പൊതുവേ കണക്കാക്കിയാൽ ഈ നികുതി നിർദ്ദേശങ്ങളും ഇൻഡ്യയിലെ സാധാരണജനങ്ങളുടെ ജീവിത ചിലവ് പതിനഞ്ചു ശതമാനത്തോളം ഉയർത്തുമെന്ന് ഞങ്ങളും, സംയുക്തസോഷ്യലിസ്റ്റു പാർട്ടി വിശ്വസിക്കുന്നു. ഇതുകൂടികഴിഞ്ഞാൽ ശ്രീ. ശേഷൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറിൽ ഉള്ള നികുതി വർദ്ധനവു കൂടി നോക്കുകയാണെങ്കിൽ അഞ്ചു ശതമാനം ജീവിതച്ചെലവ് വർദ്ധിക്കുന്നതായി കാണാം. അങ്ങിനെ ആകെ മൊത്തം 20 ശതമാനം കൂടുതൽ ജീവിതച്ചെലവ് കേന്ദ്രസംസ്ഥാനഗവൺമെൻറുകളുടെ ബഡ്ജറിന്റെ ഫലമായി സാധാരണ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുകയാണ്. ഇതിൽ ചിലതെങ്കിലും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വേണ്ടെന്നുവയ്ക്കണം. അത് എന്തൊക്കെയാണെന്നു പിന്നീട് പറയാം.

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറു പ്രസംഗത്തിന്റെ .അവസാനഭാഗത്തുനിന്നും തുടങ്ങാനാണ് ഞാൻ വിചാരിക്കുന്നത്. അദ്ദേഹം ഹരിജനങ്ങളേയും പിന്നോക്കസമുദായങ്ങളെപ്പറ്റിയും ഒരു അധരസേവ നടത്തി വിട്ടുകളഞ്ഞത് ഒരു സോഷ്യലിസ്റ്റുകാരനായ അദ്ദേഹത്തിന് യോജിച്ചതല്ലെന്ന് വളരെ വിനീതമായി പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ബഡ്ജറിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപരിപാടികളും പ്രമുഖസ്ഥാനം വഹിക്കുന്നുവെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും അവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ ആനുകൂല്യം കൊടുക്കുന്നതിൽ അൻപത് ശതമാനമെങ്കിലും വർദ്ധനവുണ്ടാകുമെന്ന് ഞങ്ങളും പ്രതീക്ഷിച്ചിരുന്നു. ദൗർഭാഗ്യവശാൽ അതിനെപ്പറ്റി വെറും അധരസേവ നടത്തിയിട്ട് വിട്ടുകളഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഈ വൈകിയ വേളയിലെങ്കിലും അക്കാര്യം പുനഃപരിശോധിക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ കാണുന്ന ഒരു കാര്യം കോർപ്പറേറ്റഡു സെക്ടറിൽ കമ്പിനികളുടെ മേൽ ചുമത്തിയ നികുതിയാണ്. സോഷ്യലിസ്റ്റുകാരനായ ഒരാൾ ഒരു ബഡ്ജറു അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും കുത്തകമുതലാളിത്വത്തെ ഇല്ലാതാക്കാൻ അങ്ങേയറ്റം ശ്രമിക്കേണ്ടത് ഒരു കടമയാണെന്നാണ് ഞങ്ങളും വിശ്വസിക്കുന്നത്. കേന്ദ്ര ധനകാര്യമന്ത്രി കാർപ്പറേറ്റ് സെക്ടറെ പരിപൂർണ്ണമായി വിട്ടുകളഞ്ഞപ്പോൾ സോഷ്യലിസത്തിന്റെ പ്രവാചകൻമാരായി മാറിയവർ കുത്തക കമ്പിനികളുടെ നികുതിയിൽ പരിപൂർണ്ണമായും മാറ്റം വരുത്താൻ ശ്രമിച്ചപ്പോൾ കേരളത്തിലെ ധനകാര്യമന്ത്രി ആ ഭാഗം ഒന്ന് തൊടാൻ ശ്രമിച്ചതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു ഇത് ഏറെക്കുറെ നന്നായി എന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. കേന്ദ്ര ബഡ്ജറു വന്നപ്പോൾ ബഫർസ്റ്റോക്ക് ബോംബേയിലെ സ്റ്റോക്കു മാർക്കറ്റുവില വളരെയധികം കൂടി. കാരണം കുത്തകമുതലാളിത്വ സെക്ടറെ പരിപൂർണ്ണമായി ഒഴിവാക്കിയതുകൊണ്ടാണ്. കമ്പിനികളുടെ മേൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന നികുതി വർദ്ധനവ് വളരെ വലുതല്ലെങ്കിലും കമ്പിനികളെ പിടിക്കാനുള്ള തുടക്കമെന്നുള്ള നിലയിൽ അത് പുരോഗമനത്തിന്റെ സ്റ്റെപ്പായി ഞങ്ങളും കരുതുന്നു.

സർ, വർഗ്ഗീസിന്റെ കൊലപാതകത്തെപ്പറ്റി ഇവിടെ പലരും പ്രതിപാദിക്കുകയുണ്ടായി. എന്നിരുന്നാലും അക്കാര്യത്തെപ്പറ്റി ഒന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. വർഗ്ഗീസിനെ ശിവരാമൻ നായരുടെ വീട്ടിൽനിന്ന് രാവിലെ പത്ത് മണിക്ക് പിടിച്ചുകൊണ്ടുപോയത് ആദിവാസികളും കണ്ടു, അനേകം നാട്ടുകാർ കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ വലതുകമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രവർത്തകൻമാർ കണ്ടു. ഈ കാര്യം അവിടെപോയി അന്വേഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സർ, വർഗ്ഗീസിന്റെ കൊലപാതകത്തിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റു വഹിക്കണമെന്ന് ഞങ്ങൾ പറയുകയുണ്ടായി. ഞങ്ങൾ ഇത് പറയുമ്പോൾ എന്തുകൊണ്ട് ഗവൺമെന്റു അതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ മടിക്കുന്നു.

ശ്രീ. എം. രാമുണ്ണി: ഇന്നലെ ആഭ്യന്തരകാര്യമന്ത്രി ഉത്തരം പറഞ്ഞപ്പോൾ അടിയെപ്പറ്റി ഞങ്ങളുടെ പാർട്ടിക്കാർ ഒരക്ഷരം പോലും പറഞ്ഞിട്ടില്ലെന്നു പറഞ്ഞു. അതു നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. അതിന്റെ പിന്നിൽ എന്തെല്ലാം കാര്യങ്ങളാണുള്ളതെന്ന് പത്രത്തിൽ വന്ന വാർത്തകൂടി വായിക്കാൻ സാധിക്കുമെങ്കിൽ മനസ്സിലാക്കാൻ കഴിയും. ആദിവാസികളെ ഭീഷണിപ്പെടുത്തിക്കൊണ്ട് അവരെ കൊള്ള യടിച്ച് പണം ഉണ്ടാക്കിയ ആളാണ്. 60 ശതമാനം പലിശക്ക് രൂപ കടം കൊടുത്തു അവരിൽനിന്നും പണം തട്ടിയെടുത്ത വ്യക്തിയാണ്. അദ്ദേഹത്തെയാണ് വെടിവച്ചുകൊന്നതു എന്നുള്ളത് പത്രത്തിൽകൂടി വന്നതാണ്. ഇതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടത് ഗവൺമെന്റാണ്. ഇത്തരം ആളുകളുടെ ചൂഷണത്തിൽ നിന്നും ആദി വാസികളെ രക്ഷിക്കാൻ 23 കൊല്ലക്കാലത്തെ ഭരണവും പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ തുടക്കമാണ് ഇന്ന് തൃശൂരിയിലും വയനാട്ടിലും കാണുന്നതെന്ന് ഞാൻ ഈ ഗവൺമെന്റിനെ ഓർമ്മപ്പെടുത്തുകയാണ്. വനാന്തരങ്ങളിൽ മാത്രമുള്ള ഈ വെടിവയ്പ്പും മറും, ചൂഷണം നിറുത്തുന്നില്ലെങ്കിൽ പട്ടണ പ്രദേശങ്ങളിൽപോലും പൊട്ടാൻ തുടങ്ങുമെന്നു ഞാൻ ഗവൺമെന്റിനു മുന്നറിയിപ്പു നൽകാൻ ആഗ്രഹിക്കുന്നു. കുറെ ആളുകളെ പോലീസിലേക്കു എടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അങ്ങനെ നിയമിക്കുകയാണെങ്കിൽ പിരിച്ചു വിടപ്പെട്ട എം. എസ്. പി. ക്കാർക്ക് മുൻഗണനകൊടുത്തുകൊണ്ട് പോലീസിലേക്ക് റിക്രൂട്ടുമെന്റു നടത്തണമെന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അതിൽ തന്നെ പുതിയ റിക്രൂട്ടുമെന്റു നടത്തുമ്പോൾ 50 ശതമാനം ഹരിജനങ്ങൾക്ക് പ്രത്യേകമായി റിസർവേഷൻ ചെയ്തു നിയമനം നടത്തണമെന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

പിന്നെ ആദിവാസികൾക്കും ഹരിജനങ്ങൾക്കും ഭൂമിപതിച്ചു കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റു വളരെയേറെ ശുഷ്കാന്തി കാണിക്കുന്നുണ്ടെന്നു അവകാശപ്പെടുകയുണ്ടായി. സർ, ഒരു കാര്യം എനിക്ക് പറയാനുള്ളത് ആദിവാസികൾ തിങ്ങി താമസിക്കുന്ന പ്രദേശത്തുള്ള ഭൂമി പതിച്ചുകൊടു ക്കുന്നത് നിറുത്തണമെന്നാണ്. അവിടെ പട്ടയം കൊടുക്കുന്ന എർപ്പാട് അടിയന്തിരമായി നിറുത്തിയില്ലെങ്കിൽ ആദിവാസികളുടെ ഭൂമി കൈയ്യേറ്റം തടയപ്പെട്ടുപോകും. പട്ടയം കൊടുത്താൽ ആദിവാസികൾക്ക് രക്ഷയില്ലാതാകും. ഈ കയ്യേറ്റം ചെയ്ത ഭൂമിക്കു പട്ടയം കൊടുത്തു കഴിഞ്ഞാൽ അതിന്റെ ഉടമകൾ കയ്യേറ്റക്കാരാകും. ആദിവാസികൾ താമസിക്കുന്ന സ്ഥലത്തുള്ള ഭൂമിയുടെ പട്ടയം കൊടുക്കുന്നത് അടിയന്തിരമായി നിറുത്തി യില്ലെങ്കിൽ ആദിവാസികൾക്ക് ഭൂമികിട്ടുകയില്ലെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. സർ, ഈ പോലീസിനെസംബന്ധിച്ച് ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട്—ജീരകപ്പാറയെപ്പറ്റി—ഞാൻ നിറുത്താം. 'ട്രൂത്ത് ഓൺ സോഷ്യലിസം' എന്ന പുസ്തകത്തിൽ, ഈ ഗവൺമെന്റ് അച്ചടിച്ച് പ്രസിദ്ധീകരിച്ച ആ പുസ്തകത്തിൽ ജീരകപ്പാറയിൽനിന്നു ഒരു റിവാൾവർ കിട്ടിയതായി പറഞ്ഞിട്ടുണ്ട്. ജീരകപ്പാറയിൽ ഞാൻ പോവുകയുണ്ടായി. ആ റിവാൾവർ പാകിസ്ഥാൻ നിർമ്മിതമാണ്. മാർക്സിസ്റ്റ് പേപ്പർ ഓഫ് കേരള എന്നു സൺഡേ സ്റ്റാൻഡേർഡിൽ പ്രസിദ്ധീകരിച്ച ലേഖന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഈ റിവാഴ്വർ പാകിസ്ഥാൻ നിർമ്മിതമാണെന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഗവൺമെന്റു പ്രസിദ്ധീകരണത്തിൽ അത് എന്തുകൊണ്ട് വിട്ടുപോയിയെന്നു ഞാൻ ചോദിക്കുകയാണ്. ഈ പ്രസിദ്ധീകരണത്തിന്റെ ചുമതല വഹിക്കുന്ന ധനകാര്യമന്ത്രിയോടു ചോദിക്കുകയാണ്. ഇന്നു കൈയേറ്റം നടന്നുയെന്നു പറയുന്ന സ്ഥലത്തു സംയുക്തസോഷ്യലിസ്റ്റ് പാർട്ടിയിൽപെട്ട ആളുകളും താമസിക്കുന്നുണ്ട്. അവരെപോലും നരനായാട്ടിന് വിധേയരാക്കി മർദ്ദനം അഴിച്ചു വിട്ട് ജൻമിയുടെ ഗുണ്ടാകളും നരനായാട്ടു നടത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള താണ് ഈ റിവാഴ്വർ. ഈ പാകിസ്ഥാൻ റിവാഴ്വർ എങ്ങനെ കിട്ടി? മുസ്ലീംലീഗു കാരനായ ഒരു ബേപ്പൂത്തരിബച്ചൻ എന്ന കുടിയേറ്റക്കാരന്റെ കുടിലിൽ നിന്നാണ് ഈ പിസ്റ്റോൾ കിട്ടിയിട്ടുള്ളത്. ഇത് അവിടത്തെ ചുമതല വഹിക്കുന്ന ഡി. വൈ. എസ്. പി. മനസ്സിലാക്കിയിട്ടുണ്ടാകും. അദ്ദേഹത്തെ അവിടെനിന്നും മാറ്റി. മുഹമ്മദ്ഷാഫിയെ ഇതിന്റെ ചുമതലയിൽനിന്നും മാറ്റാൻ ഉണ്ടായ കാരണം എന്താണ് സർ. മുസ്ലീംലീഗ് നേതാവിന്റെ ഹോട്ടലിൽ റെയിഡ് നടത്തി എന്നുള്ളതാണോ?

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു പോയിന്റു ഓഫ് ഓർഡർ. ഒരു രാഷ്ട്രീയപാർട്ടിയെസംബന്ധിച്ച് ഒരു ബഹുമാനപ്പെട്ട മെമ്പർ കണ്ടമാനം സ്വന്തം നിഗമനത്തിലെത്തുന്നതു ശരിയാണോ?

ശ്രീ. എം. രാമുണ്ണി: സ്വന്തംനിഗമനമല്ല ഗവൺമെന്റ് പ്രസിദ്ധീകരണത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

ബഹളം

ചെയർമാൻ: ഓർഡർ, ഓർഡർ ബഡ്ജറ്റുവിമർശനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അതിർത്തിവിട്ടുപോകാതെ സൂക്ഷിക്കണം. ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഞാൻ ഈ ബഡ്ജറിനെ ശക്തിയായി എതിർക്കുകയാണ്. ശ്രീ. അച്യുതമേനോന്റെ ഗവൺമെന്റ് ഒരു തടവുപുള്ളിയാണ്. ഒരു ന്യൂനപക്ഷ ഗവൺമെന്റായ ഈ ഗവൺമെന്റ് കേരളം ഭരിക്കുന്നത് സംസ്ഥാനത്തുള്ള എല്ലാ പ്രതിലോമശക്തികളുടെയും കലവറയില്ലാത്ത പിൻതുണയോടുകൂടിയാണ്. നിയമസഭയ്ക്കകത്തായാലും പുറത്തായാലും ശരി ഇതാണു സത്യം. സർ, ഇങ്ങനെ പിൻതുണ ലഭിക്കുന്നതിന് ആവശ്യമായ വിലകൊടുക്കാൻ അധികാരത്തിൽ തുടരാൻ ആഗ്രഹിക്കുന്ന ഗവൺമെന്റു നിർബന്ധിതമാകും. അതിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് ഇന്നു നടമാടുന്ന പല കുഴപ്പങ്ങളേയും നാം കാണേണ്ടത് സർ, മുഖ്യമന്ത്രി ശ്രീ.അച്യുതമേനോനെ ഒരു കാർഡ്രൈവർ എന്നുള്ള നിലയ്ക്ക് മാത്രമേ കാണാൻ സാധിക്കുകയുള്ളു. അദ്ദേഹം ഓടിക്കുന്ന മന്ത്രിസഭയാകുന്ന കാറിന്റെ ഉടമ അദ്ദേഹം മാത്രമല്ല. പിൻസീറ്റിൽ സുഖമായി ചാരി കിടക്കുന്ന ശ്രീമാൻ കരുണാകരനും ഡാക്ടർ ജോർജ്തോമസ്സുമാണ് ആ കാറിന്റെ ഉടമകളും. അവർ പറയുന്ന വഴിയിൽകൂടി ശ്രീമാൻ അച്യുതമേനോൻ കാർ ഓടിക്കേണ്ടിവരും. അവർ പറയുന്ന സ്പീഡിൽ അദ്ദേഹം ഓടിക്കേണ്ടിവരും. ഏതു വഴിയിൽക്കൂടി പോകണം, ഏതു വഴിയിൽകൂടിപോകാൻ പാടില്ല എന്നു നിശ്ചയിക്കുന്നത് ഉടമസ്ഥൻമാരാണ്. ഡ്രൈവർ അനുസരിച്ചേപറ്റൂ. വഴിയിൽ കാണുന്ന മുഷിഞ്ഞ മുണ്ട് ഉടുത്ത ആളുകളുടെ പുറത്തു കയറാൻ പറഞ്ഞാൽ കയറണം. ചുവപ്പു വസ്ത്രം അണിഞ്ഞിട്ടുള്ള ആരെങ്കിലും റോഡിൽക്കൂടി പോകുകയാണെങ്കിൽ, റോഡിന്റെ അരികിൽചേർന്നു പോകുകയാണെങ്കിൽകൂടി, കാർ അവരുടെ പുറത്തു കയറിയിറക്കി എല്ലും

LIBRARY ARCHIVES Kerala Legislative Assembly

പല്ലും തകർക്കാൻ സ്ക്വിരം നിർദ്ദേശമുണ്ട്. നിബന്ധനകളും നിർദ്ദേശങ്ങളും അനുസരിക്കാൻ വൈമനസ്യം കാണിക്കുകയാണെങ്കിൽ സ്റ്റേറിയറിംഗ് വീൽ വിട്ട് ഇറങ്ങിപ്പോകാൻ ഓർഡർ ഉണ്ടാകും. മുഖ്യമന്ത്രി അച്യുതമേനോന് അധികാരത്തിൽ തുടരണമെങ്കിൽ പിൻതുണ നൽകുന്നവരെയെല്ലാം പ്രീണിപ്പിക്കണം. അതിന്റെ അടിസ്ഥാനത്തിലാണ് പോലീസ്മർദ്ദനവും മറ്റു എല്ലാ കാര്യങ്ങളും നാം കാണേണ്ടത്.

ഡാ. ജോർജ് തോമസ്: സ്വതന്ത്രൻമാർ അങ്ങനെയാണോ കാർ ഓടിക്കുന്നത്?

ശ്രീ. എം. കെ. എ. ഹമീദ്: ഡോ. ജോർജ്തോമസ്സിന് പറയാൻ സമയം കിട്ടുമ്പോഴും അതെല്ലാം പറയാം.

നിയമസഭയ്ക്കകത്തുതന്നെ മൂന്നു വിഭാഗങ്ങളുടെ പിൻതുണയോടുകൂടിയാണ് അച്യുതമേനോൻ ഗവൺമെൻറ് മുന്നോട്ടുപോകുന്നത്. ഒന്നു സിൻഡിക്കേറ്, രണ്ടു ഇൻഡിക്കോറ് , മൂന്ന് ചൂണ്ടിക്കോറ്. സിൻഡിക്കേറ്റും ഇൻഡിക്കേറ്റും എന്താണെന്നു പ്രത്യേകം പറയേണ്ടതില്ല. 'ചൂണ്ടിക്കേറ്റു' എന്നു പറയുന്നത് മറ്റു പാർട്ടികളിൽനിന്നും ചൂണ്ടിയെടുത്ത ആളുകൾ ഉൾപ്പെടുന്നതാണ്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ചന്ദ്രസേനനെ ഇങ്ങനെ അപമാനിക്കുന്നതു ശരിയല്ല.

ശ്രീ. എം. കെ. എ. ഹമീദ്: മാറ്റപ്പുള്ളികളെ മൊത്തത്തിൽ പറഞ്ഞതാണ്.

ശ്രീ. ഇ. എം. ജോർജ്: പണ്ടു മുഹമ്മദുകോയ തൊപ്പിമാറ്റിവച്ച് സ്പീക്കറായ കാര്യം ഓർത്തു പറഞ്ഞതായിരിക്കും.

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീ. കെ. റ്റി. ജോർജ് പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി, ഇനിയും പോലീസ് സേനയെ സുശക്തമാക്കണമെന്നു. നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ കരുണാകരൻ പറഞ്ഞതും ഇതുതന്നെയാണ്. ചൂളാതെ അടിക്കണം. എന്നദ്ദേഹം ആവശ്യപ്പെട്ടു. അല്ലെങ്കിൽ പിൻതുണ പിൻവലിക്കുമെന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ശ്രീ. അച്യുതമേനോന് ചൂളാൻ ഒക്കുമോ? 'ചൂണ്ടിക്കേറ്റുകാർക്ക്' ജനങ്ങളെ അടിക്കണമെന്ന നിർബന്ധമുണ്ടായെന്നുവരികയില്ല. പക്ഷേ വല്ലതും അടിച്ചെടുത്താൽ കൊള്ളാമെന്നു ആഗ്രഹമുണ്ടാകും. അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി ഗവൺമെൻറിന് കുറെ ചീത്തപ്പേര് സമ്പാദിക്കേണ്ടിവരും. 'ആയാറാ'മൻമാർക്ക്' ഗയറാമൻമാരാകാൻ വലിയ പ്രയാസമില്ല. "അയ്യപ്പനു പശുമാത്രം മതിയെന്നുള്ള നിലയിൽ അവരെപ്പോഴും നിന്നെന്നു വരികയില്ല. അച്യുതമേനോന്റെ രാഷ്ട്രീയജീവിതത്തെ സംബന്ധിച്ച് ബഹുമാന്യമുള്ള ആളാണ് ഞാൻ. സി. എച്ച്. മുഹമ്മദ്കോയയോടും സ്നേഹമുണ്ട്. യാതൊരു വിരോധവുമില്ല. അവരൊന്നും ആഗ്രഹിക്കുന്ന രീതിയിലല്ല കാര്യങ്ങൾ മുന്നോട്ടു പോകുന്നതെന്നു ഞാൻ ഭയപ്പെടുന്നു.

ശ്രീ. കെ. കരുണാകരൻ: ഡെപ്യൂട്ടി ചെയർമാൻ ഷിപ്പ് പോയപ്പോഴാണോ ബഹുമാനം കുറഞ്ഞത്?

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീ. കരുണാകരനു ഞാൻ പറയുന്നതൊന്നും ഇഷ്ടപ്പെടുന്നില്ല എന്ന് എനിക്കറിയാം. അധികാരം നിലനിറുത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ ചിലതെല്ലാം വിലയായികൊടുക്കണം. അതു കൊടുത്തുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

സർ, ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലും ഈ പരാധീനത ഉടനീളം കാണാൻ സാധിക്കുന്നുണ്ട്. ഒരു ഭാഗത്തു അദ്ദേഹം പറയുന്നു, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തുലോം ശോചനീയമാണെന്നു. അതിനു വളരെയേറെ ഉത്തരവാദി കേന്ദ്രഗവൺമെന്റാണെന്നും കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ അഴിച്ചു പണിയാതെ ഈ ദുസ്ഥിതിയിൽനിന്നും മോചനം നേടുക സാദ്ധ്യമല്ലെന്നും അദ്ദേഹം പറയുന്നുണ്ട്. പക്ഷേ അദ്ദേഹം അതു ശക്തിയായി പറയുന്നില്ല. ശക്തിയായി പറഞ്ഞു കഴിഞ്ഞാൽ ശ്രീ. കരുണാകരൻ പിണങ്ങും. ശ്രീ കരുണാകരന്റെ കരുണാകിരണങ്ങൾ പതിയാത്ത നിമിഷം അച്യുതമേനോൻ മന്ത്രി സഭയുടെ അച്ചുതണ്ട് ഒടിയും. അങ്ങനെ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ശ്രീ. ശേഷൻ തയ്യാറായിട്ടില്ലെങ്കിൽ നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു. സാമ്പത്തിക സ്ഥിതി മോശമാണെന്നു പറഞ്ഞതു സമ്മതിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഈ ഗവൺമെന്റിന് അതിൽ യാതൊരു ഉത്തരവാദിത്വവുമില്ലേ? ശ്രീ. അച്യുതമേനോനും, ശ്രീ. ശേഷനും ഗണ്യമായ ഉത്തരവാദിത്വം ഉണ്ടെന്നുള്ളതാണ് വാസ്തവം. ശ്രീ. ടി. കെ. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, പിരിച്ചു വിടപ്പെട്ട സംസ്ഥാനപ്ലാനിംഗ് ബോർഡ് പതിനഞ്ചു വർഷംകൊണ്ടെങ്കിലും കേരളം ഇൻഡ്യയുടെ മറ്റു ഭാഗങ്ങളോടൊപ്പം എത്തണമെന്ന കാഴ്ച്ചപ്പാടോടുകൂടി ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. നാലാംപദ്ധതികാലത്ത് സംസ്ഥാനമേഖലയിൽ 460 കോടിരൂപയുടെ നിക്ഷേപം ഉൾക്കൊള്ളിക്കണമെന്ന് ബോർഡ് നിർദ്ദേശിച്ചിരുന്നു. പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഡൽഹിയിൽപ്പോയി 258 കോടി രൂപയുടെ പദ്ധതി വിഹിതവും സ്വീകരിച്ചു കൊണ്ടു തിരികെ വന്നു. അവരതിൽ പരസ്യമായി സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. നിയമസഭയുടെ കഴിഞ്ഞ സെഷനിൽ പ്ലാനിംഗ് ബോർഡിനെക്കുറിച്ച് ചർച്ച ഉണ്ടായപ്പോൾ വ്യവസായവകുപ്പുമന്ത്രി ശ്രീമാൻ രവീന്ദ്രൻ പറഞ്ഞ ഒരു കാര്യം ശ്രദ്ധേയമാണ്. വളരെക്കൂടുതൽ തുക ആവശ്യപ്പെട്ട ഒരു ബോർഡാണ് ഇവിടത്തെ ബോർഡ് എന്നു അദ്ദേഹംകുറ്റപ്പെടുത്തി. 258 കോടി രൂപാ കിട്ടിയാൽ അതുകൊണ്ടൊന്നും തികയുകയില്ല എന്നു ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശേഷൻ ഇപ്പോഴും സമ്മതിക്കുന്നു. ഇത്തരുണത്തിൽ പ്രധാനപ്പെട്ട ഒരു വസ്തുതകൂടിസഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാലാം പഞ്ചവൽസരപദ്ധതി 1966—ൽ തുടങ്ങി 1971—ൽ അവസാനിക്കണമെന്ന അടിസ്ഥാനത്തിലാണ് ആദ്യം ആസൂത്രണം ചെയ്തിരുന്നത്. ആ പദ്ധതിയിൽ സംസ്ഥാനവിഹിതമായി കേന്ദ്രഗവൺമെന്റു അംഗീകരിച്ചിരുന്നത് 293 കോടി രൂപയായിരുന്നു. 1969—ൽ തുടങ്ങി 1973—ൽ അവസാനിക്കുന്ന പുതുക്കിയ നാലാം പഞ്ചവൽസരപദ്ധതിയിൽ സംസ്ഥാന വിഹിതം 35 കോടി രൂപ കുറവായിട്ടാണ് ഈ ഗവൺമെന്റു അംഗീകരിച്ചിട്ടുള്ളത്. 1966 നെ അപേക്ഷിച്ച് ഇപ്പോഴും നാണയവില ഇടിഞ്ഞിട്ടുണ്ട്, സാധനവില കയറിയിട്ടുണ്ട്, അഖിലേൻഡ്യാടിസ്ഥാനത്തിൽ പദ്ധതിയുടെ വലിപ്പം വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ 293 കോടി രൂപയേക്കാൾ വളരെക്കൂടുതൽനമുക്കവകാശപ്പെട്ടതും അർഹതപ്പെട്ടതും ആണ്. എന്നാൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ബലികഴിപ്പിച്ചുകൊണ്ടു കേന്ദ്രത്തിനെ പ്രീണിപ്പിക്കാൻ വേണ്ടി 258 കോടി രൂപയുടെ പദ്ധതി വിഹിതം യാതൊരു മുറുമുറുപ്പും കൂടാതെ സ്വീകരിക്കുകയാണ് നമ്മുടെമന്ത്രിമാർ ചെയ്തിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിലെ 2 കോടി ജനങ്ങളുടെ ഉത്തമ താൽപ്പര്യങ്ങളെ ബലികഴിച്ചുകൊണ്ട് ഇങ്ങനെ ചെയ്യരുതായിരുന്നു. കേന്ദ്രസംസ്ഥാനസാമ്പത്തിക ബന്ധങ്ങളിൽ പോരായ്മയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽനിന്നു ന്യായമായ വിഹിതം കിട്ടണമെങ്കിൽ അതിന് നാം ചിലതൊക്കെ ചെയ്യേണ്ടതുണ്ട്. ബഹുജനസമരം തന്നെവേണ്ടിവന്നേക്കും. ഒരു നല്ല വക്കീൽ കേസ്സു വാദിക്കുമ്പോഴും ചെയ്യുന്നതുപോലെ കാര്യങ്ങളും ശരിയായി പഠിച്ച് വസ്തുനിഷ്ഠമായി വാദമുഖങ്ങളും അവതരിപ്പിക്കാൻ നമുക്കു സാധിക്കണം അതിനുള്ള ഒരു ശ്രമവും ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു വളരെയേറെ ഖേദമുണ്ട്.

വളരെ പരിമിതമായ തോതിലാണെങ്കിലും പുതുതായി കുറെ വരുമാനങ്ങൾ കണ്ടെത്തുവാൻ നമുക്കുസാധിക്കും. ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. അച്യുതമേനോൻകൂടി ഒരു മെമ്പറായിരുന്ന നികുതിഅന്വേഷണകമ്മീഷൻ ചില നിർദ്ദേശങ്ങൾ സംസ്ഥാനഗവൺമെൻറിന്റെ മുമ്പാകെ വച്ചിരുന്നു. അതിൽ ചിലതെല്ലാം ഗവൺമെൻറു അംഗീകരിച്ചിട്ടുണ്ട്. ഇന്നിപ്പോഴും സോപ്പിന്റെ വില കൂട്ടാൻ മറന്നുപോയിട്ടില്ലാത്ത ഈ ഗവൺമെൻറു മറ്റു പ്രധാനപ്പെട്ട നികുതിനിർദ്ദേശങ്ങൾ കണ്ടില്ലെന്നു വച്ചിരിക്കുകയാണ്. കമ്പനികളുടെ കാർഷികാദായനികുതിനിരക്കിൽ വർദ്ധനവു വരുത്തിയിട്ടുണ്ടെങ്കിലും വ്യക്തികളുടെ കാര്യത്തിൽ അങ്ങനെ ചെയ്തിട്ടില്ല. 40,000 രൂപയിലുപരിയായ ആദായത്തിൻമേലുള്ള നികുതി നിരക്ക് കുറവാണ്. കാർഷികാദായനികുതിയുടെ നിരക്ക് ഇൻഡ്യൻ ഇൻകം ടാക്സിന്റെ നിരക്കിന് സമാനമാക്കണമെന്ന ഒരു പ്രധാനപ്പെട്ട നിർദ്ദേശവും നികുതിഅന്വേഷണകമ്മീഷൻ സമർപ്പിച്ചിരുന്നു. പുതിയ കേന്ദ്രബഡ്ജറ് 40,000 രൂപയ്ക്കു മുകളിലുള്ള ആദായത്തിൻമേലുള്ള നികുതിനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്തുകൊണ്ട് ഈ ഗവൺമെൻറു നികുതിഅന്വേഷണകമ്മീഷന്റെ ശരിയായ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ ഭൂമിയിൻമേലുള്ള നികുതി വിലയുടെ അടിസ്ഥാനത്തിൽ ചുമത്തണമെന്നും, സ്ളാബ് സിസ്റ്റത്തിൽ വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്നുമുള്ള പുരോഗമനപരമായ ഒരു നിർദ്ദേശവും ടാക്സേഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

ഈ രണ്ടു നിർദ്ദേശങ്ങളേയും ഈ ഗവൺമെൻറ് അവഗണിച്ചതിൽ എനിക്ക് അതിശയമില്ല. ഈ രണ്ടു നികുതികളുടെയും ഭാരം വന്നുചേരുന്നത് വൻകിട കർഷക മുതലാളിമാരുടെ ചുമലിലാണ്. അവരുടെ സജീവമായ പിൻതുണയോടുകൂടി ഭരിക്കുന്ന ഒരു ഗവൺമെൻറിന് അവരെ പ്രീണിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈവക നിർദ്ദേശങ്ങൾ കണ്ടില്ലെന്നു നടിച്ചെങ്കിൽ അതിൽ അതിശയിക്കാനില്ല.

മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, കേരളത്തിലെ തൊഴിലില്ലായ്മയെക്കുറിച്ചാണ് തൊഴിലില്ലായ്മ അതിരൂക്ഷമാണ്, അതു പരിഹരിക്കണമെന്നൊക്കെ എല്ലാവരും പറയാറുണ്ട്. ത്വരിതമായ വ്യവസായവൽക്കരണത്തിൽ കൂടെമാത്രമേ ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു എന്നും എല്ലാവരും സമ്മതിക്കുന്നു. ശ്രീ. ഇ. എം. എസ്. ന്റെ നേതൃത്വത്തിലുള്ള ഗവർമെൻറു ഈ സംസ്ഥാനം ഭരിച്ചിരുന്ന കാലത്ത് മന്ത്രിമാരായിരുന്ന ശ്രീ. ടി. വി. തോമസും, ശ്രീ. എം. എൻ. ഗോവിന്ദൻനായരും, അവരുടെ പാർട്ടിക്കാരുമൊക്കെ വിപുലമായ തോതിൽ ഒരു പ്രചരണം അഴിച്ചുവിട്ടിരുന്നു. ഞങ്ങൾക്ക് പലതും ചെയ്യാൻ ആഗ്രഹമുണ്ട്, കഴിവുണ്ട് കാർഷിക രംഗത്തായാലും, വ്യവസായിക രംഗത്തായാലും മുന്നോട്ടു പോകാൻ സാധിക്കാത്തത് മത്തായിയുടേയും മാർക്സിസ്റ്റുകാരുടേയും തടസ്സപ്പെടുത്തൽ മൂലമാണ്എന്ന്അവർ പ്രസ്താവിക്കാറുണ്ടായിരുന്നു. അവർഅഴിച്ചുവിട്ട പ്രചരണം കുറേയൊക്കെ ഈ നാട്ടിൽ ചെലവാകുകയും ചെയ്തിരുന്നു. ഇന്ന്, മത്തായി ഈ ലോകത്തുതന്നെയില്ല. മാർക്സിസ്റ്റുകാർ നിങ്ങളെ ശല്യപ്പെടുത്താനുമില്ല. എന്നിട്ട് എന്താണ് കാര്യങ്ങൾ മുന്നോട്ടുപോകാത്തത്? 31

ദിവസം കൊണ്ട് ചില കാര്യങ്ങളൊക്കെ ചെയ്തുവെന്ന് പറഞ്ഞു. ശ്രീമതി ഗൗരിയമ്മയും, ശ്രീ. ഇമ്പിച്ചിബാവയും പാകപ്പെടുത്തി വച്ചിരുന്ന വിഭവങ്ങളെടുത്ത് വിളമ്പി അതിൽ നിന്നും ഖ്യാതിനേടുവാൻ നിങ്ങൾ ശ്രമിച്ചില്ലേ? കഴിഞ്ഞ മന്ത്രിസഭയിൽനിന്നു രാജിവച്ചുകൊണ്ട് ശ്രീ. ടി. വി. തോമസ് സുപ്രധാനമായ ഒരു പ്രഖ്യാപനം ഇവിടെ നടത്തുകയുണ്ടായി. എന്തായിരുന്നു അത്? തന്റെ ഭരണകാലത്ത് വ്യവസാവളർച്ചയ്ക്കാവശ്യമായ നല്ല ഒരു അടിത്തറ പാകിയിട്ടുണ്ട്; ആ താമരക്കുളത്തിൽ മാർക്സിസ്റ്റു ആനയിറങ്ങി ശല്യമുണ്ടാകാതിരിക്കുകയാണെങ്കിൽ പ്രത്യേകിച്ച് യാതൊരു ശ്രമവുംകൂടാതെതന്നെ ഒരു വ്യവസായമഹാസൗധം ആ അടിത്തറയിൽനിന്ന് ഉയർന്നു പൊങ്ങുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. ആ താമരക്കുളത്തിൽ ഗജേന്ദ്രനല്ല ഇറങ്ങിയത്; രവീന്ദ്രനാണ് ഇറങ്ങിയത്. പക്ഷേ വളർച്ചയുടെ യാതൊരു ചലനവും അവിടെ കാണുന്നില്ല. രവീന്ദ്രനല്ല ദേവേന്ദ്രൻ തന്നെ വന്നാലും കേന്ദ്രഗവൺമെന്റിന്റെ സജീവമായ സഹകരണമില്ലാതെ, വ്യവസായവൽക്കരണം ഇവിടെ സാദ്ധ്യമല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പക്ഷേ, അത് തുറന്നു പറയാൻ ഇന്ന് അധികാരത്തിലിരിക്കുന്നവർ തയ്യാറില്ല.

നമ്മുടെ വ്യവസായമന്ത്രി അടുത്തകാലത്ത് ഡൽഹി സന്ദർശിക്കുകയുണ്ടായി. ഇൻഡ്യാഗവൺമെന്റിലെ പല മന്ത്രിമാരുമായും അദ്ദേഹം സംഭാഷണം നടത്തിയതായി പത്രറിപ്പോർട്ടുകളുണ്ട്. കേരളത്തിൽ ഒരു സ്റ്റീൽപ്ലാന്റ് സ്ഥാപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളതായും റിപ്പോർട്ടുണ്ട്. കേരളത്തിൽ സ്റ്റീൽപ്ലാന്റ് സ്ഥാപിച്ചുകിട്ടുവാനുള്ള ശ്രമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇരുമ്പയിര് ഇവിടെ ധാരാളമുണ്ട്. കേന്ദ്രഗവൺമെന്റിനെക്കൊണ്ട്, നമ്മുടെ അവകാശവാദം അംഗീകരിപ്പിക്കുന്നതിൽ വിജയിക്കണമെങ്കിൽ രണ്ടുകാര്യങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. ഒന്ന്, ആർക്കും നിഷേധിക്കാനാകാത്ത തരത്തിൽ വസ്തുതകളും നിരത്തിവച്ച് നമ്മുടെ വാദത്തിന്റെ ന്യായയുക്തത ബോദ്ധ്യപ്പെടുത്താൻ സാധിക്കണം. അതോടൊപ്പം ഈ നാട്ടിൽനിന്ന് ശക്തിയായ പൊതുജനാഭിപ്രായമുണ്ടാക്കാനും സാധിക്കണം. നല്ലൊരു കേസ് പ്രസന്റുചെയ്തു എന്നു പറയിക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിക്കണം. ഈ ബഡ്ജറ്റിൽ, മിനറൽസ് വകുപ്പിന് ഒരു ലക്ഷം രൂപമാത്രമാണു വക കൊള്ളിച്ചിട്ടുള്ളത്. അതു വളരെ അപര്യാപ്തമാണ്. ഇരുമ്പയിരുണ്ടെന്നു പറഞ്ഞാൽ പോരാ, അത് എത്രയുണ്ടെന്നു അളന്നു തിട്ടപ്പെടുത്തി പറയണം. ഇൻഡ്യയിലെ മറ്റു ഭാഗങ്ങളിലുള്ളതിനെ അപേക്ഷിച്ച് ഇവിടത്തെ ഇരുമ്പയിരു കൂടുതൽ മേൻമയുള്ളതാണെന്ന് ബോദ്ധ്യപ്പെടുത്താൻ നമുക്ക് സാധിച്ചെങ്കിൽ മാത്രമേ എന്തെങ്കിലും നേടിയെടുക്കാൻ സാധിക്കുകയുള്ളു. നമുക്കു ന്യായമായും വലിയബുദ്ധിമുട്ടുകൂടാതെയും അനുവദിച്ചുകിട്ടേണ്ട ചില വ്യവസായങ്ങളുടെ കാര്യം നമ്മുടെ വ്യവസായമന്ത്രി ശ്രദ്ധിക്കാതെ പോയതിൽ ഖേദം തോന്നുന്നു. ഉദാഹരണമായി, ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ രണ്ടാമതൊരു യൂണിറ്റ് സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെന്റു തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ കരടുപദ്ധതിയിൽ കേരളത്തിൽ അത് സ്ഥാപിക്കുമെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. കേരളത്തിനുയോജ്യമായ ഒരു വ്യവസായമാണ് അത്. അതിനുവേണ്ടി ഒരു വാക്ക് സംസാരിക്കാൻപോലും വ്യവസായമന്ത്രി മെനക്കെട്ടതായി കാണുന്നില്ല. ഭാരത് എലക്ട്രോണിക്സിന്റെ രണ്ടാമതൊരു യൂണിറ്റ് സ്ഥാപിക്കാൻ ഇൻഡ്യാഗവൺമെന്റു നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ലൊക്കേഷൻ നിശ്ചയിച്ചിട്ടില്ല. കേരളത്തിന് അനുയോജ്യമായ ഒരു വ്യവസായമാണ് അത്. അതിനു വേണ്ടി ശ്രമിക്കേണ്ടതായിരുന്നു. 200 കോടി രൂപമുതൽ മുടക്കുള്ള ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് കേരളത്തിൽകേന്ദ്രമേഖലയിൽ ഉൾപ്പെടുത്തി അനുവദിച്ചുതരണമെന്നുള്ള പ്ലാനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ നിർദ്ദേശം വ്യവസായവകുപ്പുമന്ത്രി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിരുന്നു. കൊച്ചിൻ ഓയിൽ റിഫൈനറിയിൽ നിന്നുമുള്ള ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി സ്ഥാപിക്കാവുന്ന ഒരു വ്യവസായ ശൃംഖലയാണ് പെട്രോകെമിക്കൽ കോംപ്ലക്സ്. ഈ ഗവൺമെന്റു എത്ര ലാഘവബുദ്ധിയോടുകൂടിയാണ് ഈ വക കാര്യങ്ങളെ കൈകാര്യം ചെയ്യുന്നതെന്നു ചോദിക്കാൻ തോന്നിപ്പോകുകയാണ്. ഇൻഡ്യാഗവൺമെന്റു പൊതുമേഖലയിൽ ഒരു വൻകിട ട്രാക്ടർ ഫാക്ടറി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള ലൊക്കേഷൻ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല. കേരളത്തിനുയോജ്യമായ ഒരു വ്യവസായമാണ് അത്. അതിനെക്കുറിച്ച് പറയാൻ വ്യവസായമന്ത്രി മറന്നുപോയത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെ പലതുമുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ഒരു പ്രധാന കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യാഗവൺമെന്റു അടുത്തകാലത്ത് ഒരു പുതിയവ്യവസായനയം പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ ലൈസൻസിംഗ് പാളിസിയിൽ കാര്യമായ ചില വ്യതിയാനങ്ങളും വരുത്തിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണത്. അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ സമയമില്ലാ. ഒരു കാര്യം മാത്രം പറയാം. പുതിയ വ്യവസായനയത്തിന്റെ ഫലമായി ഇപ്പോഴത്തന്നെ വളരെയധികം പിന്നണിയിൽ നിൽക്കുന്ന കേരളവും അതുപോലുള്ള പ്രദേശങ്ങളും കൂടുതൽ അധ:പതിക്കുവാനിടയാകും. ഒരിക്കലും മുന്നോട്ടുവരാൻ സാദ്ധ്യമല്ലാത്ത രീതിയിൽ കേരളത്തേയും അതുപോലുള്ള പ്രദേശങ്ങളേയും അധ:പതനത്തിലാഴ്ത്തുന്ന ഈ നയപ്രഖ്യാപനത്തിനെതിരായി ശബ്ദിക്കാൻ നമ്മുടെ വ്യവസായമന്ത്രിയും മുഖ്യമന്ത്രിയും മെനക്കെട്ടിട്ടില്ലഎന്നു കാണുന്നത് ഖേദകരമാണ്. തുടക്കത്തിൽ ഞാൻ പറഞ്ഞതുപോലെ, ഇന്നു നാം അഭിമുഖീകരിക്കുന്ന പല കുഴപ്പങ്ങൾക്കും കാരണം വലതുപക്ഷ കക്ഷിയുടെ പിൻതുണയോടുകൂടി ഇടതുപക്ഷ കക്ഷികൾ ഉൾപ്പെടുന്ന ഒരു ഗവൺമെന്റു ഇവിടെ ഭരിക്കുന്നു എന്നുള്ളതാണ്. പിൻതുണ നൽകുന്നവർ ചോദിക്കുന്ന വില നൽകേണ്ടിയിരിക്കുന്നു. അച്യുതമേനോൻ ഗവൺമെന്റു പിശാചിനും ആഴക്കടലിനുമിടയ്ക്കാണ് നിൽക്കുന്നത്. ഒരു ഭാഗത്ത് പ്രതിലോമശക്തികളാകുന്ന പിശാച്, മറുഭാഗത്ത് ആർത്തിരമ്പുന്ന ജനരോഷത്തിന്റെ ആഴക്കടൽ. രണ്ടിലൊന്ന് ഈ ഗവൺമെന്റിന്റെ അന്ത്യം കുറിക്കും. ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം പകരാൻ സർക്കാർ തുനിയുമ്പോൾ പ്രതിലോമ പിശാചുക്കൾ കശാപ്പു നടത്തും. പ്രതിലോമ ശക്തികളെ പ്രീണിപ്പിക്കാനുള്ള നയം തുടർന്നാൽ ആഞ്ഞടിക്കുന്ന ജനരോഷത്തിന്റെ അലകളിൽ മന്ത്രിക്കസേരകൾ ഒലിച്ചുപോകും. ഏതു രീതിയാലാണ് അന്ത്യം വരിക്കേണ്ടതെന്നുള്ളകാര്യത്തിൽ തീരുമാനമെടുക്കേണ്ടത് അധികാരത്തിലിരിക്കുന്നവരാണ്. അവർ അതുചെയ്തുകൊള്ളട്ടെ. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എൻ. ഗമാലിയേൽ: ബഹുമാനപ്പെട്ട മെമ്പർ ഹമീദ് എന്റെ പാർട്ടിയെപ്പറ്റിയും, എന്റെപാർട്ടിയുടെ ലീഡർ ജോർജ്ജ്ഫെർണാണ്ടസിനെപ്പറ്റിയും പരാമർശിച്ച കാര്യത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ശ്രീമാൻ അച്യുതമേനോന്റെ കാറിൽ എന്റെ പാർട്ടിയും എന്റെ പാർട്ടിയുടെ ലീഡറും യാത്ര ചെയ്യുന്നു എന്ന കാര്യം ഞാൻ ആവർത്തിച്ചു നിഷേധിക്കുകയാണ്. ഇന്നു കേരളത്തിൽ ഒരു ജനകീയഭരണം വേണമെന്നു ജനങ്ങൾ പൊതുവേ ആഗ്രഹിക്കുകയാണ്. പ്രസിഡന്റ് ഭരണത്തേക്കാൾ ജനകീയഭരണം മെച്ചമാണെന്നുള്ള ജനങ്ങളുടെ അഭിലാഷത്തെ ആദരിച്ചുകൊണ്ട് ഇവിടെ ഭരണം നടത്തുന്ന ഗവൺമെന്റിനു ഞങ്ങൾ പിൻതുണ നൽകുന്നു എന്നുള്ളത് വാസ്തവമാണ്. ഒരു ഇടക്കാലതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിമാത്രം ഈ ഗവൺമെൻറിനെ തകിടം മറിക്കുന്നതിനു ഞങ്ങളും കൂട്ടു നിൽക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ള വസ്തുത എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നു.

അനേകം പ്രതീക്ഷകളുടേയും പ്രത്യാശകളുടേയും നീണ്ട ഒരു ശൃംഖലയാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗമെന്ന് എടുത്തു പറയാൻ ഞാനാഗ്രഹിക്കുന്നു. സർ, ഇതെല്ലാംതന്നെ പെയ്യാത്ത കാർമേഘങ്ങളാണ്. ഒരുപക്ഷേ അവയിൽ ചിലതൊക്കെ ചാറി എന്നു വന്നേക്കും. എന്നാൽ നമ്മുടെ സംസ്ഥാനത്തിൻെറ ദാഹം തീർക്കുന്നതിനു മതിയാവോളം മഴ അവയിലൊന്നും വർഷിക്കുകയില്ലെന്നുള്ളതാണു വാസ്തവം.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസനപദ്ധതികളെല്ലാംതന്നെ ഇന്നു സ്തംഭനാവസ്ഥയിലാണ്. ഈ സ്തംഭനം മാറണമെങ്കിൽ കേന്ദ്രത്തിൽനിന്നും നമ്മുടെ സംസ്ഥാനത്തിനുന്യായമായി ലഭിക്കേണ്ട വിഹിതം കിട്ടിയാലേ സാധിക്കുകയുള്ളു. അഞ്ചാം ധനകാര്യകമ്മിഷൻ നമ്മുടെ സംസ്ഥാനത്തിനു ന്യായമായി കിട്ടേണ്ട വിഹിതം നൽകുന്നതിനു തീരുമാനമെടുക്കുമെന്നു പ്രതീക്ഷയുണ്ടായിരുന്നു. ആ പ്രതീക്ഷ ഇന്നു തകർന്നിരിക്കുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ധനകാര്യകമ്മിഷൻെറ ശുപാർശകളുടെ ഗുണഭോക്തൃത്വം ഹിന്ദി സംസ്ഥാനങ്ങളെന്നു പറഞ്ഞിരിക്കുന്നു. ആ സംസ്ഥാനങ്ങൾക്ക് 15 കോടിരൂപാ മുതൽ 419 കോടി രൂപവരെയുള്ള ഗണ്യമായ റവന്യൂമെച്ചം കൈവരുത്തുന്നതിനു കമ്മിഷൻെറ അവാർഡുമൂലം സാധിച്ചിട്ടുണ്ടെന്നു ബഡ്ജറ്റ് പ്രസംഗത്തിൽ എടുത്തുപറഞ്ഞിരിക്കുന്നു. അതുപോലെതന്നെ ദക്ഷിണസംസ്ഥാനങ്ങൾ ഈ കമ്മിഷൻെറ അവാർഡുമൂലം വളരെ വൈഷമ്യം അഭിമുഖീകരിക്കേണ്ടിവന്നിരിക്കുകയാണെന്നുള്ള വസ്തുതയും എടുത്തു കാണിച്ചിരിക്കുന്നു. ഇതിനു ഒരു പരിഹാരം കണ്ടേത്തേണ്ടിയിരിക്കുന്നു. കേന്ദ്രവിരുദ്ധസമരം അതിനു ഒരു മാർഗ്ഗമായി ഞാൻ കാണുന്നില്ല. ശരിയായി നിവേദനം നടത്തി ഇന്നത്തെ മാറിയ ചുറ്റുപാടിൽ നമ്മുടെ മുഖ്യമന്ത്രിക്ക് എന്തെല്ലാം സ്വാധീനം കേന്ദ്രത്തിൽ ചെലുത്താൻ സാധിക്കുമോ അതെല്ലാം ചെലുത്തിക്കൊണ്ട് ന്യായമായി കിട്ടേണ്ട വിഹിതം പിടിച്ചുപറ്റണമെന്നുള്ള നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. നമുക്കു ന്യായമായി ലഭിക്കേണ്ട കേന്ദ്രവിഹിതം ലഭിച്ചാൽ നമ്മുടെ വികസനപ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സാധിക്കുമെന്നുള്ളതു തീർച്ചയാണ്.

സർ, ഈ ഗവൺമെൻറ് ഒരു വടക്കുനോക്കി യന്ത്രമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കേരളത്തിൻെറ വടക്കു ഭാഗങ്ങളിൽ വികസനകാര്യങ്ങളെപ്പറ്റി താൽപ്പര്യം പ്രദർശിപ്പിക്കുന്നതല്ലാതെ തിരുവനന്തപുരം ഡിസ്ട്രിക്ടിനെ സംബന്ധിച്ചും കൊല്ലം ഡിസ്ട്രിക്ടിനെ സംബന്ധിച്ചും വികസനകാര്യത്തിൽ അത്രത്തോളം താൽപ്പര്യം പ്രദർശിപ്പിച്ചു കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ ഗവൺമെൻറ് ഒരു വടക്കുനോക്കി യന്ത്രമാണെന്ന്. അവർക്ക് പ്രത്യേക താൽപ്പര്യങ്ങളെല്ലാം വടക്കൻപ്രദേശങ്ങളോടാണ്. കേന്ദ്രം ദക്ഷിണസംസ്ഥാനങ്ങളെ അവഗണിക്കുന്നതുപോലെ നമ്മുടെ സംസ്ഥാന ഗവൺമെൻറ് കേരളത്തിലെ ദക്ഷിണ പ്രദേശങ്ങളെ അവഗണിക്കുകയാണു ചെയ്യുന്നത്.

ഈ ഗവൺമെൻറ് ക്രമസമാധാനപരിപാലത്തിനുവേണ്ടി, അതു ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നതിനുവേണ്ടി പോലീസ് സേന വികസിപ്പിക്കാൻ പോകുന്നുവെന്നു ബഡ്ജറ്റിൽ കാണുന്നത് സന്തോഷകരമാണ് പക്ഷെ നേരത്തെ ഇവിടെ പല സുഹൃത്തുക്കളും പറഞ്ഞതുപോലെ പോലീസ് അഴിഞ്ഞാട്ടം നടത്തുന്നത് അനുവദിക്കാൻ പാടില്ല. പല പ്രവർത്തികളിലും എക്സസ് ഉണ്ടായിട്ടുണ്ടെന്നുള്ളത് പല സ്നേഹിതൻമാരും ഉന്നയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആക്ഷേപമാണ്. ആ ആക്ഷേപങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് എക്സസ് ഉണ്ടോ എന്നു പരിശോധിക്കുകയും അങ്ങനെ എക്സസ് ഉണ്ടെന്നു കാണുകയാണെങ്കിൽ അവർക്കു താക്കീതുകൊടുക്കുകയും ഉത്തരവാദപ്പെട്ട പോലീസുദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്താൽ ഈ ഗവൺമെൻറ് ഏറെറടുത്തിട്ടുള്ള കാര്യങ്ങളം നിർവ്വഹിക്കുന്നതിൽ ഒരു സൽപേരു സമ്പാദിക്കുവാൻ കഴിയും.

സർ, അതുപോലെ ഈ പോലീസ് സേന വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ക്രമസമാധാനം ശരിയായി പാലിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എല്ലാ പോലീസ് സ്റേഷനുകളിലും പോലീസുദ്യോഗസ്ഥൻമാർക്ക് കാര്യനിർവഹണത്തിനു മതിയാകുന്ന വാഹനങ്ങളില്ല. പല ചാർജ്ജിംഗ് സ്റേഷനുകളും ഗവൺമെൻറുവക വാഹനങ്ങളം ഇല്ലാത്തതുകൊണ്ടു പലപ്പോഴും കേസന്വേഷണത്തിനു കക്ഷികളംതന്നെ വാഹനം പിടിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതൊരുതരം കൈക്കൂലിയായിട്ടു പലരും വ്യാഖ്യാനിക്കുകയാണ്. ഈ ഗതികേട് വരാതിരിക്കുന്നതിനുവേണ്ടി കുറഞ്ഞതു രണ്ടു ചാർജിംഗ് സ്റേഷനുകൾക്കെങ്കിലും ഒരു വാഹനം കൊടുക്കേണ്ടതാണ്. അതുപോലെ എല്ലാ ചാർജിംഗ് സ്റേഷനുകളിലും ടെലഫോണുകളം ഫിറ്റു ചെയ്യുന്നതു നന്നായിരിക്കും. അതുപോലെ ഈ സ്റേഷനുകളിൽ ജോലിചെയ്യുന്ന പോലീസുകാർക്ക് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഇത്രയും കാര്യങ്ങളം ചെയ്തുകഴിഞ്ഞാൽ ഒരുവിധം ഭംഗിയായിട്ട് അവരുടെ കൃത്യം നിർവഹിക്കുന്നതിനു പോലീസുകാർക്കു സാധിക്കുമെന്നു വിശ്വസിക്കുകയാണ്. പോലീസ്സേന വികസിപ്പിക്കുമ്പോളം മുമ്പുപറഞ്ഞ കാര്യങ്ങളം ഒന്നുകൂടി ആവർത്തിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തു ഹോം ഗാർഡ്സ് ട്രെയിനിംഗ് കിട്ടിയ വളരെയധികം യുവാക്കൻമാരുണ്ട്. , പോലീസ്സേന വികസിപ്പിക്കുമ്പോളം അവർക്കു മുൻഗണന കൊടുക്കണമെന്നു മുമ്പ് ഞാൻ അഭ്യർത്ഥിച്ചതാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ഒരു മറുപടിയും ലഭിക്കുകയുണ്ടായില്ല. സംസ്ഥാനത്തു വളരെയധികം യുവാക്കൻമാർ പോലീസിൽ ഭേവിയിൽ അവർക്കു പ്രവേശനം ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഹോംഗാർഡ്സ് ട്രെയിനിംഗ് കഴിഞ്ഞ് നിരാശരായി കഴിയുകയാണ്. അവർക്കു മുൻഗണന കൊടുക്കണമെന്ന് ഞാൻ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മറെറാരുകാര്യം എനിക്ക് പറയാനുള്ളത് എയിഡഡ് സ്ക്കൂളുകളിൽനിന്ന് പെൻഷൻ പററിപ്പിരിഞ്ഞവർക്ക് പെൻഷൻ ഇക്കൊല്ലം അനുവദിച്ചു കൊടുത്തതാണ്. അതിൻെറ ഗുണം ലഭിക്കാത്ത മറെറാരു വിഭാഗം അദ്ധ്യാപകൻമാരുണ്ട്. അതായത് ഏതാനും എയിഡഡ് സ്ക്കൂളുകളം ഗവൺമെൻറിനു സറണ്ടർ ചെയ്തപ്പോൾ ആ സ്ക്കൂളുകളിലെ അദ്ധ്യാപകർ ഗവൺമെൻറ് അദ്ധ്യാപകരായിത്തീർന്നു. അതുപോലെതന്നെ ഷിഫ്ററ് സിസ്ററം ഏർപ്പെടുത്തിയപ്പോളം ആയ അദ്ധ്യാപകൻമാരും ഗവൺമെൻറു സർവ്വീസിൽ കയറി. അവർക്കും പെൻഷൻ കിട്ടാതിരിക്കുകയാണ്. അവർക്കു മതിയായ സർവ്വീസ് ഗവൺമെൻറിൽ ഇല്ലെന്ന കാരണത്താൽ അവർക്കു പെൻഷൻ നിഷേധിച്ചിരിക്കുകയാണ്. അങ്ങനെ പെൻഷൻ നിഷേധിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം വളരെയധികം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവർക്കുകൂടി ഇപ്പോൾ അനുവദിച്ചിരിക്കുന്ന എയിഡഡ്സ്ക്കും അദ്ധ്യാപകർക്ക് അനുവദിച്ചിരിക്കുന്ന പെൻഷൻെറ ആനുകൂല്യം കൊടുക്കണമെന്നു ഞാൻ പ്രത്യേകമായിട്ട് അഭ്യർത്ഥിക്കുകയാണ്.

സർ, നമ്മുടെ സംസ്ഥാനം അഭ്യസ്തവിദ്യരുടെയും അല്ലാത്തവരുടെയും തൊഴിൽ പ്രശ്നത്തിൽ വലിയ വിഷമം അനുഭവിക്കുന്ന സംസ്ഥാനമാണ്. ഇവിടെ തൊഴിൽവർദ്ധിക്കുന്നതിനുപകരം നമ്മുടെ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുകളും അന്യ സംസ്ഥാനങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കൊല്ലത്തു പ്രവർത്തിച്ചുവരുന്ന അനേകം കശുവണ്ടി തൊഴിൽ ശാലകളും തെക്കേയറ്റത്തുള്ള പാറശ്ശാല നിയോജകമണ്ഡലത്തിനപ്പുറം തമിഴ്നാട്ടിലേക്കു പോയിക്കൊണ്ടിരിക്കുകയാണ്. അതെല്ലാം കൊല്ലത്തു പ്രവർത്തിച്ചിരുന്നതാണ്. കൊല്ലത്തു കശുവണ്ടി തൊഴിൽശാലകളും നടത്തിവന്ന അതിന്റെ ഉടമസ്ഥൻമാർ ഇവിടെ അവർക്ക് തൊഴിൽ നടത്തുന്നതിനുള്ള അന്തരീക്ഷം ഇല്ലാത്തതിന്റെ പേരിൽ കേരളത്തിന്റെ തൊട്ട് അതിർത്തിയിൽ കിടക്കുന്ന തമിഴ്നാട്ടിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തുള്ള ഒട്ടേറെ തൊഴിൽശാലകളെല്ലാം അയൽ സംസ്ഥാനങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണം എന്താണെന്നു മനസ്സിലാക്കി അതിനൊരുപരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽനിന്നും മുതലാളിമാർ ഇവിടെ മുതൽമുടക്കി വ്യവസായങ്ങൾ വളരണമെന്ന് അഹ്വാനം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്ത് പലതരത്തിലുള്ള തൊഴിൽ സ്ഥാപനങ്ങളും അയൽ സംസ്ഥാനങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഗതികേടാണു മറ്റുള്ളവർക്കു കാണാൻ ഇടവരുന്നത്. ഇവിടെ തൊഴിൽ നടത്തുന്നതിനു സമാധാനപരമായ അന്തരീക്ഷം ഇല്ലെന്നുള്ളതാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. ഇവിടെ ആരെങ്കിലും മുതൽമുടക്കി തൊഴിൽ നടത്തണമെന്നു വിചാരിച്ചു കഴിഞ്ഞാൽ തൊഴിൽ ആരംഭിച്ചു പിറ്റേദിവസം മുതൽ ഘൊരാവോ മറ്റുപല അനിഷ്ടസംഭവങ്ങളും ഇവ അഭിമുഖീകരിക്കേണ്ടിവരുന്നു. ന്യായമായ കാര്യങ്ങൾക്കും ന്യായരഹിതമായ കാര്യങ്ങൾക്കും തൊഴിൽ സമരങ്ങളും ഇളക്കിവിട്ടു തൊഴിൽ സ്തംഭനം ഉണ്ടാക്കുന്ന പരിത:സ്ഥിതിയിൽ തൊഴിൽ അഭിവൃദ്ധിപ്പെടുകയില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധതിരിച്ചു നല്ല രീതിയിൽ തൊഴിൽ നടത്തണമെങ്കിൽ അതിനു നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

11 a.m.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. കേരളസംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ സംബന്ധിച്ചു വ്യക്തമായ ഒരു ചിത്രം വരച്ചുകാട്ടിയ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് കുറെ ആക്ഷേപങ്ങളും മറുഭാഗത്തുനിന്നും ഉന്നയിക്കുകയുണ്ടായി. പക്ഷേ വസ്തുനിഷ്ഠമായ ആക്ഷേപങ്ങളൊന്നും തന്നെ കേൾക്കാൻ കഴിഞ്ഞില്ലെന്നതാണ് ഒരു സവിശേഷത. ബഹുമാനപ്പെട്ട റവ. കെ. രാമകൃഷ്ണൻ പറയുകയുണ്ടായി, ധനകാര്യമന്ത്രി കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചിരിക്കുന്നു എന്ന്. ഈ ബഡ്ജറ്റിനെസംബന്ധിച്ച് ആലോചിക്കുമ്പോൾ ഇന്നത്തെ നാട്ടിന്റെ സാമ്പത്തിക പശ്ചാത്തലംകൂടി കണക്കിലെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സംസ്ഥാനം ഒരു പിന്നോക്ക പ്രദേശമാണ്. ഇൻഡ്യയിലെ പരിത:സ്ഥിതി കണക്കിലെടുക്കുമ്പോൾ മിക്ക സംസ്ഥാനങ്ങളും കേന്ദ്രത്തിൽനിന്നുള്ള ധനാഗമമാർഗ്ഗങ്ങളെ ആശ്രയിച്ചാണ് അവരുടെ ബഡ്ജറ്റ് രൂപീകരിക്കുന്നതെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. നമ്മുടെ പഞ്ചവൽസരപദ്ധതികളുടെ അടിസ്ഥാനപരമായ സമീപനംതന്നെയാണ് ഇത്തരം കമ്മി ബഡ്ജറ്റുകളും സംസ്ഥാനങ്ങളെക്കൊണ്ട് അവതരിപ്പിക്കുവാൻ ഇടയാക്കിയതെന്നുള്ളത് നമുക്കു വിസ്മരിക്കുവാൻ കഴിയുകയില്ല. കാരണം പഞ്ചവൽസരപദ്ധതികൾ ആവിഷ്ക്കരിച്ചപ്പോൾ പിന്നോക്ക പ്രദേശങ്ങളെ തീരെ അവഗണിച്ചുകൊണ്ട് പിന്നോക്ക സംസ്ഥാനങ്ങൾക്ക് കാര്യമാത്ര പ്രസക്തമായ സഹായങ്ങളും നൽകാതേയും അവരെ അവഗണിച്ചുംകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തുടർച്ചയായ കമ്മി ബഡ്ജറുകളും അവതരിപ്പിക്കാൻ ഈ സംസ്ഥാനങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. വാസ്തവത്തിൽ ധനകാര്യമന്ത്രി ഇവിടെ ചെയ്തത് ഇന്ന് ഈ നാട്ടിന്റെ സാമ്പത്തിക പരിതഃസ്ഥിതിയുടെ ആത്മാർത്ഥമായ ഒരു ചിത്രം അവതരിപ്പിക്കുക മാത്രമാണ്. കേന്ദ്രഗവൺമെന്റിനെതിരായി ഒരു ചെറുവിരൽപോലും ചൂണ്ടിയില്ലെന്നു ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറയുമ്പോൾ കേന്ദ്രഗവൺമെന്റിനെതിരായി തോക്കുവരെ ചൂണ്ടിയ ശ്രീ. ഇ. എം. എസ്സിന്റെ രേണത്തിന് എന്തെല്ലാം സാധിക്കാൻ കഴിഞ്ഞു വെന്ന് ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കേണ്ടതായിരുന്നു. ഇക്കാര്യവും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കിയിരിക്കുകയാണ്. അഞ്ചാം ധനകാര്യകമ്മീഷൻ കേരളസംസ്ഥാനത്തോടു വിവേചനപരമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളതെന്നും നമ്മെ അവഗണിക്കുകയാണു ചെയ്തിട്ടുള്ളതെന്നും വ്യക്തമായും അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. അതു കണക്കിലെടുക്കാതെ ജനങ്ങളെ വഞ്ചിച്ചു എന്നു പറയുന്നതു വലിയ ഗതികേടാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുപോലെതന്നെ ഈ നാട്ടിന്റെ സാമ്പത്തിക പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ കേന്ദ്രഗവൺമെന്റിൽനിന്നുള്ള സഹായം നമുക്കു കിട്ടാതിരിക്കുക, അല്പമെങ്കിൽ വേണ്ടത്ര കിട്ടാതിരിക്കുക നമ്മുടെ വിഭവങ്ങൾ തുലോം കുറവായിരിക്കുക, വികസനത്തിന്റെ ആവശ്യങ്ങൾ വർദ്ധിച്ചിരിക്കുക, ഈ സന്ദർഭത്തിൽ ഒരു കമ്മി ബഡ്ജറല്ലാതെ ഗത്യന്തരമില്ലെന്നുള്ളത് ഏതു സാമ്പത്തിക വിദഗ്ധനും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അതേസമയത്ത് ഈ സംസ്ഥാനത്തിലെ ചെലവിനങ്ങളിലേക്കു കടക്കുമ്പോൾ നമുക്കു കാണാൻ കഴിയുന്നതു ഭീമമായ തുക ഗവൺമെന്റുദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്ന വകയിൽ നാം ചെലവാക്കപ്പെടുന്നു എന്നും അതു കഴിച്ചു മിച്ചമുള്ള സംഖ്യ വികസനത്തിനുവേണ്ടി ചെലവാക്കുന്നത് വളരെ പരിമിതമാണെന്നും ആണ്. ഈ ഒരു പരിതഃസ്ഥിതി ഉള്ളതുകൊണ്ട് ഒരു വികസനവുമില്ലാതെ വികസനത്തിനുവേണ്ടി ദാഹിക്കുന്ന പ്രദേശങ്ങളെ പരിഗണിക്കാതെ മിച്ച ബഡ്ജറുണ്ടാക്കി തൃപ്തി അടയാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രമിക്കാത്തതിന് അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്. കുറെ സംഖ്യ വികസനത്തിനുവേണ്ടിയും ചെലവാക്കുമ്പോൾ കമ്മി വരുക സാധാരണമാണ്. സർ, ഈ അവസരത്തിൽ എനിക്കൊരു കാര്യം പറയാനുള്ളത് പഞ്ചവത്സര പദ്ധതികളെസംബന്ധിച്ചു നാം പ്രത്യേകം കണക്കിലെടുക്കണമെന്നാണ്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറിനേയും നാം കണക്കിലെടുക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് കേന്ദ്രത്തിൽനിന്നുള്ള എല്ലാ സഹായങ്ങളും കഴിഞ്ഞകൊല്ലം പ്രതീക്ഷിച്ചു പരാജയപ്പെട്ടതിനുശേഷം വീണ്ടും ശ്രമങ്ങൾ നടത്തി കിട്ടിയില്ലെങ്കിൽ അതിനെതിരായി ശബ്ദമുയർത്താൻ എല്ലാ കക്ഷികളും യോജിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതേസമയം തന്നെ ഈ ബഡ്ജറിൽ പല നല്ല പദ്ധതികളും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞു എന്നതിൽ നാം സന്തോഷിക്കുകയും വേണം. 'നമ്മെസംബന്ധിച്ചു പറയുകയാണെങ്കിൽ കേരളസംസ്ഥാനം കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഒരു സംസ്ഥാനമാണെന്നതിൽ തർക്കമില്ല. നമ്മുടെ 92 ശതമാനം ഭൂമി ഇപ്പോഴത്തെന്നെ കൃഷിചെയ്തുകൊണ്ടിരിക്കുന്നതാണ്. കൂടുതൽ ഭൂമി കൃഷി ചെയ്യാൻ നമുക്കു സാദ്ധ്യമല്ലെന്ന് വളരെ വ്യക്തമായിരിക്കെ ഉള്ള ഭൂമികളിൽ കൂടുതൽ വിളവെടുക്കുന്നതിനുള്ള ശ്രമങ്ങളാണു നമുക്കു സംഘടിപ്പിക്കുവാനുള്ളത്. ആ നിലയ്ക്ക് 'ഏലാ പ്രൊഡക്ഷൻ മുതലായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ നമുക്കു സന്തോഷിക്കാം. അതേ സമയത്ത് കാർഷിക രംഗത്തെക്കുറിച്ച് എനിക്കു പറയാനുള്ളത്, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ഗമാലിയേൽ പറയുകയുണ്ടായി ഇതൊരു വടക്കുനോക്കി ഗവൺമെൻറാണെന്ന്. എനിക്ക് അതിനു നേരെ വിപരീതമായ അഭിപ്രായമാണു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ഈ ഗവൺമെൻറ് ഒരു തെക്കുനോക്കി ഗവൺമെൻറാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതു വ്യക്തമായി കാണാൻ കഴിയുന്നതു കാർഷിക പദ്ധതികളെസംബന്ധിച്ച് ഈ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകകളെ സംബന്ധിച്ചു നോക്കുമ്പോഴാണ്. കായംകുളം കായൽ നികത്താനുള്ള സമഗ്രമായ ഒരു പദ്ധതി ഈ ബഡ്ജറിലുണ്ട്. കുട്ടനാടൻ പ്രദേശം വികസിപ്പിക്കാനുള്ള ഒരു പദ്ധതി ഈ ബഡ്ജറിലുണ്ട്. തൃശൂരിൽ കോൾ നിലങ്ങളെ ഉദ്ധരിക്കാനുള്ള ഒരു പദ്ധതിയും ഈ ബഡ്ജറിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. വാസ്തവത്തിൽ തൃശൂരിൽനിന്നു വടക്കോട്ട് കൃഷിഭൂമികളുണ്ടെന്നും കുറെ കൃഷിസ്ഥലങ്ങളുണ്ടെന്നും അതു വികസിപ്പിക്കേണ്ടതാവശ്യമാണെന്നും ഈ അവസരത്തിൽ ഗവൺമെൻറിനെ ഓർമ്മിപ്പിക്കുകയാണ്. ആ പ്രദേശങ്ങളിലേക്കു പര്യാപ്തമായ സംഗതികളും ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പ്രകാരമുള്ള പദ്ധതികളാണ്. വാസ്തവത്തിൽ മലബാർ പ്രദേശത്ത് വളരെയധികം നദികളുണ്ട്. ആ നദികളുടെ കരയിൽ വളരെയധികം ഭൂപ്രദേശങ്ങളും കൃഷിസ്ഥലങ്ങളുമുണ്ട്. ഈ നദിയിലെ വെള്ളം കടലിലേക്ക് പോകുന്നതു തടഞ്ഞുകൊണ്ടുവന്ന് ലിഫ്റ്റ്ചെയ്തു കൃഷിഭൂമികൾക്ക് ഉപയുക്തമാക്കുകയാണെങ്കിൽ മൂന്നു പൂവു വിളവുണ്ടാക്കാൻ കഴിയുമെന്നുള്ളതു ഒരു പരമാർത്ഥമാണ്. അതുകൊണ്ട് മലബാർ പ്രദേശത്തെ പുഴയുടെയും കൃഷിഭൂമികളുടെയും കാര്യം കണക്കിലെടുത്തുകൊണ്ട് ലിഫ്റ്റ് ഇറിഗേഷനു സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെൻറിനെ ഉണർത്താൻ ഞാനാഗ്രഹിക്കുകയാണ്.

വ്യവസായത്തെസംബന്ധിച്ച് വളരെയധികം പിന്നോക്കം നിൽക്കുകയും പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന ഒരു പ്രദേശമാണ് നമ്മുടേത്. ഇൻഡ്യാഗവൺമെൻറിൻറെ ഇക്കൊല്ലത്തെ ബഡ്ജറിൽ പിന്നോക്ക ജില്ലകളെ കണക്കിലെടുത്തുകൊണ്ട് ഈ ജില്ലകളിൽ പ്രത്യേകം വ്യവസായ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയുണ്ടെന്നു കാണാൻ കഴിയുന്നുണ്ട്. അതിൽ ഉൾക്കൊള്ളുന്ന തുകയിൽ കുറെസംഖ്യ കേരളത്തിനു കിട്ടാൻ കഴിയുമോ എന്നു നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ശ്രമിക്കണമെന്നും ആത്മാർത്ഥമായ സമ്മർദ്ദം ചെലുത്തണമെന്നും ഞാൻ അപേക്ഷിക്കുകയാണ്. വ്യവസായികമായി പിന്നോക്കം നിൽക്കുന്ന കുറെ ജില്ലകളെ കേന്ദ്രമാക്കി വ്യാവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ഇൻഡ്യാ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നു. അത്തരം പദ്ധതികളും ഒരു വ്യവസായശാലപോലുമില്ലാത്ത മലപ്പുറം ജില്ലപോലുള്ള പ്രദേശങ്ങളിൽ ഏർപ്പെടുത്തുകയും വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ പുരോഗമിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ ഗവൺമെൻറിനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറിൽ അവഗണിക്കപ്പെട്ട പല വിഭാഗങ്ങളേയും ഉദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതിയും കാണുന്നുണ്ട്. അക്കൂട്ടത്തിൽ പെട്ടതാണ് മൽസ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയും അതുപോലുള്ള പദ്ധതികളും. കുറെകാലങ്ങളായി അവർ ജീവിക്കുന്ന പുര കെട്ടിക്കൊടുക്കുന്ന് പദ്ധതി തുടരുന്നുണ്ടെങ്കിലും അവരുടെ ജോലിക്ക് ഒരു സുരക്ഷിതത്വവും അപകടങ്ങൾക്ക് സംരക്ഷണവും നൽകാൻ ഇതുവരെയുള്ള ഗവൺമെൻറുകൾക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഈ ബഡ്ജറിൽ മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഒരു വാക്കുകൂടി ഗവൺമെൻറിനെ ഉണർത്താൻ ഞാനാഗ്രഹിക്കുകയാണ്. മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന കുടിലുകൾ വാസ്തവത്തിൽ വളരെ ദയനീയമാണ്. അവർക്ക് ഒരു ഭവനനിർമ്മാണപദ്ധതികൂടി ആവിഷ്ക്കരിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറിൽത്തന്നെ ഒരു ഹൗസിംഗ് ബോർഡ് ഉണ്ടാക്കാനുള്ള തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ ഹൗസിംഗ് ബോർഡ് രൂപീകരിക്കുമ്പോൾ അതിന്റെ കീഴിൽ മൽസ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു ഭവനനിർമ്മാണ പദ്ധതികൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

മൽസ്യബന്ധനത്തെ സംബന്ധിച്ചു പറയുമ്പോൾ ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. വിഴിഞ്ഞത്തും നീണ്ടകരയിലും കൊച്ചിയിലും എല്ലാം ഫിഷിംഗ് ഹാർബറുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മൽസ്യബന്ധനത്തിന് ഏക്കാലവും കീർത്തികേട്ട പ്രദേശമാണ് താന്നൂർ. താന്നൂർ ആസ്ഥാനമാക്കി ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കുകയെന്നുള്ളത് ആ പ്രദേശത്തെ ഫിഷിംഗ് അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്നുള്ളതുകൊണ്ട് ഒരു ഫിഷിംഗ് ഹാർബർ അവിടെകൂടി ഉണ്ടാക്കണമെന്ന് ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. സി. വാമദേവൻ: വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഒരുകൊല്ലമായി നിലച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: പ്രവർത്തനം നിലച്ചാലും ആ പദ്ധതി അവിടെത്തന്നെയുണ്ട്. അതു പൂർത്തിയാകുമെന്നുള്ളത് തീരുമാനമായ സംഗതിയാണ്. അതുകൊണ്ട് മറ്റു സ്ഥലത്ത് ഫിഷിംഗ് ഹാർബർ ഉണ്ടാക്കികൂടാ എന്നുള്ളതാണോ അങ്ങയുടെ വാദം?

സർ, വിദ്യുച്ഛക്തിയെസംബന്ധിച്ച് ഈ ബഡ്ജറ് പ്രസംഗത്തിൽ പറയുന്നത്, നമ്മുടെ സംസ്ഥാനത്തെ വിദ്യുച്ഛക്തിയുടെ സ്ഥിതി വളരെ മെച്ചമാണെന്നും നമ്മൾ അന്യ സംസ്ഥാനങ്ങൾക്ക് വിദ്യുച്ഛക്തി ധാരാളം കൊടുക്കുന്നുണ്ടെന്നുമുള്ള ഒരഭിമാനമാണ് ഇതിൽ പറഞ്ഞു കാണുന്നത്. പക്ഷേ വിതരണക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഇലക്ട്രിസിറ്റിബോർഡ് കാണിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ സഭതന്നെ കുറെ കടം എടുക്കാനുള്ള അനുവാദം ഇലക്ട്രിസിറ്റി ബോർഡിനു നൽകുകയുണ്ടായി. ഗാന്ധിശതാബ്ദിയോട് അനുബന്ധിച്ച് കുറെ വില്ലേജുകൾ ഇലക്ട്രിഫൈ ചെയ്യാനുള്ള ഒരു സ്കീമുമായി വന്നപ്പോൾ ആ സ്കീമിന് ഈ സഭതന്നെ അനുവാദം നൽകുകയുണ്ടായി. പക്ഷേ ഇക്കാലമത്രയും ഞങ്ങളുടെ പ്രദേശത്ത് ഒരു വില്ലേജുപോലും ഇലക്ട്രിഫൈ ചെയ്യാൻ സാധിച്ചിട്ടില്ലെന്നുള്ളത് വളരെ പരിതാപകരമായ ഒരു സംഗതിയാണെന്നുള്ളത് ഈയവസരത്തിൽ ഞാൻ ഉണർത്തുകയാണ്. സർ, നമ്മുടെ ഈ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള നികുതിനിർദ്ദേശങ്ങളെ സംബന്ധിച്ചുകൂടി രണ്ടുവാക്കു പറയാനുണ്ട്. ടാക്സേഷൻ എങ്കുയറി കമ്മിറ്റി ഈ സംസ്ഥാനത്ത് നികുതി എങ്ങനെയാണ് ചുമത്തേണ്ടതെന്നും അതിന്റെ അടിസ്ഥാനം എന്തായിരിക്കണമെന്നും അതിന്റെ ഇൻസിഡൻസ് എവിടെ എത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിഭവങ്ങൾ നീതിപൂർവ്വകമായി വിതരണം നടത്തുക എന്ന ഉദ്ദേശമായിരിക്കണം നികുതികൾ ഏർപ്പെടുത്തുന്നതിന്റെ ലക്ഷ്യമെന്ന് ടാക്സേഷൻ എൻക്വയറി കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുപ്രകാരംതന്നെ നികുതിദായകന്റെ കഴിവുകൂടി കണക്കിലെടുത്തുകൊണ്ട് ആയിരിക്കണം നികുതി നിർദ്ദേശങ്ങൾ വയ്ക്കുന്നതെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടിരിക്കുകയാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഇപ്പോൾ ഏർപ്പെടുത്തിയ പുതിയ നികുതിയിനത്തിൽ ഒന്നുരണ്ടു സംഗതികളിൽ അപാകതയുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. രണ്ടു സംഗതികളിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ഇന്നു സോപ്പിന് ഏർപ്പെടുത്തിയിട്ടുള്ള ദ്വിമുഖ നികുതി ഒരിക്കലും ന്യായീകരിക്കാൻ നിവൃത്തിയില്ല. ഇന്നു സാധാരണക്കാരൻ എപ്പോഴും ഉപയോഗിച്ചുവരുന്ന ഒരു വസ്തുവാണ് സോപ്പ്. അതിന് ബഹുമുഖനികുതി ഏർപ്പെടുത്തുന്നതുമൂലം അതിന്റെ ഭാരം വരുന്നത് സാധാരണക്കാരുടെ ചുമലിലാണ്. അതില്ലാതാക്കാൻ ഈ നികുതിനിർദ്ദേശം പിൻവലിക്കണമെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

സർ, അതുപോലെതന്നെയാണ് ഐസിന്റെ മേലുള്ള നികുതിയും. ഐസിനെസംബന്ധിച്ചു പറയുകയാണെങ്കിൽ അതു ബാധിക്കുന്നത് സാധാരണക്കാരായ കൺസ്യൂമേഴ്സിനെയായിരിക്കും. കാരണം മൽസ്യം വിദേശങ്ങളിലേയ്ക്കു കയറ്റിഅയയ്ക്കുന്നവർക്ക് അതിന്റെ മേലുള്ള നികുതി വരുന്നില്ല. അവർ ഐസുണ്ടാക്കി സ്വന്തമായി ഉപയോഗിക്കുകയാണ്. അതു വിൽപനസമയത്തു മാത്രമാണ് ഈ നികുതി ചുമത്താനുള്ള നിർദ്ദേശം. അങ്ങനെയാണെങ്കിൽ ചെറിയതരം മൽസ്യക്കച്ചവടക്കാരെയും ഉപഭോക്താക്കളെയുമാണ് ഈ നികുതി ബാധിക്കുകയെന്നുള്ളതുകൊണ്ട് ഈ നികുതിയും എടുത്തുകളയാൻ ശ്രമിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഈയവസരത്തിൽ ഉണർത്താൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെയാണ് സ്വർണ്ണത്തിന്റെ മേലുള്ള നികുതി. വാസ്തവത്തിൽ ടാക്സേഷൻ എങ്കുയറി കമ്മിറ്റി സ്വർണ്ണം ഒരു ലക്ഷ്വറി ആർട്ടിക്കിളായി കണക്കാക്കിയിട്ടുണ്ടെങ്കിലും ആ അടിസ്ഥാനത്തിലല്ല ഞാൻ പറയുന്നത്. നാം ഒരു നികുതി ഏർപ്പെടുത്തുമ്പോഴും ഒരു വ്യവസായം മറ്റു സ്ഥലങ്ങളിലേയ്ക്കു ഷിഫ്റ്റു ചെയ്യാതിരിക്കാനായിരിക്കണം ശ്രമിക്കേണ്ടത്. ഇപ്പോഴും ആവിഷ്ക്കരിച്ച രീതിയിൽ സ്വർണ്ണത്തിന്റെ മേൽ നികുതി വരികയാണെങ്കിൽ ഇവിടെയുള്ള സ്വർണ്ണാവശ്യക്കാർ അയൽസംസ്ഥാനങ്ങളിൽപോയി സ്വർണ്ണം വാങ്ങിക്കേണ്ടിവരുകയും ഇവിടത്തെ സ്വർണ്ണക്കച്ചവടം ഇല്ലാതാവുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകുമെന്ന് ഗവൺമെന്റ് മനസ്സിലാക്കണം. മാത്രമല്ല, ഈ നിർദ്ദേശം ശ്രീമാൻ മൊറാർജിദേശായി സ്വർണ്ണക്കച്ചവടക്കാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയതുപോലെയുള്ള അനുഭവം ഇല്ലാതാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ചെയർമാൻ:</u> ശ്രീ. കെ. പി. ആർ. ഗോപാലന് പത്തുമിനിട്ടു സംസാരിക്കാം.

<u>ശ്രീ. കെ. പി. ആർ. ഗോപാലൻ:</u> ദയവായി സ്പീക്കർ അതു പറയരുത്, വിഷമമുള്ള കാര്യമാണ്. പത്തുമിനിട്ടേ സമയമുള്ളൂ എന്നു ആദ്യം പറയുന്നത് പ്രയാസമാണ്. ഈ ബൂർഷ്വാ ഡെമോക്രസി എന്നു പറഞ്ഞാൽ എന്താണ്? അതിന്റെ പൊള്ളസ്വഭാവം ഏകദേശം ആളുകൾക്ക് മനസ്സിലായികഴിഞ്ഞിട്ടുണ്ട്. പ്രസംഗിക്കാൻ എഴുന്നേറ്റപ്പോഴേതന്നെ പത്തു മിനിട്ടെന്നാണ് സ്പീക്കർ പറഞ്ഞത്. ബൂർഷ്വാഡെമോക്രസിയുടെ പ്രകൃതി ഇങ്ങിനെയാണ്. സമയമില്ലപോലും! ധാരാളം സമയം അനാവശ്യമായി നാം ചിലവഴിക്കാറില്ലേ? കൊല്ലങ്ങളായി ബൂർഷ്വാഡെമോക്രസിയുടെ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിട്ടുള്ള രാഷ്ട്രീയപാർട്ടികളാണ് ഇവിടെയിരിക്കുന്നത്. ഞാനൊരു പുതിയ രാഷ്ട്രീയപാർട്ടിയുടെ പ്രതിനിധിയാണ്. കമ്മ്യൂണിസ്റ്റ് റെവല്യൂഷനറി പാർട്ടിയുടെ 1967—ൽ ഇവിടെ ഉണ്ടായത് മാർക്സിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണിഗവൺമെന്റാണ്. രണ്ടരക്കൊല്ലം കഴിഞ്ഞിട്ടു വലതുകമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള കുറുമുന്നണിഗവൺമെന്റു വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഒരു ചോദ്യം. സി. ആർ. പി. യെ ഓടിക്കണമെന്നുപറയുന്നത് കമ്മ്യൂണിസ്റ്റ് വെല്യൂഷണറി പാർട്ടിയെയാണോ?

ശ്രീ. കെ. പി. ആർ. ഗോപാലൻ: സി. ആർ. പി. യെ ഓടിച്ച് ഞങ്ങൾ വരുമെന്നാണ് അർത്ഥം. ഇവിടെ എന്താണ് നടക്കുന്നത്? ബൂർഷ്വാ ഡെമോക്രസിയെപ്പറ്റി കമ്മ്യൂണിസ്റ്റു തത്വസംഹിതകളുടെ കർത്താക്കൾ പറഞ്ഞിട്ടുണ്ടായിരുന്ന കാര്യങ്ങൾ സത്യമാണെന്ന് നമ്മുടെ സഖാവ് ശേഷൻ അടക്കമുള്ള ആളുകൾ അംഗീകരിക്കുമോ? ശേഷന്റെ വർഗ്ഗബോധത്തെപ്പറ്റിയും ശേഷിയെപറ്റിയും ശേമുഷിയെപ്പറ്റിയും എനിക്കു ചോദ്യമില്ല. ശേഷൻ മെമ്പറായിരുന്നപ്പോൾ പ്രസംഗിച്ചിട്ടുള്ളത് എന്തു ആവേശകരമായിട്ടായിരുന്നു. അദ്ദേഹം മന്ത്രിക്കസേരയിലെത്തിയപ്പോൾ ആളങ്ങുമാറി! ഇപ്പോൾ പറയുന്നതെന്താണെന്നോ? പ്രതീക്ഷിക്കാം, പ്രതീക്ഷിക്കുന്നു, പ്രത്യാശിക്കാം, പ്രത്യാശിക്കുന്നു, ബഡ്ജറ്റിലുള്ള ചില വാക്കുകളാണിവ; പോരെ, സോഷ്യലിസം ആയില്ലേ? സർവ്വവും പ്രതീക്ഷകൾ! ശേഷൻ ഒരു വർഗ്ഗബോധം കാണിച്ചിട്ടുണ്ട്; അദ്ധ്യാപകവർഗ്ഗത്തോടുള്ള വർഗ്ഗബോധം ഒരു ഗവൺമെന്റ് നല്ലതോ ചീത്തയോ എന്ന് നിശ്ചയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? സാമാന്യജനങ്ങൾക്ക്, സാധുക്കൾക്ക് എന്തെങ്കിലും ഗുണം ഈ ബഡ്ജറ്റുകൊണ്ട് ഉണ്ടായിട്ടുണ്ടോ? ഇരന്നുനടക്കുന്ന ലക്ഷോപലക്ഷം പേർ ഈ കേരളത്തിലുണ്ട്. അവരുടെ പ്രശ്നമൊന്നും ബഡ്ജറ്റിലില്ല. ആയിരക്കണക്കിനുള്ള തൊഴിലില്ലാത്തവരും തൊഴിലാളികളും പട്ടിണിയിലാണ്. അങ്ങനെയുള്ള ഒരു ജനവിഭാഗം ഈ രാജ്യത്തുണ്ടെന്നു ആലോചിച്ചിട്ടുണ്ടോ? പിന്നെ ആർക്കുവേണ്ടിയാണ് ഈ ബഡ്ജറ്റ്? ഈ ബഡ്ജറ്റ് വരവുചിലവ് കണക്കാണ്. എന്താണ് ബഡ്ജറ്റിൽ എഴുതിവച്ചിരിക്കുന്നത്? 25 കോടി രൂപയുടെ കമ്മി! 100 കോടിരൂപ കമ്മിയുണ്ടെന്ന് എഴുതിവയ്ക്കരുതോ? നൂറുകോടി രൂപാ കമ്മി വെച്ചാൽ എന്താണ് തടസ്സം? 25 കോടി രൂപ കമ്മിവെച്ചിട്ട് മാസ്റ്റർമാർക്ക് 45 രൂപാ പെൻഷൻ കൊടുക്കുന്നു. നൂറുകോടി രൂപ കമ്മിവെച്ചിട്ട് തൊഴിലില്ലാത്തവർക്ക് തൊഴിൽ കിട്ടുന്നതിനും. , അവർക്ക് മനുഷ്യരായി ജീവിക്കുന്നതിനും പറ്റിയ ഒരു പ്രൊവിഷൻ എന്താണ് വെയ്ക്കാത്തത്? ഇവിടെ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നു! നിങ്ങൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നത്? കരുണാകരനും ജോർജിനുംവേണ്ടിയാണോ? കോൺഗ്രസ്പാർട്ടി ഇപ്പോൾ രണ്ടു ബഞ്ചുകളിലാണിരിക്കുന്നത്. ഇനി എത്രയാകുമെന്നു കണ്ടറിയണം. അവർ കമ്മ്യൂണിസ്റ്റുകാർ ഭിന്നിച്ചതിനെപ്പറ്റി പരിഹസിച്ചവരാണ്. ഈ രാജ്യത്തു സ്വാതന്ത്ര്യപ്രഖ്യാപനത്തിന്നുശേഷം വേണ്ടതൊന്നും നടന്നിട്ടില്ലെന്നുള്ളതാണ് സത്യം. റഷ്യയിൽനിന്നും അമേരിക്കയിൽനിന്നും ജപ്പാനിൽനിന്നുമെല്ലാം ഇരന്നുനടന്ന് കടം വാങ്ങിച്ച് കുറെ കാശുകൊണ്ടുവന്നു ഇവിടത്തെ കുറെയാളുകൾ പണക്കാരായിട്ടുണ്ട്. സോഷ്യലിസത്തിന്റെ പേരിൽ വലിയവലിയ കുത്തകമുതലാളിമാരെ സഹായിക്കുകയാണ്. ഇപ്പോഴെന്താ? ബാങ്ക് നാഷണലൈസേഷൻ! സ്റ്റേറ വന്നില്ലേ? ഇവിടെ ഒരു ലാൻഡ്ബിൽ പാസ്സാക്കിയെന്നല്ലേ പറയുന്നത്. അതിന്റെ സ്ഥിതി എന്താണ്? ഇപ്പോൾ കോടതിയിൽ റിട്ട് ഫയൽ ചെയ്തിരിക്കുകയാണ്.—സ്റ്റേറ വന്നുകൂടായ്കയുണ്ടോ? ബൂർഷ്വാഡെമോക്രസിയിൽ കോടതിയാണ് ജനപ്രതിനിധികളല്ല പരമാധികാരികൾ. ഭരണഘടനയിൽ എന്താണെഴുതിവെച്ചിരിക്കുന്നത്? ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ഉണ്ടാക്കുന്ന ഭരണഘടനയെന്നാണ്. പക്ഷേ ഇവിടെ ബൂർഷ്വാഭരണകൂടമാണ്. ബൂർഷ്വാ പാർലമെന്റ് അശ്ലീലത്തിന്റെ കേന്ദ്രങ്ങളല്ലെ? ഞങ്ങൾ ഇതൊന്നും വേണ്ടെന്നു വിചാരിച്ച് പോയവരാണ. ഇവിടെ അസംബ്ളിയിൽ എന്താണ് നടന്നത്? നാട്ടുകാർക്ക് പരിഹാസമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വന്നു പ്രസംഗിച്ചിട്ട് എന്താ കാര്യം?. പ്രസംഗിക്കാൻ തുടങ്ങുമ്പോഴേ ബെല്ലടിക്കും. ജനാധിപത്യസോഷ്യലിസമാണ്. ഇടതുകമ്മ്യൂണിസ്റ്റുകാർ ഭരണബെഞ്ചിലിരുന്നവരാണ്. അവർ മറുഭാഗത്ത് എത്തിയതെങ്ങനെ? പരസ്പരം സഹോദരപ്പോരു നടത്തുകയായിരുന്നില്ലേ? ഇതു സാധുക്കളായ ജനങ്ങളെ സഹായിക്കുകയാണോ ചെയ്തിട്ടുള്ളതെന്ന് കമ്മ്യൂണിസ്റ്റുകാർ ആലോചിക്കണം. വലതും ഇടതും കമ്മ്യൂണിസ്റ്റുപാർട്ടികളാണ് കൂടുതൽ ദ്രോഹം ചെയ്തിട്ടുള്ളത്. വലതുകാർ കോൺഗ്രസുമായി കൂടി. മാർക്സിസ്റ്റുകാർ വിപ്ലവം നടത്തുമെന്നു പറഞ്ഞ് വഞ്ചിച്ചു. വർഗ്ഗീസിനെപ്പോലെയുള്ള സഖാക്കൾ അതിവിപ്ലവസാഹസികത്വത്തിലേയ്ക്ക് നീങ്ങി. പക്ഷേ വർഗ്ഗീസിനെ പിടിച്ചുകൊല്ലാൻ ആർക്കാണ് അധികാരം? രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ കൊന്ന ഗോഡ്സേയെപോലും വിചാരണചെയ്തില്ലേ? ഞാൻ സി. എച്ച് മുഹമ്മദുകോയയോട് ചോദിക്കുകയാണ്,മാരാരെ അറിയാമോ? പി. ആർ. കുറുപ്പിനെ അടിച്ചയാളാണ് മാരാർ. ഗവർണ്ണരെ കല്ലെറിഞ്ഞ ആളാണ്. അദ്ദേഹമാണ് സി. എച്ച്. മുഹമ്മദുകോയയെ പേടിപ്പിച്ചത്. അയാളം നോവിച്ചിട്ടില്ല. പേടിപ്പിക്കാൻ വേണ്ടി എന്തോ ചുവരിൽ എറിഞ്ഞതാണത്രെ. മാധവമേനോനെ കൊലയാളി മന്ത്രിയെന്നുവിളിച്ചു. സി. എച്ചിനെ എന്തു വിളിക്കണം? സി. പി. രാമസ്വാമിഅയ്യർ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ചോരയിൽ മുക്കി കൊല്ലാൻ ശ്രമിച്ചു. അന്നു കഷ്ടതഅനുഭവിച്ചവരെയും കുടുംബങ്ങളേയും ഏതെങ്കിലും ഗവൺമെൻറ് സഹായിച്ചോ? കടയ്ക്കൽ കല്ലറ സമരങ്ങളിൽ ദുരിതമനുഭവിച്ച കുടുംബങ്ങളം ഇന്നും കഷ്ടപ്പെടുകയല്ലേ?

ചെയർമാൻ: സമയമായിപ്പോയി.

കെ. പി. ആർ. ഗോപാലൻ: അങ്ങനെയാണെങ്കിൽ ഈ അസംബ്ളിയിൽ വരുന്നതങ്ങു നിർത്തിയേക്കാം. പൌരസ്വാതന്ത്ര്യം നേടാൻ എല്ലാ പാർട്ടികളും തയ്യാറാവണം. ഈ ബൂർഷ്വാ ഡെമോക്രസി സോഷ്യലിസം ഉണ്ടാക്കുകയില്ല. സി. എച്ച്. മുഹമ്മദുകോയ ആയാലും ഇ. എം. എസ് ആയാലും കോൺഗ്രസ്സിന്റെ ഭരണത്തിലായാലും രാഷ്ട്രീയ തടവുകാരെ മൂത്രം കുടിപ്പിച്ചും ചോരകുടിപ്പിച്ചും അടിച്ചും ഇടിച്ചും വെടിവെച്ചും മർദ്ദിച്ച അനുഭവമേയുള്ളൂ. സോഷ്യലിസത്തിൽ മാത്രമേ ജനാധിപത്യം പുലരൂ. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നിട്ടു ലാത്തിചാർജ്ജും വെടിവെയ്പും നടന്നു. ബൂർഷ്വാഭരണ കൂടത്തിൽ ഭരിച്ചാലും ഈ സ്ഥിതിവിശേഷം തുടരും. ഇപ്പോഴാണെങ്കിലോ രാജ്യം മുഴുവനും അടിതന്നെ. സി. ആർ. പി. ഈ രാജ്യംമുഴുവൻ അടിനടത്തുകയാണ്. സി. ആർ. പിക്ക് ഇവിടത്തെ ഭാഷ അറിയുകയില്ല. അടി അടി അടി തന്നെ. മുഹമ്മദുകോയയാണോ അടിച്ചത്, അല്ല, പക്ഷേ ആർക്കാണ് പേര്. അച്യുതമേനോനാണോ അടിച്ചത്, അല്ല, ആർക്കാണ് പേര്. അടിക്കുന്നത് ആരായാലും ഗവൺമെൻറ് അതിന്റെ ഉത്തരവാദിത്വം വഹിക്കണം. ഗവർണ്ണർ ഭരണകാലത്ത് എല്ലാ പാർട്ടിക്കാരുംകൂടി യോജിച്ച് സമരം ചെയ്തു. ആറ് ഔൺസ് റേഷൻ നാലൗൺസ് ആക്കിയപ്പോഴും ഈ രാജ്യത്തെ ആളുകളം ഒറക്കെട്ടായിനിന്ന് 24 മണിക്കൂർകൊണ്ട് അരിറേഷൻ വർദ്ധിപ്പിച്ചു. ഇപ്പോഴും വിതരണം ചെയ്യുന്ന പശപ്പച്ചരി ഒന്നു നോക്കണം.

(ഒരു കവറിൽനിന്നും പശപ്പച്ചരിയാണെന്നുതോന്നുന്നു കൈയിലേയ്ക്ക് തട്ടി)

ഇത് തിരുവനന്തപുരം പട്ടണത്തിൽ ഇവിടത്തെ ഉദ്യോഗസ്ഥൻമാർക്കു വിതരണം ചെയ്യുന്നതാണ്. നമ്മുടെനാട്ടിലൊക്കെയാണെങ്കിൽ ഇതിനെക്കാളും മോശമായ അരിയാണ്. അവർക്കാണെങ്കിലോ,ഗവൺമെൻറ് ജീവനക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും മിണ്ടാൻപോലീം പാടില്ല. ലീവെടുത്തുകൂടാ. ലീവെടുത്താൽ നടപടിയെടുക്കും. പോലീസ് വീടുകളിൽചെന്ന് ആയുധമന്വേഷിച്ച് ഭീഷണിപ്പെടുത്തുകയാണ്. ആയിരമായിരം തോക്കുകളും ലൈസൻസോടുകൂടിയും അല്ലാതെയും മുതലാളിമാരുടെ കൈയിലുണ്ട്. ഏതൊന്നും പ്രശ്നമല്ല! അവർക്ക് ആരെയും വെടിവെയ്ക്കാം. അങ്ങനെയൊക്കെയാണ് ഇവിടെ ഇപ്പോഴും കാര്യങ്ങളും നടക്കുന്നത്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, ഈ ബ്യൂർഷ്വാഡെമോക്രസി ആഭാസമാണെന്നാണ്. നിങ്ങളും ഭരിക്കുകയാണെങ്കിൽ ശരിക്കു ഭരിക്കണം. മലബാറിൽ എന്താണു നടന്നത്. മുസ്ലിം ലീഗു നേതാവായ ബാഫക്കിതങ്ങളും മുസ്ലിങ്ങളും പോലീസിനെ സഹായിക്കണമെന്നു പറഞ്ഞതിന്റെ പേരിൽ അവിടെ ഇന്ന് വല്ലാത്ത ഒരു അന്തരീക്ഷമാണ് ഉണ്ടായിരിക്കുന്നത്. അടിക്കാൻവേണ്ടി പോലീസിനെ അഴിച്ചുവിട്ടാൽ പിന്നെ പിടിച്ചുനിർത്താൻ സാധിക്കുകയില്ല. മുമ്പ് മലബാറിൽ വെടിവെയ്പുനടത്തിയവർ പിന്നീട് മദ്രാസിൽ ആളുകളെ നിരത്തി വെടിവെയ്ച്ചുകൊന്നു. അന്വേഷണപ്രഹസനങ്ങളുംകൊണ്ട് കാര്യമില്ല. മലബാറിൽ ഇന്ന് മന്ത്രി ശ്രീമാൻ കോയയുടെ പേരിൽ പല പ്രചരണങ്ങളും നടക്കുന്നുണ്ട്. മന്ത്രിയുടെ പേരിൽ തെറ്റായോ ശരിയായോ പ്രചരണം നടത്താനുള്ള സാഹചര്യങ്ങളും ഉണ്ടാകുന്നതുകൊണ്ട് പരസ്യാന്വേണത്തിന്ന് ആവശ്യമായ നടപടികളും സ്വീകരിക്കണം. ജനാധിപത്യവിപ്ലവത്തിന്റെ പരിപാടികളും നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ഇറങ്ങിപ്പോവുകയാണ് നല്ലത്. ശേഷമെ ഞാൻ ഇഷ്ടപ്പെടുന്നത് ജനങ്ങളുടെ പ്രതിനിധിയായിട്ടാണ്. ബ്യൂർഷ്വാഭരണത്തിന്റെ ബഡ്ജറ് മന്ത്രി എന്ന നിലക്കല്ല.

ചെയർമാൻ: സമയം തീർന്നു. അവസാനിപ്പിക്കണം.

ശ്രീ. കെ. പി. ആർ. ഗോപാലൻ: എങ്കിൽ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: സർ, ധനകാര്യമന്ത്രി ശ്രീ. ശേഷൻ അവതരിപ്പിച്ച ഈ ബഡ്ജറിനെ ഞാൻ എതിർക്കുകയാണ്. എതിർക്കുന്നതിന് വളരെയധികം കാരണങ്ങളുണ്ടെങ്കിലും അതിനെക്കുറിച്ച് നീണ്ടു പ്രസംഗിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. നികുതികളുടെ ഘോഷയാത്രയാണ് നാം ഇതിൽ കാണുന്നത്. കറുത്തമുണ്ട് വെളുപ്പിച്ചെടുക്കാൻ ഉപയോഗിക്കുന്ന കാരം സോപ്പ് മുതലായ സാധാരണക്കാർ ഉപയോഗിക്കുന്ന സാധനങ്ങൾക്കും നികുതി വർദ്ധിച്ചിരിക്കുകയാണ്. ഈ ബഡ്ജറ് അവതരിപ്പിച്ചിരിക്കുന്നത് ശ്രീ ശേഷൻമാസ്റ്ററല്ല, അദ്ദേഹത്തിൽ ഇരിക്കുന്ന മന്ത്രിയാണ്. ഈ രാജ്യത്തെ പോലീസുകാർ കൊണ്ടുനടക്കുന്നത് ഓടക്കുഴലല്ല ലാത്തിയാണെന്ന് ഭംഗിയായ ഭാഷയിൽ പറയാൻ കഴിവുള്ള പണ്ഡിതനാണ് അദ്ദേഹം. പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കണം, പരിഷ്ക്കൃതമായ യന്ത്രങ്ങളും ഉപകരണങ്ങളും പോലീസിനുവേണ്ടി വാങ്ങിക്കണം. ഇപ്പോഴും കുറ്റം കണ്ടുപിടിക്കുന്നത് മോശമായ നിലയിലാണ്. അങ്ങനെ പോലീസിനെ പരിഷ്ക്കരിച്ചെടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ശ്രീമാൻ ശേഷൻ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറിന്റെ പട്ടിക നീണ്ടുനീണ്ടുപോകുന്നതെന്ന് കാണാൻ സാധിക്കും. സി. ആർ. പി. എന്നു പറയുന്നതുതന്നെ നമ്മുടെ രാജ്യത്ത് രണ്ടുതരമുണ്ട്. കടംപറ പോലീസും നാടൻപറ പോലീസും. അതുപോലെതന്നെ കടത്തുടിയും നാടൻ തുടിയും നമുക്കൊക്കെ അറിയാം. ഒരു ഗവൺമെന്റിന്റെ പ്രവർത്തനം പരിശോധിക്കുന്നത് അവർ സ്വീകരിച്ചിട്ടുള്ള നയങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രത്യേകിച്ചും പോലീസ് നയം ഈ രാജ്യത്തെ സാധാരണക്കാരെയും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കുന്ന ജനവിഭാഗങ്ങളേയും കർഷകത്തൊഴിലാളികളെയും എങ്ങനെ ബാധിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സ്വാഭാവികമായും

LIBRARY ARCHIVES Kerala Legislative Assembly

നാം ബഡ്ജറിനെ വിലയിരുത്തുന്നത്. അങ്ങനെ ഈ ബഡ്ജറിനെപ്പറ്റി പരിശോധിക്കുമ്പോൾ ഈ രാജ്യത്തു നടന്നിട്ടുള്ള മർദ്ദനങ്ങളുടെ ഘോഷയാത്രയെപ്പറ്റി പറയാതെ കടന്നുപോവുക സാധ്യമല്ല. നമ്മുടെ ബഡ്ജറിൽ പോലീസിനുവേണ്ടി ഗണ്യമായ തുക നീക്കിവച്ചിട്ടുണ്ട്. ഇങ്ങനെ തുക കൊള്ളിക്കുമ്പോൾ ഈ രാജ്യത്തെ പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന നരനായാട്ടിനെപ്പറ്റി പ്രതിപാദിക്കാതിരിക്കാൻ സാധ്യമല്ല. നമ്മുടെ രാജ്യത്ത് ഇന്നു നടക്കുന്നത് എന്താണ്. നടക്കുന്നതെല്ലാം വേദനാജനകമായ കാര്യങ്ങളാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇവിടത്തെ ജനങ്ങളെ അടിച്ചമർത്തിയാൽ അതിനെ പുല്ലുപോലെ കണക്കാക്കിക്കൊണ്ടു മുന്നോട്ടുപോകാൻ കഴിവുള്ള ആളുകളാണ് ഈ രാജ്യത്തുള്ളതെന്ന വിവരം ശ്രീമാൻ ശേഷനും ശ്രീമാൻ സി.എച്ച്. മുഹമ്മദുകോയയ്ക്കും അറിഞ്ഞുകൂടായിരിക്കാം. അവർക്ക് അത് അറിഞ്ഞുകൂടെന്നു പറയുന്നതിനും കാരണമുണ്ട്. തൊഴിലാളികളുടെ കൂലിക്കൂടുതലിനുവേണ്ടി ഒരിക്കലെങ്കിലും സമരംനയിച്ചിട്ടില്ലാത്ത ആളുകൾക്കും കോളേജ് അദ്ധ്യാപകൻമാർക്കും ഇത്തരം കാര്യങ്ങൾ മനസ്സിലാകുകയില്ല. നമ്മുടെ രാജ്യത്തെ പോലീസിനെപ്പറ്റി പറയുമ്പോൾ രാജ്യത്താകമാനം പോലീസു മർദ്ദനങ്ങൾ നടക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ആ പോലീസിനെ പരിഷ്ക്കരിച്ച് പരിഷ്കൃതമായ ഒരു പോലീസാക്കുകയെന്ന ഉദ്ദേശത്തോടുകൂടി ബഡ്ജറ് അവതരിപ്പിച്ചിരിക്കുന്ന മന്ത്രിയുടെ മുമ്പിലാണ് ഈ അവസരത്തിൽ ഒരു സംഗതി അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നത്.

ചേർത്തലത്താലൂക്കിൽ കുത്തിയതോട് എന്ന സ്ഥലത്ത് മോഹനൻ എന്ന ഒരു തൊഴിലാളിക്കുണ്ടായ അനുഭവം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ തൊഴിലാളി ചെയ്ത തെറ്റെന്താണെന്നറിയാമോ? കാർഷികബന്ധബില്ലിന്റെ അടിസ്ഥാനത്തിൽ പത്തുസെന്റു ഭൂമി അയാൾക്ക് അവകാശപ്പെട്ടതാണെന്നുള്ള വിശ്വാസത്തിൽ വളച്ചുകെട്ടി എന്ന ഒരു പോരായ്മ അയാളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ പത്തുസെന്റുസ്ഥലം വളച്ചുകെട്ടാനുള്ള അവകാശം നിയമപ്രകാരം അയാൾക്കുണ്ടെന്നാണ് എന്റെ വിശ്വാസം. ഏതായാലും മറ്റു കുറ്റമൊന്നും ചെയ്തിട്ടില്ലാത്ത ആ തൊഴിലാളിയെ പിടിച്ചു കെട്ടി കുത്തിയതോടു പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ചങ്ങലയിട്ടു പൂട്ടി. കൈയും കാലും ഒക്കെ കെട്ടി സബ് ഇൻസ്പെക്ടറുടെ മേശക്കടിയിൽ ഇട്ടു. ഇതു പോലീസു നയമാണോ ഈ ഗവൺമെന്റിന്റെ. ബഹുമാനപ്പെട്ട പോലീസ് മന്ത്രി പറയുമോ ഇതാണോ ഇവിടത്തെ പോലീസ് നയം എന്ന്. ഇങ്ങനെയുള്ള ഒരു പോലീസിനെ വളർത്തിയെടുക്കാനാണോ ഇത്രയും വലിയ ഒരു സംഖ്യ ഈ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതു നോക്കുമ്പോൾ ഈ രാജ്യം എങ്ങോട്ടാണ് പോകുന്നതെന്നു മനസ്സിലാക്കാൻ സാധിക്കും. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യത്ത് അക്രമം അഴിച്ചുവിട്ടിരിക്കുകയാണെന്ന് ധിക്കാരപൂർവ്വം ചിലർ പ്രചരണം നടത്തുകയാണ്. അതിന്റെ പേരിലാണ് ഈ പോലീസ് മർദ്ദനങ്ങൾ നടക്കുന്നതെന്നു വരുത്തിത്തീർക്കാനും ചിലർ പരിശ്രമിക്കുന്നുണ്ട്. വസ്തുത അതാണോ? ഏതെങ്കിലും കാര്യം പറയുമ്പോൾ അതിന്റെ കാരണത്തേപ്പറ്റികൂടി ചിന്തിക്കേണ്ടതാണ്. ഈ പോലീസ് മർദ്ദനം ഇന്നും ഇന്നലേയും ഉണ്ടായതല്ല. സർ. സി. പി. ഭരിച്ചിരുന്നകാലത്തും അതിഭയങ്കരമായ വെടിവയ്പ്പുകളും ലാത്തിച്ചാർജ്ജുകളും നടന്നിട്ടുണ്ട്. പക്ഷേ അദ്ദേഹം രാജാവിന്റെ ദിവാനാണ്. ജൻമനാ അങ്ങനെയാണെന്ന് അദ്ദേഹം അവകാശപ്പെട്ടിരുന്നു. അങ്ങനെയുള്ളവർ ചെയ്താൽ മനസ്സിലാക്കാം. തൊഴിലാളിസമരങ്ങൾ നയിച്ച് കമ്മ്യൂണിസത്തിന്റെയും സോഷ്യലിസത്തിന്റെയും പേരിൽ ഈ രാജ്യത്ത് അധികാരത്തിൽ വന്ന ആളുകൾ, അച്യുതമേനോൻ അടക്കം ജയിലിൽ കിടന്ന അച്യുതമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള ആളുകളും ഇതു ചെയ്യുകയും ന്യായീകരിക്കുകയും ചെയ്യുന്നതാണ് മനസ്സിലാക്കാൻ സാധിക്കാത്തത്. കുട്ടനാട്ടിൽ ചെറിയനാട്ടിൽ വെടിവയ്പ്പു നടന്നു. വെടിവയ്ക്കാനുണ്ടായ കാരണങ്ങളും എന്താണ്. പഴയകാലത്തെ 1/8 പതം വർദ്ധിപ്പിക്കണമെന്നും അവിടെയുള്ള തൊഴിലാളികൾക്ക് ഫസ്റ്റു പ്രിഫറൻസ് കൊടുക്കണമെന്നും പറഞ്ഞു സമരംനയിച്ച തൊഴിലാളികളുടെ എതിരെ എന്റെ സ്നേഹിതൻ ഇ. ജോൺജേക്കബിന്റെ നേതൃത്വത്തിൽ ചിലർ ആക്രമണം നടത്തി. അവർ വിളിച്ച മുദ്രാവാക്യങ്ങളും എന്തെല്ലാമാണെന്നറിയാമോ?

''പാളേൽ കഞ്ഞികുടിപ്പിക്കും, തമ്പ്രാനെന്നു വിളിപ്പിക്കും, ഒന്നര രൂപേ കൂലികൊടുക്കുള്ളൂ''

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഒരു ചോദ്യം.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: ഞാൻ വഴങ്ങുന്നില്ല. ആരാ നിങ്ങളുടെ നേതാവ്, അടിയാ ഞങ്ങടെ പരിപാടി തുടങ്ങിയ മുദ്രാവാക്യങ്ങളുംവരെ അന്നു വിളിച്ചുകൊണ്ട് പ്രകടനങ്ങളും നടത്തി. ശ്രീമാൻ സഹദേവനേയും മറ്റും വെടിവച്ചിട്ടു. വെടിയേറ്റിട്ടും മരിക്കാത്ത സഹദേവന്റെ അടുത്തു ചെന്നിട്ട് പോലീസുകാർ അദ്ദേഹത്തെ ചവിട്ടി ചതച്ചത് ഈ രാജ്യത്തെ ജനങ്ങളും കണ്ടുകൊണ്ടിരിക്കുകയാണ്. ഈ രീതിയിലുള്ള രംഗങ്ങളും ഈ രാജ്യത്തെ ജനങ്ങളും ശ്രദ്ധയോടുകൂടിതന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. മലയാളവർഷം 1122–ൽ ഒന്നാംമാസം 26–ാം തീയതിയാണ് വയലാറിൽ വെടിവയ്പ്പു നടന്നത്. 84 പേർ അതിൽ വെടിയേറ്റു വീണു. അവരെ ദഹിപ്പിക്കുന്നതിനു വേണ്ടി പോലീസുകാർ വന്നപ്പോൾ അതിൽ പതിമൂന്നുപേർ കൈയും കാലും ഒടിഞ്ഞു കിടക്കുകയായിരുന്നു. അങ്ങനെയുള്ളവരെയുംകൂടി തീയിലിടാൻ പോയപ്പോൾ ഞങ്ങളും മരിച്ചവരല്ലേയെന്ന് അവർ വിളിച്ചു പറഞ്ഞു. ഇതുരാജവാഴ്ചയാണെന്ന് പറഞ്ഞു അവരെയുംകൂടി ദഹിപ്പിക്കുകയാണുചെയ്തത്. അങ്ങനെ ചെറുത്തുമറ്റും കൊണ്ടുവന്ന് വെടിയേറ്റു മരിക്കാത്തവരെ ദഹിപ്പിച്ചകഥ ഈ രാജ്യത്തുണ്ട്. അതുപോലെ സി. ആർ. പി. ക്കാർ ഈ രാജ്യത്ത് അക്രമം അഴിച്ചു വിടുകയാണ്. എന്നിട്ട് തങ്ങൾക്ക് അതിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്നുള്ള നിലപാടാണ് ഗവൺമെന്റു സ്വീകരിച്ചിരിക്കുന്നത്. മദ്രാസിൽ ചെന്നാൽ നമുക്ക് ഒരു കാര്യം കാണാം. അക്രത്തുനടക്കുന്നതിന് ഉത്തരവാദികളും ഞങ്ങളല്ലേ എന്ന നിലയിൽ ഇരിക്കുന്ന വേശ്യാലയത്തിലെ കാവൽക്കാരെ. അവിടത്തെ കാവൽക്കാരെപ്പോലെ ശ്രീമാൻ കെ. എം. ജോർജ്ജിനും ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയ്ക്കും പറയാൻ സാധിക്കുമായിരിക്കും. ഒന്നര രൂപയെ കൂലികൊടുക്കുകയുള്ളൂ, പാളയിൽ കഞ്ഞികുടിപ്പിക്കും, തമ്പ്രാനെന്നു വിളിപ്പിക്കും എന്നു പറഞ്ഞുകൊണ്ട് ചിലർക്കു പ്രവർത്തിക്കാം. അതിനൊന്നും ഞങ്ങളും ഉത്തരവാദികളല്ലെന്ന നിലയിലാണ് ഗവൺമെന്റു പ്രവർത്തിക്കുന്നത്. ഈ നിലപാടിൽ മാറ്റം വരുത്തിയേ മതിയാകൂ. ഈ അവസരത്തിൽ സർ. സി. പി. യുടെ കാലത്തുനടന്ന ചില സംഭവങ്ങളുംകൂടി ഞാൻ ഓർത്തുപോവുകയാണ്. ഉത്തരവാദഭരണത്തിനുവേണ്ടി ഇവിടത്തെ ജനങ്ങളും മുറവിളികൂട്ടി സമരംനടത്തി. അവരുടെനേരെ പോലീസ് ലാത്തിച്ചാർജ്ജു നടത്തുകയും വെടിവയ്ക്കുകയും ചെയ്തു. അവസാനം പോലീസ് തോറ്റു, ജനങ്ങളും നേടി. അതിനുമുമ്പ് ക്ഷേത്രപ്രവേശനത്തിനുവേണ്ടി സമരംനടത്തിയവരെ കുതിരയെവിട്ടു ചവിട്ടിച്ച് നിരവധിയാളുകളും മരിച്ചു. അവസാനം പോലീസു തോറ്റു, ജനങ്ങളും ജയിച്ചു. അങ്ങനെ ജനങ്ങളും വിജയിച്ച അനേകം സമരങ്ങളുടെ കഥകളും നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്. ഇപ്പോഴും ഇവിടെ നടന്ന സമരങ്ങളുടെ ഫലമായി 26000 പ്രതികളും 1100 കേസ്സുകളും ഉണ്ടായിരിക്കുകയാണ്. എന്തിനുവേണ്ടിയാണ്? പത്തുസെൻറുഭൂമി ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പുകാരന് അവകാശപ്പെട്ടതാണെന്നു പറഞ്ഞുകൊണ്ട് ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച നിയമത്തിന്റെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തിയതിനാണ്. ആ കാര്യത്തെ സംബന്ധിച്ച സമരമാണ് അതിന്റെ കാരണം. ഒരു കാര്യമുണ്ട്, ഒരു കാരണമുണ്ട്. ഈ കാരണത്തെപ്പറ്റി ആരാഞ്ഞ് ഒത്തുതീർപ്പിലെത്താൻ ഒരു സന്മേളനത്തിൽ ഞങ്ങൾ ആവശ്യപ്പെട്ട സംഗതികളെല്ലാം വിസ്മരിച്ചുകൊണ്ട് നിങ്ങൾ നാട്ടിൽ ഉടനീളം സി. ആർ. പി. യെ ഇറക്കി. മധുവിധുകാലത്ത് ഒരു സിനിമ കാണാമെന്നു വിചാരിച്ചുകൊണ്ട് വീട്ടിൽനിന്നിറങ്ങിപോകുന്ന ദമ്പതികളെ വഴിയിൽവച്ച് പോലീസ് മർദ്ദിക്കും. പാവപ്പെട്ട ആളുകളുടെ വീടൊക്കെ ഓലപ്പുരയായിരിക്കും. വീട്ടിൽ അലങ്കാരവസ്തുക്കളൊന്നുമുണ്ടായിരിക്കുകയില്ല. അങ്ങനെയുള്ള ആളുകൾ വെളിയിലൊക്കെ ഇറങ്ങി ഒരു സിനിമയും കണ്ട് വരാമെന്ന് വിചാരിച്ച് സിനിമയും കണ്ടു മടങ്ങുമ്പോൾ വഴിയിൽവച്ച് 'ഹാൻഡ്സ് അപ്പ്' എന്നു പറഞ്ഞിട്ട് അവന്റെ നടുവിനും പള്ളയ്ക്കുമൊക്കെ കണ്ടമാനം അടിയും കൊടുത്തിട്ട് പൊയ്ക്കൊള്ളാൻപറയും. അങ്ങനെ ഈ രാജ്യത്ത് സി. ആർ. പി. ഇറങ്ങിയിരിക്കുകയാണ്. എന്തിനുവേണ്ടി? ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക്, കുടിയാൻമാർക്ക് ന്യായമായി കിട്ടേണ്ട 10 സെന്റു ഭൂമിക്കുവേണ്ടി വേലി വളച്ചുകെട്ടിയാൽ അവരെ മർദ്ദിക്കാൻവേണ്ടി. പോലീസിനെ വിട്ട് ആളുകളെ ഇടിച്ചു ചമ്മന്തിയാക്കുന്നതാണോ സർ, ജനകീയ ഭരണം? അപ്പോൾ, കാര്യങ്ങളറിയാതെ, കാരണങ്ങൾ അന്വേഷിക്കാതെ ഒരു ജനകീയസർക്കാർ എന്നുള്ള നിലയിൽ ചിന്തിക്കാതെ ഏതു പ്രശ്നവും അടികൊണ്ടും ഇടികൊണ്ടും മർദ്ദനംകൊണ്ടും അവസാനിപ്പിച്ചുകൊള്ളാമെന്ന വ്യാമോഹത്തിൽ ഭരിക്കുകയാണ്. പക്ഷേ എത്ര അടിച്ചാലും ശരി ഇടിച്ചാലും ശരി ഇത് (ശ്രീമാൻ രവീന്ദ്രനും മുഹമ്മദുകോയയും ക്ഷമയോടെ കേൾക്കേണ്ടതാണ്) പത്തും പതിനെട്ടും വയസ്സുള്ള ചെറുപ്പക്കാർ അടിയുടെയും ഇടിയുടെയും മുമ്പിൽ അടിവെച്ചടിവെച്ചുയരും ഞങ്ങൾ എന്നുള്ള മുദ്രാവാക്യം വിളിച്ചത് ഈ കോൺഗ്രസ്സിനെ പിടിച്ചു താഴെനിറുത്തുന്നതിനും അതിൽകൂടി ഈ രാജ്യം ഭരിക്കുന്നതിനു വേണ്ട ജനനേതാക്കൻമാരെ നേടിയെടുക്കുന്നതിനും വേണ്ടിയാണ്. അതിനുവേണ്ടിയുള്ള ധീരോദാത്തസമരം നയിച്ച് ആ സമരത്തിൽ ചൂളാതെ, പതറാതെ വിറയ്ക്കാതെ സമരംചെയ്ത പതിനായിരക്കണക്കിനാളുകളുടെയിടയിലുള്ളവരാണ് ശ്രീമാൻ രവീന്ദ്രനും മുഹമ്മദുകോയയും. ഇപ്പോഴാണെങ്കിൽ സി. ആർ. പി. ക്കാരനെ ജൻമിക്കു വിട്ടുകൊടുക്കും. ജൻമി അവരെ വിട്ടു പാവപ്പെട്ടവരെ തല്ലിക്കും. എന്റെ മുമ്പിൽ നടന്ന ഒരു സംഭവം ഞാൻ സൂചിപ്പിക്കാം. സർ, തൈക്കാട്ടുശ്ശേരിയിൽ എന്താണു നടന്നത്? 4500 ഏക്കറുള്ള തൈക്കാട്ടുശ്ശേരിയിലെ ജൻമിയാണ് പാറായി തരകൻ. 30 ഏക്കർമാത്രമേ അയാൾക്ക് കൈവശംവയ്ക്കാൻ അവകാശമുള്ളു. ആ പാറായി തരകന്റെ വസ്തുക്കൾ നഷ്ടപ്പെടുന്ന രീതിയിലുള്ള ഒരു ബിൽ ശ്രീമതി ഗൗരി മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നു. ഇപ്പോൾ 10 സെന്റിന്റെ പ്രശ്നത്തിൽ ഇടപെട്ട് ആ ഭാഗത്ത് 150—ഓളം കുടിലുകൾ പൊളിച്ചുമാറ്റി. ഇതു സഭാനേതാവ് പോയിക്കണ്ടതാണ്. പാറാലിൽ നടന്നത് തെങ്ങിനു മരുന്നു തളിക്കുന്ന മെഷീനിൽ പെട്രോൾ ഒഴിച്ച് കുടിലുകൾ കത്തിക്കലാണ്. എന്റെ പ്രദേശത്ത് ഒരു പാവപ്പെട്ടവന്റെ പുര ഇതുപോലെ കത്തിച്ചു. സുസ്മേരവദനനായ ആഭ്യന്തരമന്ത്രി എന്തുപറഞ്ഞാലും ചിരിച്ച് ഉള്ളിൽ ഇരിക്കുന്ന വിഷമെല്ലാം അകത്തൊതുക്കി അങ്ങനെ ഇരിക്കുകയാണ്. അദ്ദേഹം ചിന്തിക്കേണ്ടതാണ് വമ്പൻമാരാരും നമ്മുടെ നാട്ടിൽ വാഴുകയില്ലെന്നുള്ളത്. സർ, ഒരു എം. എൽ. എ. യായ എന്റെ കൈയിലും കൈയാമം വീണിട്ടുണ്ട്. പക്ഷേ എനിക്കതിൽ ക്ലേശമില്ല. ഈ രാജ്യത്തെ കോൺഗ്രസ്സുകാരെ തോൽപ്പിക്കാൻ വേണ്ടി സമരംചെയ്ത ആളാണ് ഞാൻ. ഈമാതിരിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനംകൊണ്ടൊന്നും , അടിപതറിപ്പോകുന്ന പാരമ്പര്യം ഞങ്ങൾക്കാർക്കുമില്ലെന്നും അടിപതറാതെ ഞങ്ങൾ മുന്നോട്ടുതന്നെ പോകുമെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജെ. എ. ചാക്കോ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച പല സ്നേഹിതൻമാരും ഈ രാജ്യത്തുടനീളം പോലീസ്മർദ്ദനം നടക്കുന്നു, ഇവിടെ പോലീസുരാജാണുള്ളത്, അതുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങാൻ നിവൃത്തിയില്ല എന്നു പറഞ്ഞുകൊണ്ടാണ് ഈ ബഡ്ജറ്റിനെ എതിർത്തത്. ഈ ബഡ്ജറ്റുകൊണ്ടു നമ്മുടെ നാട്ടിൽ വരുത്താവുന്ന വിപ്ലവകരമായ പരിവർത്തനങ്ങളെസംബന്ധിച്ചു വിലയിരുത്തുകയോ അതു പരിശോധിക്കുകയോ ചെയ്യാതെ അന്ധമായി ഈ ബഡ്ജറ്റിനെ എതിർക്കുന്ന പ്രവണത പ്രതിപക്ഷം സ്വീകരിച്ചതു തെറ്റായിപ്പോയി എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. സർ, നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികകാഴ്ചപ്പാടു കഴിഞ്ഞ ഒന്നും രണ്ടും മൂന്നും പഞ്ചവൽസരപദ്ധതികളിൽ കേന്ദ്രഗവൺമെന്റു കേരളത്തോടു കാണിച്ച അവഗണനമൂലം ഉണ്ടായിട്ടുള്ള പരാധീനത നമുക്കെല്ലാം മനസ്സിലാക്കാവുന്നതാണ്. അക്കാര്യം കണക്കിലെടുത്തുകൊണ്ടും കേരളത്തിനു കിട്ടേണ്ട ന്യായമായ അവകാശങ്ങൾ കിട്ടുകയില്ലെന്നുള്ള ബോധ്യംവച്ചുകൊണ്ടും അഞ്ചാം ധനകാര്യക്കമ്മീഷൻ കേരളത്തിന്റെ ന്യായയുക്തമായ അവകാശങ്ങളെ അവഗണിച്ചുകൊണ്ടു ഏറ്റവുംചുരുങ്ങിയ ഒരു സംഖ്യമാത്രം അലോട്ടുചെയ്തതുകൊണ്ടും ഉള്ള പരിമിതമായ സാമ്പത്തികവിഭവത്തിന്റെ വെളിച്ചത്തിൽ ഈ രാജ്യത്തെ സാധാരണക്കാരെയും കർഷകരെയും വ്യവസായങ്ങളെയും എങ്ങനെ പരിരക്ഷിക്കാൻകഴിയും എന്നുള്ളകാര്യം , പ്രതിപക്ഷമെംബർമാർ ഓർത്തിരിക്കേണ്ടതാണ്. അതിനനുസൃതമായ രീതിയിൽ ഉള്ള ഏറ്റവും സമഗ്രമായ ഒരു ബഡ്ജറ്റാണ് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. സർ, നമ്മുടെരാജ്യം കാർഷികരംഗത്ത് വിപ്ലവകരമായി മാറിയിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം എല്ലാവരും അംഗീകരിക്കുമെന്നു ഞാൻ കരുതുകയാണ്. കഴിഞ്ഞവർഷം നമ്മുടെ കാർഷികരംഗത്ത് വളരെയധികം വിളകൾ വർദ്ധിക്കുകയും അങ്ങനെ നാം അനുഭവിച്ചുകൊണ്ടിരുന്ന ദാരിദ്ര്യത്തിനു ഒരു പരിധിവരെ അറുതിവരുത്താൻ കഴിയുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ വ്യാവസായികരംഗത്ത് കൂടുതൽ വ്യവസായങ്ങളുണ്ടാകുകയും ആ വ്യവസായം നടത്തുന്നതിനുള്ള പ്രവണത ജനങ്ങളിൽ ഉണ്ടാകുകയും കൂടുതൽ മുതൽമുടക്കി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത പല ആളുകളും പ്രകടിപ്പിക്കുകയുംചെയ്തിട്ടുണ്ട്. പക്ഷേ നിലവിലുള്ള പല വ്യവസായങ്ങളും പൊതുമേഖലയിൽ പ്രവർത്തിക്കുന്ന പല വ്യവസായസ്ഥാപനങ്ങളും നഷ്ടത്തിലാണ് നടുന്നുകൊണ്ടിരിക്കുന്നതു എന്നുള്ള കാര്യം വിസ്മരിക്കാൻനിവൃത്തിയില്ല. ഇതൊക്കെയാണെങ്കിലും പരമ്പരാഗതമായി നടക്കുന്ന വ്യവസായങ്ങൾ അതായതു കയർ, കശുവണ്ടി മുതലായ വ്യവസായങ്ങൾ പുനരുദ്ധരിക്കുകയാണെങ്കിൽ കൂടുതൽ തൊഴിലാളികൾക്കു തൊഴിൽ കിട്ടുകയും വ്യവസായം മുമ്പോട്ടുപോകുകയുംചെയ്യാൻസാധിക്കും. സർ, കാഷ്യൂകോർപ്പറേഷൻ രൂപീകരിക്കാനുള്ള സന്നദ്ധതയും കയർ കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികളും നിലവിലുള്ള വ്യവസായങ്ങൾ നിലനിറുത്താനും അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾക്കു കൂടുതൽ തൊഴിൽ സൗകര്യങ്ങളുണ്ടാക്കികൊടുക്കാനും അവരുടെ തൊഴിൽസൗകര്യങ്ങളുയർത്താനും സഹായിക്കും. അതുപോലെതന്നെ ഹാൻറിക്രാഫ്റ്റു കോർപ്പറേഷൻ, ഫോറസ്റ്റു കോർപ്പറേഷൻ എന്നിവ രൂപീകരിക്കുന്നതും നല്ലതാണ്. കൂടാതെ പനമ്പു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ തൊഴിൽ സംപ്രദായങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവ

LIBRARY ARCHIVES Kerala Legislative Assembly

ർക്കു സാമ്പത്തികമായ വളർച്ച കിട്ടുന്നതിനും മുളവ്യവസായകോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതു തീർച്ചയായിട്ടും സന്തോഷകരമായ ഒരു സംഗതിയാണ്. അതോടൊപ്പംതന്നെ സോഷ്യൽവെൽഫയർ രംഗത്തു പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി, അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ചയ്ക്കുവേണ്ടി പ്രത്യേകമായി ഒരു സോഷ്യൽ വെൽഫയർബോർഡു രൂപീകരിക്കാൻ ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നതും ആശാവഹമായ കാര്യമാണ്. അവരുടെ ഉദ്യോഗലബ്ധിയും മറ്റും പരിശോധിക്കുന്നതിനു സെക്രട്ടേറിയറ്റിൽ ഒരു പ്രത്യേക സെൽതന്നെ സ്ഥാപിച്ചിരിക്കുന്നതു അവരുടെ താൽപ്പര്യങ്ങളും പരിരക്ഷിക്കാൻവേണ്ടിയാണെന്നു വ്യക്തമായി കാണാൻ കഴിയും. സർ, ഈ രാജ്യത്തെ വ്യാവസായികരംഗത്തു വിപ്ലവകരമായ പരിവർത്തനങ്ങളും വരുത്തുന്നതിനുവേണ്ടിയുള്ള നടപടികളും ഈ ബഡ്ജറ്റു അവഗാഢമായി പരിശോധിച്ചാൽ കാണാൻകഴിയുന്നതാണ്. വളരെയധികം വ്യവസായങ്ങളും നമ്മുടെ രാജ്യത്തു മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള നടപടികളും ഇതിനകംതന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഈ രാജ്യത്തുള്ള ഇരുമ്പയിരു സമാഹരിക്കുന്നതിനു ഇൻഡ്യാഗവൺമെൻറു അനുവദിക്കാൻപോകുന്ന ഉരുക്കുനിർമ്മാണശാല തീർച്ചയായിട്ടും കേരളത്തിൽ അനുവദിക്കുന്നതിനുവേണ്ടി ഗവൺമെൻറുകക്ഷിയും പ്രതിപക്ഷകക്ഷിയും അഭിപ്രായവ്യത്യാസം മാറ്റിവച്ചുകൊണ്ടു ഒന്നിച്ചുനിന്നു പ്രവർത്തിക്കണം. ഈ രാജ്യത്തിൻെറ സാമ്പത്തികവും സാമൂഹ്യവും തൊഴിൽപരവുമായ ഉന്നമനത്തിനുവേണ്ടി കേരളത്തിൽ ഒരു സ്റ്റീൽപ്ലാൻറു സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ഈ ഗവൺമെൻറു ശക്തമായ നടപടി സ്വീകരിക്കുമെന്നു ഞാൻ കരുതുകയാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലെല്ലാം പ്രതിപക്ഷവും സഹകരിക്കുമെന്നാണെൻെറ വിശ്വാസം.

സർ, ഒരുകാര്യം കൂടി പറഞ്ഞുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചില നികുതികളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ നികുതികളെ പ്രതിപക്ഷം വിമർശിക്കുകയുണ്ടായി. ആ നികുതികളിൽ സാധാരണക്കാരനെ ഏറ്റവും കൂടുതൽ ബാധിക്കുന്നത് സോപ്പിൻെറ നികുതിയാണ്. കേരളത്തിലെ എല്ലാ തൊഴിലാളികളും അലക്കുന്നതിനും കുളിക്കുന്നതിനുമൊക്കെ സോപ്പു ഉപയോഗിക്കുന്നുണ്ട്. ആ നിലക്കു ഏറ്റവുമധികം പ്രയാസമുളളതു സാധാരണക്കാർക്കാണെന്നുള്ളതു വ്യക്തമാണ്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി സോപ്പിൻെറ മേൽ ഏർപ്പെടുത്താൻപോകുന്ന നികുതി എടുത്തുകളയാൻ സന്നദ്ധത പ്രകടിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അതു കൂടാതെ ഐസിൻെറ മേൽ 7 ശതമാനം എസ്. ടി. ഏർപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശവുംഉണ്ട്. അതു ഈ രാജ്യത്തു മൽസ്യവ്യവസായം നടത്തുന്ന, കൊട്ടയിൽ മൽസ്യംകൊണ്ടുപോയി കച്ചവടം നടത്തുന്ന, സാധാരണക്കാരായ തൊഴിലാളികളെയാണ് കൂടുതലായി ബാധിക്കുന്നത്. അതുകൊണ്ടു ആ നികുതിയും എടുത്തുകളഞ്ഞുകൊണ്ടു സാധാരണക്കാരുടെമേൽ ഇത്തരം ഭാരം ഇല്ലാതാക്കാൻസന്നദ്ധത കാണിക്കേണ്ടതാണ്.

സർ, ഒരു കാര്യം കൂടി ഇൻഡോനേഷ്യയിൽനിന്നും സിലോണിൽനിന്നും ബർമ്മയിൽനിന്നും കേരളത്തിലേക്കു തിരിച്ചുവരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നു ബർമ്മയിൽനിന്നും സിലോണിൽനിന്നും മാത്രമല്ല ഇൻഡ്യയുടെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്ക് ഒരു ജോലികിട്ടാൻ സൗകര്യമില്ലാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. അവർക്കു തൊഴിൽസൗകര്യം ഉണ്ടാക്കികൊടുക്കാനുള്ള യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഇല്ലാതെപോയത് ഖേദകരമായിപ്പോയി. ഈ സംഭവവികാസം ഇന്നു ഇൻഡ്യയൊട്ടാകെ നിലവിലുണ്ട്. കേരളീയരെ പുറം തള്ളുന്നതിനുള്ള പ്രവണതയും കണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായി ശക്തമായ നിലപാടു സ്വീകരിക്കുന്നതിനും ഇൻഡ്യ ഒന്നാണെന്നു കരുതേണ്ടതുണ്ടെങ്കിൽ കേരളത്തിലെ പൗരൻ ഇൻഡ്യയിലെ പൗരനാണ്, അതുകൊണ്ടു അവനു ഏതുസംസ്ഥാനത്തിലും ജീവിക്കുന്നതിനും പണിയെടുക്കുന്നതിനും അവസരമുണ്ടാക്കിക്കൊടുക്കേണ്ടതാണെന്നും അതിനെ നിഷേധിക്കാൻ മറ്റു സംസ്ഥാനങ്ങൾക്കു അധികാരമില്ലെന്നും അതല്ല നിലപാടെങ്കിൽ അതിനെതിരായി നീങ്ങേണ്ട ഗതികേടിലേക്കു നമ്മൾ ചെന്നുചേരുമെന്നും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. വാമദേവൻ: ഞാൻ ഈ ബഡ്ജറിനെ പൊതുവേ പിന്താങ്ങുകയാണ്. ഈ ബഡ്ജറു തയ്യാറാക്കിയ അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കു അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂലമായസാഹചര്യങ്ങളൊക്കെ ഞാൻ മനസ്സിൽകാണുന്നുണ്ട്. രാജ്യത്തൊട്ടാകെ സി.ആർ. പി. യുടെ പേരിൽ ആളുകളെ ഇളക്കിവിട്ടുകൊണ്ടു രാജ്യത്തൊട്ടാകെ പോലീസ് മർദ്ദനമാണു നടക്കുന്നതെന്നു പ്രചരിപ്പിച്ചുകൊണ്ടു അതിനെതിരായി ആളുകളെ അണിനിരത്തുവാനുള്ള പരിശ്രമത്തിൽ ദയനീയമായി പരാജയപ്പെട്ടതിൽനിന്നുണ്ടായ നിരാശകാരണം എന്താണ് ചെയ്യേണ്ടതെന്നു രൂപമില്ലാതെ നിൽക്കുന്ന പ്രതിപക്ഷ കക്ഷിയും ആവർത്തിച്ചാവർത്തിച്ച് കള്ളം പറയുമ്പോഴും അതിൽ സത്യമുണ്ടോ എന്നു ശങ്കിച്ചു നിൽക്കുന്ന പൊതുജനങ്ങളും അറച്ചു നിൽക്കുന്ന ഒരു സാഹചര്യത്തിലാണു നമ്മുടെ ധനകാര്യമന്ത്രി ഈ ബഡ്ജറിനു രൂപം കൊടുക്കേണ്ടിവന്നതു എന്നു ഓർക്കുമ്പോഴും എനിക്കു അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല.

വിധവകൾക്കും അഗതികൾക്കും കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷന്റെ തുക വർദ്ധിപ്പിച്ചതിലും കടലോരപ്രദേശങ്ങളിലെ കൂടിലുകളിൽ കഴിയുന്ന മത്സ്യബന്ധനതൊഴിലാളികളുടെ ജീവിതം ഭദ്രമാക്കുന്നതിനു പര്യാപ്തമായ ഇൻഷ്വറൻസു പദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചതിലും സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്ത ധീരതയ്ക്കു ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ ഒരിക്കൽകൂടി അനുമോദിക്കുവാൻ ആഗ്രഹിക്കുകയാണ്.

സർ, നമ്മുടെ വരുമാനത്തിന്റെ ഏറ്റവും കൂടുതൽ ചെലവിടുന്ന രോഗത്തെപ്പറ്റി പരാമർശനം നടത്താതിരിക്കുവാൻ നിർവ്വാഹമില്ല. ഇതു പറയുമ്പോഴും മറുഭാഗത്തെ അഭിപ്രായഗതി പോലീസു മർദ്ദനത്തെപ്പറ്റിയാണ്. സർ, എനിക്കുള്ള സംശയം, ഇവർക്കു ഇതു പറയുവാൻ അവകാശമുണ്ടോ എന്നാണു. പോലീസുമർദ്ദനങ്ങളെപ്പറ്റി പറയുവാൻ ഇവർക്കു എന്തവകാശമാണു ഉള്ളതെന്നു ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും ഇപ്പുറത്തു ഇരുന്നിട്ടുണ്ട്. ഓരോരോ സംഭവങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടു അതിനെതിരായി കർശനമായ നടപടികളും സ്വീകരിക്കണമെന്നു സഭയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുമ്പോഴും ഞാൻ, കുണ്ടറ തൊഴിൽ സമരത്തിൽ പങ്കെടുത്തു ലാത്തിയടിയേറ്റു തലപൊതഞ്ഞു എല്ലൊടിഞ്ഞു ആശുപത്രിയിലായ ശ്രീ. എം. പ്രഭയ്ക്കെതിരായി മർദ്ദനമഴിച്ചുവിട്ട പോലീസു ഇൻസ്പെക്ടർക്കെതിരായി നടപടി നടത്തണമെന്നു ആവർത്തിച്ചാവർത്തിച്ചാവശ്യപ്പെട്ടിട്ടും ധിക്കാരപൂർവ്വമായ രാഷ്ട്രീയ പകപോക്കൽ ആയി വീക്ഷിച്ച മുഖ്യമന്ത്രിയെ ഓർക്കുകയാണ്. അന്നു മന്ത്രിയായിരുന്ന ശ്രീ. ടി. കെ. ദിവാകരൻ നേരിട്ടുപോയി മനസ്സിലാക്കിയതിനുശേഷം അഭിപ്രായപ്പെട്ടു ആ പോലീസു ഇൻസ്പെക്ടർക്കെതിരെ നടപടി നടത്തണമെന്ന്. പൂഞ്ഞാർ സംഭവത്തിന്റെ കാര്യവും ഞാൻ ഓർക്കുകയാണ്. അതേസമയം ഒരു മാർക്സിസ്റ്റുകാരന്റെ തലയിലാണ് ലാത്തി വീണതെങ്കിൽ, മർദ്ദനമെങ്കിൽ അടിയന്തിരമായ കമ്പിസന്ദേശംവഴി സസ്പെൻഷൻ നടത്തുവാൻ ഓർഡർ കൊടുത്ത അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ഇന്നു ഇതേപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോഴും സത്യത്തിൽ എനിക്കു വളരെകൂടുതൽ ചിന്താക്കുഴപ്പമാണു ഉണ്ടാകുക. പക്ഷേ കഴിഞ്ഞകാലത്തെ സംഭവങ്ങളും ഓർമ്മിപ്പിച്ചു കഴിഞ്ഞ കാലത്തു ഒന്നും അവർചെയ്തിട്ടില്ല എന്നതുകൊണ്ടു ഇന്നും അതേസമീ തുടരണമെന്നു ആവശ്യപ്പെടാൻ ഞാൻ തയ്യാറല്ല. എവിടെ എവിടെയൊക്കെ പോലീസിന്റെ എക്സസു നടന്നിട്ടുണ്ടോ അതിനെല്ലാം വളരെ പ്രതികൂല മായ സാഹചര്യമായാൽപോലും പോലീസുകാർ നിയമവിരുദ്ധമായി യാതൊന്നും ചെയ്യാൻ പാടില്ലെന്നു കർശനമായും കർക്കശമായും ഉള്ള നിർദ്ദേശംകൊടുക്കണം. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ചു മുഖ്യ മന്ത്രിചെയ്ത പ്രസ്താവന വളരെയേറെ സ്വാഗതാർഹമാണ്.

എന്റെ കഴിഞ്ഞ പ്രാവശ്യത്തെ പ്രസംഗത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത് ഇപ്പോഴും ആവശ്യപ്പെടുകയാണ്. നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനും അലവൻസിനും ആനുകൂല്യങ്ങൾക്കും വേണ്ടി ആണു ചെലവാക്കുന്നതു. കൂടുതൽ കൂടുതൽ ആനുകൂല്യങ്ങളും ഡി. എ. യുടെ പേരിലും മറ്റും അനുവദിക്കുന്നുണ്ട്. പക്ഷേ എനിക്കൊരു സംശയമുണ്ട്. ഈകാര്യത്തിൽ നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും വേതനമായി പറ്റുന്ന ഈ അങ്ങേയറ്റത്തെ ഉദ്യോഗസ്ഥൻമാർ മുതൽ താഴെ ക്കിടയിലുള്ള ലാസ്റ്റ്റുഗ്രേഡു സർവ്വൻസു വരെ അവരുടെ ഔദ്യോഗിക സമയത്തിന്റെ സിംഹഭാഗവും എന്തിനു വേണ്ടിയാണ് ചെലവിടുന്നതെന്ന കാര്യംകൂടി മന്ത്രിമാർ ആലോചിക്കണമെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അവരുടെ സേവനവ്യവസ്ഥയെപ്പറ്റിയുള്ള പരാതികളെപ്പറ്റി, അവരുടെ അവകാശങ്ങളെപ്പറ്റി അവരുടെ സംഘടനാകാര്യങ്ങളെപ്പറ്റി ചിന്തിക്കാനും അവർ തമ്മിലുള്ള മൽസരങ്ങളും അവരുടെ പരാതികളും പരിഹരിക്കണമെന്നുള്ള നിവേദനങ്ങളുമായിട്ടല്ലേ ആരോ ആറരയോ മണിക്കൂർ ആഫീസിൽ ജോലി ചെയ്യുവാനുള്ളതിൽ മൂന്നു നാലു മണിക്കൂറും ചെലവാക്കുന്നതെന്നു ചോദി ക്കാൻ ഞാനാഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ ഖജനാവിന്റെ സിംഹ ഭാഗവും വാങ്ങുന്ന ഇവരുടെ അധ്വാനശക്തിയുടെ പോരായ്കയും അവരുടെ നിലനിൽപ്പും സേവന വ്യവസ്ഥയും കൈകാര്യം ചെയ്യുവാൻവേണ്ടിയാണ് ബാക്കി സമയം ചെലവാക്കുന്നതു. ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രിക്കു ഇതുവരെ കൂടുതൽ സമയവും കൈകാര്യം ചെയ്യേണ്ടിവന്നതു മുഴു വൻ വിദ്യാഭ്യാസ പ്രശ്നങ്ങളാണോ? അധ്യാപകന്റെ സേവനപരമായ പ്രശ്ന ങ്ങളും ആണോ എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. അതു പോലെ തന്നെ വ്യവസായവകുപ്പു മന്ത്രിക്കു, ആരോഗ്യ മന്ത്രിക്കു, പി. ഡബ്ളിയൂ. ഡി. മന്ത്രിക്കു എല്ലാ മന്ത്രിമാർക്കും അവരുടെ കീഴ്ജീവനക്കാരുടെ സേവന വ്യവസ്ഥകളെക്കുറിച്ചുള്ള പരാതികളും തർക്കങ്ങളും ഒതു ക്കിതീർക്കുവാനല്ലേ കൂടുതൽ സമയവും ചെലവാക്കേണ്ടി വന്നിട്ടുള്ളത്. ആർക്കും പരാതിയില്ലാത്ത നിലയിൽ പരാതികളും തർക്കങ്ങളും പരിഹരിക്കാൻ ഔദ്യോഗിക സ്വഭാവമുള്ള ഒരു ട്രൈബ്യൂണലിനെ ഏർപ്പെടുത്തണം. അതിന്റെ മുന്നോടിയായി സെക്രട്ടേറിയറ്റിൽ നാമമാത്രമായ പ്രവർത്തനം നടത്തി ക്കൊണ്ടിരിക്കുന്ന സർവ്വീസു വകുപ്പു വളരെ വിപുലമായി എല്ലാ ഡിപ്പാർട്ടു മെൻറുകളുടെയും സർവ്വീസ് പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തമാക ത്തക്കവിധത്തിൽ പുനസംഘടിപ്പിക്കണമെന്നു അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ, ഇവിടെ നമുക്കു ഇതൊക്കെ വേണ്ടിവരും. നമ്മുടെ സർവ്വീസിന്റെ അഴിമതിയെപ്പറ്റി ഇന്നും വളരെ യേറെ പരാതികളും ഉണ്ട്. ഒരു ചെറിയ ഉദാഹരണം. ഏറ്റവും ഉന്നതമായ തലത്തെമാത്രം പരാമർശിച്ചുകൊണ്ടു മടങ്ങിക്കൊള്ളാം. മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിന്റെ മേൽ അന്വേഷണം നടത്തണമെന്നു പഴയ മുഖ്യ മന്ത്രി ഉത്തരവു ഇട്ടു. ആ അന്വേഷണ ഉത്തരവു പല കാരണങ്ങളാൽ തള്ളി ക്കൊണ്ടു ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

തള്ളിക്കളഞ്ഞതിനുള്ള കാരണങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ഒർജിനൽ ഓർഡർ ഹൈക്കോടതി ആവശ്യപ്പെട്ടു. ഈ സംസ്ഥാനത്തെ ഉന്നതനായ ഉദ്യോഗസ്ഥൻ ഒർജിനൽ ഓർഡർ ഹൈക്കോടതിയിൽ ഹാജരാക്കാൻ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഹൈക്കോടതി മാപ്പുകൊടുക്കുകയോ ശിക്ഷിക്കുകയോ എന്തെങ്കിലും ചെയ്യട്ടെ, ഏറ്റവും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ഉദ്യോഗസ്ഥൻ ഈ ഉത്തരവാദപ്പെട്ട ആളാണ് കോടതി ആവശ്യപ്പെട്ട ഫയൽ കൊടുക്കാതിരിന്നതു. ഏറ്റവും ഉത്തരവാദപ്പെട്ട ആ ഉദ്യോഗസ്ഥനെതിരായി എന്തു നടപടിയാണ് ഈ ഗവൺമെന്റു എടുത്തിട്ടുള്ളത് എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അല്ലെങ്കിൽ അത് ആവർത്തിക്കപ്പെടാൻ ഇടയുണ്ട്.

എനിക്കു ഇനി ഒരു കാര്യം പറയുവാനുള്ളത് നമ്മുടെ ബജനാവിന്റെ വളരെകൂടുതൽ തുക ചെലവിടുന്ന വിദ്യാഭ്യാസ വകുപ്പിനെപ്പറ്റിയാണ്. ഇന്നു സ്വന്തമായി സ്കൂളുകൾ ഉണ്ടാക്കുവാനുള്ള മൂലധനം ഇല്ലാത്തതുമൂലം അതിനു നിർവ്വാഹമില്ല. ആ രംഗമാകെ കൈയടക്കിക്കൊണ്ടിരിക്കുന്നതു സ്വകാര്യ മേഖലയാണ്. വിദ്യാഭ്യാസ കുത്തക സ്വകാര്യമേഖലക്കായിത്തീരുമെന്നു ഭയപ്പെടുകയാണ്. ഈ പ്രവണതയെ ഭയപ്പെടേണ്ടതാണെന്നു പറയുവാൻ കാരണം സ്വകാര്യമേഖല കാര്യക്ഷമമായി പ്രവർത്തിക്കാൻ, പ്രയോജനകരമായി പ്രവർത്തിക്കാൻ വേണ്ടിയാണ്. ഇന്നു എന്താണു നടക്കുന്നതു. ഇന്നു പാവപ്പെട്ടവർക്കു കാളേജുകളിലോ സ്കൂളുകളിലോ പ്രവേശിക്കുവാൻ ആയിരക്കണക്കിനു രൂപവേണം. ഉദ്യോഗം വേണമെങ്കിൽ രൂപവേണം. ഏറ്റവും കൂടുതൽ കൈക്കൂലി കിട്ടണമെന്നു മാനേജുമെൻറിനു ആഗ്രഹം ഉണ്ടെങ്കിൽ ഏറ്റവും കൂടുതൽ പ്രാവശ്യം എഴുതി പരാജയപ്പെട്ട മൂന്നാംതരക്കാരനായിരിക്കും കൊടുക്കുന്നതു. മൂന്നാം തരക്കാരനു കൊടുക്കാനുള്ള ബാധ്യത മാനേജുമെൻറിന് ഉണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ മൂലധനം മുടക്കുവാൻ സാധ്യമല്ലാതിരിക്കുന്ന സ്ഥിതി വിശേഷമായതുകൊണ്ടു ഷിഫ്റ്റു സംപ്രദായം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണമെന്ന് ഞാൻ ഗവൺമെൻറിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്. ലക്ഷക്കണക്കിനു രൂപ ചെലവാക്കി ഉന്നതങ്ങളായ കെട്ടിടങ്ങളും, ലാബ്രട്ടറികളും കെട്ടിയിട്ടുണ്ട്. പക്ഷേ ആ സ്ഥാപനങ്ങളുടെ പ്രവർത്തനം മൂന്നരയോ നാലോ മണിക്കൂർ മാത്രമാണ് ഉള്ളത്. പത്തു മണിക്കു തടങ്ങി മൂന്നരമണിക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. ആവശ്യമുണ്ടെങ്കിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ചുകൊണ്ടു ഒരു പരീക്ഷണം എന്നുള്ള നിലയിൽ നഗരങ്ങളിലെങ്കിലും ഷിഫ്റ്റു സംപ്രദായം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം.

ഈ ബഡ്ജറിൽ അഗതികളുടെയും സർക്കാർ ജീവനക്കാരുടെയും പെൻഷൻ വർദ്ധിപ്പിച്ചു. ഉദ്യോഗസ്ഥൻമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും ഓരോ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതുപോലെ ഒരു കുടുംബത്തിൽ ഒരാളിനെങ്കിലും ഉദ്യോഗമില്ലാതെ അവർക്കു വരുമാനമില്ലാതെ വന്നാൽ അവർക്കു തൊഴിലില്ലായ്മ വേതനം കൊടുക്കണമെന്നു വളരെ ഗൗരവമായി പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതിനു രൂപ കൊടുക്കാൻ ഈ ഗവൺമെൻറു ഒരുക്കമല്ല. ഓരോ വർഷം കഴിയുന്തോറും സാധാരണക്കാരായ ആളുകൾക്ക് ബജനാവിൽനിന്നു ഒന്നുമൊന്നും കിട്ടുമെന്നുള്ള പ്രതിക്ഷ ഇല്ലാതാവുകയാണ്. ആശുപത്രികളിൽ പോയിട്ടു മരുന്നില്ല. കണക്കുകൾ അനുസരിച്ചുനോക്കുകയാണെങ്കിൽ ആശുപത്രികളിൽ ബെഡുകളുടെ എണ്ണം വളരെ കുറവായിരിക്കുകയാണ്. അങ്ങനെ കുറയുവാനാണ് സാധ്യത. കാരണം മുതൽമുടക്കുവാനുള്ള സാധ്യത ഇല്ലാതെ വരുമ്പോൾ നമ്മുടെ ഭരണചെലവുകൾ വർ

LIBRARY ARCHIVES Kerala Legislative Assembly

ദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും ഈ വിടവു നികത്താൻ സാധിക്കാതെ വരും. അതുകൊണ്ടു ലജനാവിൽ നിന്നും വമ്പിച്ച തുക ശമ്പളമായി പറ്റുന്ന ഉദ്യോഗസ്ഥവിഭാഗത്തിൽനിന്നും ഒരു ശതമാനം തിരിച്ചുപിടിച്ചു തൊഴിലില്ലാത്ത ആളുകളുള്ള കുടുംബങ്ങൾക്കു നാമമാത്രമായ പെൻഷനെങ്കിലും കൊടുക്കാനുള്ള ഒരു പദ്ധതിക്കു രൂപം കൊടുക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തയ്യാറാകണം. അതിനു മുൻകൈയെടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: സർ, ഈ ഗവൺമെന്റു അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ ഞാനെതിർക്കുകയാണ്. ഇതിലെ ഒരു ഭാഗം ഞാൻ വായിക്കാം. ''ഇന്നത്തെ സംസ്ഥാന പോലീസ് സേന നിയമപരിപാലന പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മതിയാകാതെയാണിരിക്കുന്നത്. ആയതിനാൽ ഇപ്പോഴുള്ള സായുധസേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, പുറമേ, പുതിയ ബറ്റാലിയനുകൾ സംഘടിപ്പിക്കുന്നതിനും ഗവൺമെന്റിന് ഉദ്ദേശമുണ്ട്''. ഈ ഗവൺമെന്റു അധികാരത്തിൽ വന്നശേഷം പോലീസിനെ എന്തിനു വേണ്ടി ഉപയോഗിച്ചു, എന്നുള്ളതു് എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൻമിമാരുടെയും ഭൂപ്രഭുക്കൻമാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി, കുടികിടപ്പുകാരേയും കർഷകത്തൊഴിലാളികളെയും കൃഷിക്കാരെയും വ്യവസായത്തൊഴിലാളികളെയും, അടിച്ചമർത്താൻ അവരുടെ അടിയന്തിര ആവശ്യങ്ങൾ നേടിയെടുക്കാൻ അവർ നടത്തുന്ന സമരങ്ങളെയും അടിച്ചമർത്തുന്നതിനുവേണ്ടിയാണ് ഇതുവരെയുള്ള 124 ദിവസവും പോലീസിനെ ഉപയോഗിച്ചത് എന്നുള്ള നഗ്നസത്യം ആർക്കും വിസ്മരിക്കാൻസാധ്യമല്ല. ഈ രാജ്യത്ത് ഒരു പോലീസ് ഭരണം നടക്കുകയാണ്; കുറേക്കൂടി കടന്നു പറയുകയാണെങ്കിൽ ഇവിടെ നടക്കുന്നത്, പ്രഖ്യാപിക്കാത്ത ഒരു പട്ടാള ഭരണമാണ്. നാട്ടിന്റെ നാനാഭാഗങ്ങളിലും പരസ്യമായ മർദ്ദനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതുവരെയുള്ള ഭരണത്തിന്റെ ഫലമായി 5 ആളുകളെ വെടിവച്ചുകൊന്നിട്ടുണ്ട്. 18 ആളുകളെ അടിച്ചും ഇടിച്ചും കുത്തിയും കൊന്നു. ആറ് എം. എൽ. എ. മാരെ അടിച്ചു എല്ലൊടിച്ചു. ആയിരക്കണക്കിനാളുകളെ അടിച്ചു ആശുപത്രിയിലേക്കയച്ചു. പതിനായിരക്കണക്കിനാളുകളെ കേസ്സുകളിൽ പെടുത്തി. ഇത്രമാത്രം ക്രൂരമായ ഭരണം ഈ നാട്ടിൽ ഇതുവരെ ഉണ്ടായിട്ടില്ല. വിദ്യാർത്ഥികളെയും കർഷകത്തൊഴിലാളികളെയും യുവാക്കൻമാരെയും അടിച്ചു. ഇതെല്ലാം നിത്യസംഭവമായിത്തീർന്നിരിക്കുകയാണ്. ലോക്കപ്പുമർദ്ദനത്തിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഈ പോലീസ് സ്റ്റേറേഷനിൽ ഒരു ചെറുപ്പക്കാരനെ കൊണ്ടുവന്നു നഗ്നനാക്കി നിറുത്തി അയാളുടെ അധോരോമങ്ങൾ എണ്ണിയെണ്ണി പറിപ്പിച്ച നീചമായ സംഭവത്തിനു തെളിവു തരാൻ ഞാൻ തയ്യാറാണ്. ഇതുവരെയുണ്ടായിട്ടില്ലാത്ത ക്രൂരവും പൈശാചികവുമായ മർദ്ദനങ്ങളാണ് നടക്കുന്നത്. ഇതിനെപ്പറ്റി എന്താണ് നിങ്ങൾക്കു പറയാനുള്ളത്? അടുത്ത അവസരത്തിൽ തിരുനെല്ലിയിൽ നടന്ന സംഭവമെന്താണ് വർഗീസിനെസംബന്ധിച്ചിടത്തോളം ഉണ്ടായ സംഭവങ്ങൾ ആഭ്യന്തരകാര്യമന്ത്രി നിഷേധിക്കുകയുണ്ടായി. എന്തുതന്നെ നിഷേധിച്ചാലും അവിടെ നടന്നിട്ടുള്ളത് എല്ലാവർക്കുമറിയാം. വർഗീസ് പോലീസുമായി ഏറ്റുമുട്ടിയാണ് മരണപ്പെട്ടതെന്നു പറയുന്നതു ശരിയല്ല. വർഗീസിനെ 18-ാം തീയതി രാവിലെ ഒൻപതരമണിക്ക് ഒരു വീട്ടിൽ വച്ചു പിടിച്ചു എന്നുള്ളതാണ് സത്യം അതിനു തെളിവു തരാൻ തയ്യാറാണ്. അവിടെ സമാധാനപരമായ ഒരന്തരീക്ഷമുണ്ടാക്കി അവിടെയുള്ളവർക്കു സത്യം പറയാനുള്ള സൗകര്യവും അവസരവുമുണ്ടാക്കിയാൽ ആവശ്യമായ തെളിവുകൾ തരാൻ തയ്യാറാണ്. തിരുനെല്ലി

LIBRARY ARCHIVES Kerala Legislative Assembly

എൽ. പി സ്കൂളിന്റെ പടിഞ്ഞാറുവശത്തുള്ള ശിവരാമൻനായരുടെ വീട്ടിൽ വച്ചാണ് വർഗീസിനെ പോലീസു പിടിച്ചത്. ഈ നാട്ടിലെ പത്രങ്ങളും അതു റിപ്പോർട്ടുചെയ്തിട്ടുള്ളതുമാണ്. മാതൃഭൂമി പത്രം റിപ്പോർട്ടുചെയ്തിട്ടുണ്ട്. നക്സൽ നേതാവായ വർഗീസിനെ പിടിച്ചു; പുൽപ്പള്ളി വയർലസ് സ്റ്റേഷൻ ആക്രമണക്കേസിലെ പ്രതിയായ വർഗീസിനെ രാവിലെ 9.30-ന് പോലീസ് പിടിച്ചിരിക്കുന്നു; എന്ന് മാതൃഭൂമി പത്രത്തിൽ റിപ്പോർട്ടു വന്നിട്ടുണ്ട്. കാലത്താണ് വർഗീസിനെ അറസ്റ്റു ചെയ്തത്. ഒരു വിളിപ്പാടു ദൂരത്തിൽ പോലീസ് 18-ാം തീയതി ആ വീടു വളഞ്ഞു. വളഞ്ഞുകഴിഞ്ഞശേഷം രണ്ടു പേർ അടുത്തുചെന്നു വീടിന്റെ മേലേ കേറി ഓലയും പുല്ലും നീക്കി അകത്ത് ആരും ഉണ്ടോ എന്നു പരിശോധിച്ചു. വർഗീസ് ഉറങ്ങിക്കിടക്കുകയായിരുന്നു. അവർ പൂട്ടുപൊളിച്ച് അകത്തുകടന്നു വർഗീസിന്റെ കൈയിൽ തോക്കുണ്ടായിരുന്നില്ല. യാതൊരു എതിർപ്പും കൂടാതെ വർഗീസു കീഴടങ്ങുകയാണ് ചെയ്തതു്. അവർ വർഗീസിനെ ഉർദ്ദിച്ചു കൈകളും പിൻപുറത്തുകെട്ടി തിരുനെല്ലി ക്ഷേത്രത്തിനടുത്തുള്ള പോലീസു ക്യാമ്പിലേക്കു നടത്തിയാണ് കൊണ്ടുപോയത്. ശിവരാമൻനായരുടെ വീട്ടിൽനിന്നു ഒന്നര നാഴികയോളം ദൂരംവരുന്ന പോലീസ് ക്യാമ്പിലേക്ക് പത്തുമണിസമയത്താണ് നടത്തിക്കൊണ്ടുപോയത്; നൂറുകണക്കിനാളുകളുടെ കൺമുൻപിൽകൂടി പരസ്യമായി നടത്തിച്ചാണ് കൊണ്ടുപോയത്. ഇതു നിഷേധിക്കാമോ? പത്രക്കാർ ആ വിവരമറിഞ്ഞ് മാനന്തവാടിയിലും കണ്ണൂരുമുള്ള പോലീസിൽ വിവരം അന്വേഷിച്ചപ്പോഴും വർഗീസിനെ പിടിച്ചതായി പോലീസുദ്യോഗസ്ഥൻമാർ സമ്മതിക്കുകയുംചെയ്തതാണ്. ഒരു പത്രലേഖകൻ കണ്ണൂർ ഡി. എസ്. പി. ആഫീസിൽ വിളിച്ചു അന്വേഷണം നടത്തിയപ്പോഴും സംഭവത്തെപ്പറ്റിയുള്ള വാർത്ത സ്ഥിരീകരിക്കുകയും ചെയ്തു. അറസ്റ്റു ചെയ്തുകൊണ്ടുവന്നിട്ടുണ്ട്, കൂടുതൽ വിവരങ്ങൾ മലയാളമനോരമ ആഫീസിൽ അന്വേഷിച്ചാൽ കിട്ടുമെന്നും പറയുകയുണ്ടായി. അറസ്റ്റുചെയ്ത വിവരം പത്രങ്ങൾ റിപ്പോർട്ടു ചെയ്തുകഴിഞ്ഞതാണ്. അങ്ങനെ പരസ്യമായി, ആളുകൾ അറിഞ്ഞുകൊണ്ട് നടന്ന സംഭവങ്ങളാണ് ഇവ. പിന്നെ എന്താണ് ക്രൂരമെന്നു പറഞ്ഞാൽ, സാധാരണ പട്ടാളത്തടവുകാരോടുപോലും ചെയ്തിട്ടില്ലാത്തവിധം അത്ര ക്രൂരമായ മർദ്ദനമായിരുന്നു. വർഗീസു നടത്തിയ കൊലപാതകങ്ങളെയും മറ്റും ന്യായീകരിച്ചുകൊണ്ടല്ല ഞാനിതു പറയുന്നത്. വർഗീസു ആറു വീടുകളും കൊള്ളചെയ്തിട്ടുണ്ട്; രണ്ടു പേരെ വെടിവച്ചുകൊന്നിട്ടുണ്ട്. അതൊന്നും ന്യായീകരിക്കുകയില്ല. ഒരിക്കലും ന്യായീകരിക്കുകയുമില്ല. ഇന്നുവരെ ഞങ്ങളും വ്യക്തിപരമായ ഇത്തരം സാഹസികപ്രവർത്തനങ്ങളെ അംഗീകരിച്ചിട്ടില്ല, അംഗീകരിക്കുന്നുമില്ല. അതിനെ ശക്തിയുക്തം എതിർക്കുകതന്നെയാണ്. അക്കാര്യം ഞങ്ങളുടെ നേതാവ് ഇ. എം. എസ്. വ്യക്തമാക്കിയിട്ടുണ്ട്. ആ പ്രവർത്തനങ്ങളോടു യോജിക്കണമെന്നല്ല പറയുന്നത്. എന്നാൽ പട്ടാളത്തടവുകാരോടു പോലും പെരുമാറാത്തവിധത്തിൽ ക്രൂരവും പൈശാചികവുമായി വർഗീസിനെ മർദ്ദിച്ചിട്ടുണ്ട്. ഞാൻ കേട്ടതു ശരിയാണെങ്കിൽ, ചുട്ടുതിളച്ച വെള്ളത്തിൽ വറുഗീസിനെ കെട്ടിനിറുത്തുകവരെ ചെയ്തു. ചെമ്പുപാത്രത്തിൽ ചുട്ടുതിളച്ച വെള്ളമുണ്ടാക്കി ആ വെള്ളത്തിൽ മുട്ടോളം താഴ്ത്തി വറുഗീസിനെ നിറുത്തി. അയാളുടെ കണ്ണ് ബയണറ്റുകൊണ്ട് ചുഴന്നെടുത്തുകളഞ്ഞിരിക്കുന്നു. അതുമാത്രമല്ല ചെയ്തിട്ടുള്ളത്. അയാളുടെ കാലിലും കൈയിലുമുള്ള എല്ലാ എല്ലുകളും അടിച്ചൊടിച്ചു, ഏതുവിധത്തിലും രൂപപ്പെടുത്താവുന്നവിധത്തിൽ ശരിപ്പെടുത്തിക്കളഞ്ഞു. അത്രമാത്രം മർദ്ദിച്ചുകഴിഞ്ഞശേഷം, ഏതെങ്കിലുമൊരു കോടതിയുടെ മുൻപാകെയോ നാലാളുകൾ കാണത്തക്കവിധത്തിലോ അയാളെ കൊണ്ടുപോകാൻസാധിക്കുകയില്ലെന്നു ബോധ്യംവന്നതിന്റെ ഫലമായി അയാൾ മരിച്ചുപോകുമെന്നു പൂർണ്ണ ബോധ്യം വന്നശേഷമോ എന്ന് എനിക്ക

LIBRARY ARCHIVES Kerala Legislative Assembly

റിയില്ല. 6 മണിക്കുശേഷം കൂമ്പാരക്കുന്നു എന്ന സ്ഥലത്തു കൊണ്ടുപോയി. ക്യാമ്പിൽനിന്നു ഒന്നരമൈൽ മാത്രം ദൂരെയുള്ള ഈ സ്ഥലത്തുകൊണ്ടുപോയി അവിടെ ഒരു കുറ്റിയിൽ കെട്ടിനുറുത്തിയാണ് വർഗീസിനെ വെടിവച്ചുകൊ കൊന്നത്. ഇത് ഏറ്റവും ക്രൂരമായ സംഭവമാണ് എന്നുള്ള അഭിപ്രായം എല്ലാ വർക്കുമുണ്ട്. ഞങ്ങളുടെയോ മറ്റേതെങ്കിലുമോ പാർട്ടിയുടെ വികാരമല്ല നാട്ടിലെ മുഴുവൻ വികാരം അതാണ്. നാട്ടുകാരുടെ ആകെ കൺമുൻപിൽ പരസ്യമായി കണ്ട സംഭവമാണ്. ഇതു പരസ്യമായ ഒരന്വേഷണത്തിനു വിധേയമാക്കുകയാണെങ്കിൽ നാട്ടുകാർ കക്ഷിഭേദമെന്യേ അതിൽ പങ്കെടുക്കുമെന്നുള്ളതിനു സംശയമില്ല. 18–ാം തീയതിയാണ് സംഭവം നടന്നത്. വർഗീസിനെ വെടിവച്ചുകൊന്നശേഷം മാനന്തവാടി പോലീസു സ്റ്റേഷനിൽ കൊണ്ടുവന്നു. ആയിരക്കണക്കിനാളുകൾ മാനന്തവാടി പോലീസു സ്റ്റേഷനിൽ തടിച്ചുകൂടി. പക്ഷേ പോലീസു ശവം കാണാൻ സമ്മതിച്ചില്ല. ബന്ധുക്കൾ വറുഗീസിന്റെ ശവം മടക്കികൊടുക്കണമെന്നു പോലീസിനോടാവശ്യപ്പെട്ടു. പോലീസ് ബന്ധുക്കളോടു പറഞ്ഞു, ശവം മടക്കിത്തരാൻ തയ്യാറാണ്, നിങ്ങൾ കുഴി തയ്യാറാക്കിക്കൊള്ളുക എന്ന്. പക്ഷേ പോലീസു ബന്ധുക്കളുടെ കൈവശം ശവം വിട്ടുകൊടുക്കാൻ തയ്യാറായില്ല. അവർ കൊണ്ടുചെന്നു അടക്കം ചെയ്യുകയേ ഉള്ളു എന്നു നിർബന്ധിച്ചു. വറുഗീസിന്റെ സ്വന്തം സ്ഥലമായ വെള്ള മുണ്ട എന്ന സ്ഥലത്തു കുഴി തയ്യാറാക്കിക്കഴിഞ്ഞപ്പോൾ മുൻപിലും പിൻ പിലും പോലീസകമ്പടിയോടുകൂടി ആ സ്ഥലത്തുകൊണ്ടുപോയി പോലീസുകാർ അടക്കം ചെയ്തു. ഇതിനെ നിഷേധിക്കാൻ കഴിയുമോ? ഇത് ക്രൂരമായ കൊലപാതകമാണ്; താലൂക്കുകമ്മിറ്റിസെക്രട്ടറിയായ സി. അച്യുതനും കമ്പിയടിച്ചിട്ടുണ്ട്, ആഭ്യന്തരകാര്യമന്ത്രിക്കും മുഖ്യ മന്ത്രിക്കും കമ്പിയടിച്ചിട്ടുണ്ട്; രണ്ടുമന്ത്രിമാരും സ്ഥലത്തു ചെല്ലണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. സി. അച്യുതനും പി. ആർ. കുമാരനും യോഗങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട്; ഇതു വ്യക്തമായ കൊലപാതകമാണ് അന്വേഷണം നടത്തണമെന്നു അച്യുതമേനോന്റെ പാർട്ടി തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്; കമ്പിയടിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതു ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായംമാത്രമല്ല, നാട്ടിലെ പൊതുവേയുള്ള വികാരമാണ്. അതുമാത്രമല്ല, ഇന്നത്തെ മാതൃഭൂമി റിപ്പോർട്ടുചെയ്തിട്ടുണ്ട്, നക്സലൈറ്റുനേതാവായിരുന്ന വർഗീസിന്റെ മരണത്തെപ്പറ്റി അന്വേഷണംനടത്തണമെന്നു ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കണ്ണൂർ ജില്ലാ കമ്മിറ്റി അസന്ദിഗ്ദ്ധമായ നിലയിൽ ആവശ്യപ്പെടുന്നു എന്നു. തിരുവനന്തപുരംത്തു തിരിച്ചെത്തിയ ജില്ലാ കമ്മിറ്റി സെക്രട്ടറി പി. പി. മുകുന്ദൻ വിളിച്ചുകൂട്ടിയ യോഗത്തിൽ സി. പി. ഐ. യുടെ നിലപാടു വ്യക്തമാക്കിയിട്ടുണ്ട്. കോഴിക്കോട്ടു ജില്ലാ കൗൺസിൽ സെക്രട്ടറി എം. കുമാരനും, ഇതു ഒരു കൊലപാതകമാണ് അന്വേഷണം നടത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

വർഗീസിനെ ജീവനോടു പിടിച്ച് ഏതാനും മണിക്കൂറുകൾ പോലീസ് കസ്റ്റഡിയിൽ വച്ചതിനുശേഷമാണ് വെടിവച്ചുകൊന്നത്. ഇങ്ങിനെയാണ് ചെയ്തിട്ടുള്ളതെന്നതിന് സംശയിക്കേണ്ട ധാരാളം സാഹചര്യങ്ങളുണ്ട്. തിരുനെല്ലി പ്രദേശത്ത് പര്യടനം നടത്തിയ മുകുന്ദൻ പറയുകയുണ്ടായി. ഇതിനെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണ ഉത്തരവു ഉടൻതന്നെ ഉണ്ടാകുമെന്നു ഞങ്ങൾ പ്രതിക്ഷിക്കുന്നു എന്ന്. ശ്രീ. പി. വി. മുകുന്ദൻ പത്ര പ്രസ്താവന ഉദ്ധരിച്ചു. അന്വേഷിക്കണമെന്നുള്ളത് ഞങ്ങൾ മാത്രം പറയുന്നതല്ല എല്ലാ പാർട്ടിയിൽപ്പെട്ടവരും പറയുന്നതാണ്. എനിക്കു ഇതിനെപ്പറ്റി പറയുവാനുള്ളത് അവിടെ നടന്നിട്ടുള്ളത് പരസ്യവും നഗ്നവുമായിട്ടുള്ള കൊലപാതകമാണെന്നാണ്. അന്വേഷണത്തിന് ഉത്തരവിടുമ്പോൾ ആ പ്രദേശത്തുള്ള ആളുകൾക്ക് ഇതിനെപ്പറ്റി ഭയംകൂടാതെ പറയുന്നതിനുള്ള സാഹചര്യങ്ങൾ കൂടി സൃഷ്ടിച്ചു കൊടുക്കേണ്ടതാണ്. എനിക്കു നിരവധി കാര്യങ്ങളെസംബന്ധ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം പറയുവാനുണ്ട്. സമയമില്ലാത്തതുകൊണ്ട് എല്ലാ കാര്യങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു കാര്യത്തെപ്പറ്റികൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അത്തിക്കൊവ്വൽ പുതിയപുരയിൽ ആയിസുമ്മ എന്നൊരു സ്ത്രീ ഒരു കുടികിടപ്പുകാരിയാണ്. ആ കുടികിടപ്പുകാരിയുടെ പറമ്പിന്റെ ഉടമസ്ഥൻ ഒരു മുസ്ലീംലീഗു പ്രവർത്തകനും, നേതാവും ഒരു ജൻമിയുമാണ്. അയാളുടെ ആവശ്യത്തിനുവേണ്ടി ആയിസുമ്മയെ ജനുവരി 15-ാം തീയതി അറസ്റ്റു ചെയ്തു അന്നു തന്നെ ജാമ്യത്തിൽ വിട്ടു. അവരെ വീണ്ടും 16-ാം തീയതി അറസ്റ്റു ചെയ്തു. ആയിസുമ്മയുടെ നബീസാ, മൂസ എന്നീ രണ്ടു മക്കളേയും അറസ്റ്റു ചെയ്തു. അവരുടെ ഒരു സഹോദരൻ, ബന്ധി അവിടെ മാറി നിൽക്കുകയുണ്ടായിരുന്നു. പോലീസു ഇൻസ്പെക്ടർ അയാളോടു പറഞ്ഞു ആ സ്ത്രീയെ പിടിച്ചു പുറത്തിറക്കാൻ. അപ്പോഴും അയാൾ പറഞ്ഞു യജമാനനേ അവർ കഞ്ഞികുടിച്ചുകൊണ്ടിരിക്കുകയാണ്. കഞ്ഞികുടിച്ചു തീർന്നിട്ട് ഇപ്പോൾ വരുമെന്നു. അതു കേൾക്കാതെ ആ സ്ത്രീയെ കഞ്ഞികുടി പൂർത്തിയാക്കാൻ അനുവദിക്കാതെ ബലംപ്രയോഗിച്ച് പുറത്തിറക്കിയും, അവിടെ അവരുടെ സഭരി എന്നുപേരുള്ള സഹോദരനേയും കൂടി അറസ്റ്റു ചെയ്തുകൊണ്ടുപോയി. ആ പറമ്പിന്റെ ജൻമി അവിടത്തെ മുസ്ലീംലീഗു പാർട്ടി ജോയിൻറു സെക്രട്ടറിയാണ്. പതിനാറാം തീയതി അറസ്റ്റു ചെയ്തവരെ 22-ാംതീയതിവരെ ലോക്കപ്പിൽ വച്ചിരുന്നു. എന്നിട്ടു അവരെ ജാമ്യത്തിൽ വിട്ടു. അതിനുശേഷം 31-ാംതീയതി വീണ്ടും അറസ്റ്റു ചെയ്തു, ജാമ്യത്തിൽ വിട്ടു. ഇപ്പോഴും എനിക്കു അവിടെ നിന്നും കിട്ടിയ വിവരത്തിൽ രണ്ടാം തീയതി അവരുടെ ഭർത്താവിന്റെ പേരിൽ കേസുണ്ടെന്നു പറഞ്ഞു അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കി, ഇപ്പോഴും ജാമ്യത്തിൽ വീണ്ടും ഇറങ്ങിയിരിക്കുകയാണെന്നു. മാത്രമല്ല അവർക്കു കുടിക്കുന്നതിനുള്ള വെള്ളംപോലും കിട്ടുന്നില്ല. അവർക്കു ഇന്നും വെള്ളം കുടിക്കണമെങ്കിൽ അരനാഴിക ദൂരംവരെ പോകണം. അവർ വെള്ളം കുടിക്കാൻ ഉപയോഗിച്ചുകൊണ്ടിരുന്ന കിണർ സി. ആർ. പി. യും പോലീസു ഗുണ്ടാകളും കൂടി ക്രൂരമായ വിധത്തിൽ നികത്തികളഞ്ഞിരിക്കയാണ്. ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനുവേണ്ടി കളക്ടർക്കു എഴുതികൊടുത്തിട്ടുണ്ട്, ആഭ്യന്തരമന്ത്രിക്ക് എഴുതികൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷിച്ച് ആവശ്യമായ നടപടികളെടുക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ടു ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. കെ. എം. ജോർജ്: സർ, ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുകയാണ്. വളരെയേറെ സന്തോഷത്തോടുകൂടിയല്ല അനുകൂലിക്കുന്നത്. ഒരു ഭരണത്തിന്റെ കുറെമറെ ബഡ്ജറ് എന്നുള്ള നിലയിലുമല്ല. ഈ രാജ്യത്തു നമ്മുടെ ഈ നിയമസഭ പാസാക്കിയതും, ഈ രാജ്യത്തെ ലക്ഷോപലക്ഷം കുടികിടപ്പുകാർക്കും കുടിയാൻമാർക്കും ആശ്വാസകരമായ കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിനുള്ള അടിയന്തിരനടപടികളും എടുക്കുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുന്നത്. അതിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ബഡ്ജറ് പ്രസംഗത്തിന്റെ 16-ാമത്തെ പേജിൽ ഈ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി 86 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. പോരാതെ വരുന്ന തുകകൾ വേണ്ടിവന്നാൽ വീണ്ടും എത്രവേണമോ, അത്രയും ഉപയോഗിക്കാമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം കൂടിയാലോചനകളിൽക്കൂടി പരസ്പര ധാരണകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ കുടികിടപ്പുകാർക്കു കിട്ടേണ്ട ഭൂമികയും ലഭിക്കുന്നതിനുള്ള നടപടികയ്ക്ക് ഗവൺമെൻറ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നുണ്ടെന്നു പറയുന്നുണ്ട്. ഈ ഏപ്രിൽ മാസത്തോടുകൂടി ആയിരക്കണക്കിനു കുടികിടപ്പുകാർക്കു ഭൂമിയുടെ ജൻമാവകാശം വിലയ്ക്കു വാങ്ങുന്നതിനുള്ള അവകാശം കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഭൂരഹിതരായ ആളുകയ്ക്ക് സർക്കാർവക ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികയും എടുത്തിട്ടുണ്ട്. ഒക്ടോബർവരെയുള്ള കാലയളവിൽ ഏകദേശം 7,600 ഹെക്ടർ സ്ഥലം പതിച്ചു കൊടുത്തിട്ടുണ്ട്. ഏതാണ്ട് 50,000 ഹെക്ടർ വനഭൂമി ഇനിയും പതിച്ചു കൊടുക്കാനുള്ള നടപടിയെടുക്കുന്നുണ്ട്. അതുപോലെതന്നെ കുട്ടനാട്ടിലെ കായൽ രാജാക്കൻമാരുടെ കൈവശമുള്ള ഭൂമിയെടുത്തു കർഷകത്തൊഴിലാളികയ്ക്കു വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭൂരഹിതരായ കർഷകത്തൊഴിലാളികളെ പുറമ്പോക്കു ഭൂമിയിൽ അധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. അങ്ങിനെ അധിവസിപ്പിക്കുന്ന ഓരോ കുടുംബത്തിനും ഗ്രാൻറായി 825 രൂപയും വായ്പയായി 175 രൂപയും കിട്ടത്തക്കവണ്ണം ധനസഹായം നൽകുന്നു. പത്തുലക്ഷം രൂപാ ഈ പദ്ധതിക്കായി ബഡ്ജറിൽ വകയിരുത്തിയിട്ടുമുണ്ട്. അങ്ങനെ നമ്മുടെ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ആശ്വാസം നൽകുന്ന നടപടികയും എടുക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറിനെ അനുകൂലിക്കണമെന്ന് എനിക്കു തോന്നിയത്. ഈ നിയമസഭയിൽ അവതരിപ്പിച്ചതും നമ്മുടെ നിയമസഭ പാസാക്കിയതുമായ കേരള ഭൂപരിഷ്ക്കരണ നിയമം ഈ നിയമസഭയിൽ ആദ്യമായി അവതരിപ്പിക്കുമ്പോയും, അതിൽ ഭൂമിയില്ലാത്ത കുടികിടപ്പുകാർക്ക് പത്തും, അഞ്ചും, മൂന്നും സെൻറും ഭൂമി വിലയ്ക്കു വാങ്ങാനുള്ള അവകാശം, എഴുതിച്ചേർത്തിരുന്നില്ല എന്നുള്ള സത്യം നാം ഓർക്കണം. അതിൻെറ സെലക്ട് കമ്മിറ്റിയിൽ വച്ച് അതിനെപ്പറ്റി ശക്തിയായ അഭിപ്രായങ്ങയം ഉണ്ടായതിൻെറ ഫലമായിട്ടാണ് അങ്ങനെ ഭൂമി വിലയ്ക്കു വാങ്ങുന്നതിനുള്ള വകുപ്പ് എഴുതിച്ചേർത്തത്. പാവപ്പെട്ട കൃഷിക്കാർക്കും കുടികിടപ്പുകാർക്കും ആനുകൂല്യം ലഭിക്കത്തക്കവണ്ണം ആ നിയമം നടപ്പിലാക്കുന്ന ഉത്തരവാദിത്വം ആരേയും ഏൽപ്പിക്കാതെ, ഈ രാജ്യത്ത് ഒരു ഭരണ സ്തംഭനം വന്നപ്പോയം ധൈര്യമായി ഇത്തരത്തിലുള്ള നടപടികയം സ്വീകരിക്കാൻ മുന്നോട്ടു വരികയും, നിയമം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികയം സ്വീകരിക്കുകയും ചെയ്തതിനു ഞാൻ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുന്നു. അങ്ങിനെയുള്ള നടപടികയം സ്വീകരിച്ചുകൊണ്ടാണ് ഈ നിയമത്തിന് പ്രസിഡൻറിൻെറ അംഗീകാരം ലഭിച്ചത്. 1970 ജനുവരി 1—ാംതീയതി മുതൽ നമ്മുടെ രാജ്യത്തു കാർഷിക ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിലായതായി പ്രഖ്യാപിക്കുകയും, അതിനാവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും റൂളുകളും ചട്ടങ്ങളും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു ഈ നടപടികയം എടുത്തില്ലെങ്കിൽ ഈ നിയമസഭ പാസാക്കിയ നിയമം പാവപ്പെട്ട കുടികിടപ്പുകാർക്കും കർഷകത്തൊഴിലാളികയ്ക്കും സഹായകരമാകുകയില്ലായിരുന്നു. പെട്ടെന്ന് ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിച്ചുകൊണ്ട് ഈ രാജ്യത്തെ പാവപ്പെട്ട കുടികിടപ്പുകാർക്കും കർഷകത്തൊഴിലാളികയ്ക്കും അതുപോലെതന്നെ കൃഷിക്കാർ എന്നു തെളിയിക്കാൻ അവകാശം ഇല്ലാതിരുന്ന നിരവധി കൃഷിക്കാർക്കും ഗുണം ലഭിക്കണമെന്ന് ആഗ്രഹമുള്ളവരായിരുന്നു എങ്കിൽ ഇത്തരം ഒരു ഭരണസ്തംഭനത്തിന് ഒരുങ്ങുകയില്ലായിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് ഇനി മൂന്നു മിനിട്ടു സമയം കൂടിയേയുള്ളു.

ശ്രീ. എം. കെ. ജോർജ്: അങ്ങിനെയാണെങ്കിൽ നിറുത്തിയേക്കാം. കാർഷിക ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിലാക്കുന്നതിന് ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് ഉത്സാഹപൂർവ്വമായ നടപടികളാണ് എടുക്കുന്നത് എന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗത്തിൽ കാണുന്നത്. സർ, ഇതു പറയുമ്പോഴും വളരെയേറെ ആശയക്കുഴപ്പം ഉണ്ടായ കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പത്തും, അഞ്ചും, മൂന്നും സെൻറു ഭൂമി വളച്ചുകെട്ടി നാളികേരം എടുക്കാൻ അവകാശമുണ്ടെന്ന് വാദിച്ച് ഞാൻ ഉൾപ്പെട്ടിരുന്ന പാർട്ടി നടത്തിയ സംഘങ്ങളിൽ അഭിപ്രായ ഭിന്നത പുറപ്പെടുവിച്ചതിനാണ് എന്നെ മാറ്റി നിറുത്തി. കാർഷിക ഭൂപരിഷ്ക്കരണഭേദഗതി നിയമം ഇവിടെ അവതരിപ്പിച്ച ശ്രീമതി ഗൗരിയമ്മ എങ്ങിനെ കുടികിടപ്പവകാശം ലഭിക്കുമെന്ന് 1970 ജനുവരി 7–ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽ ''കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം—കുടികിടപ്പുകാർക്ക് ആനുകൂല്യങ്ങളും അവകാശങ്ങളും, ശ്രീമതി. കെ. ആർ. ഗൗരി'' എന്നുള്ള ഹെഡ്ഡിങ്ങിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം സഭയുടെ പരിഗണനയ്ക്കും പരിചിന്തനത്തിനും വേണ്ടി ഞാൻ വിടുകയാണ്. സർ, അതിൽ എവിടെയാണ് തേങ്ങയിടാൻ പറഞ്ഞിരിക്കുന്നത്? എവിടെയാണ് വളപ്പു കെട്ടാൻ പറഞ്ഞിരിക്കുന്നത്? ഈ നിയമം 1970 ജനുവരി 1–ാം തീയതി മുതൽ നടപ്പിലാക്കിയതിനുശേഷം 7–ാം തീയതി സഖാവ് ഗൗരിയമ്മ ഈ പത്രത്തിൽ പ്രസ്താവന നടത്തിയിരിക്കുകയാണ്. അതിൽ വളച്ചുകെട്ടും മറ്റും ഇല്ല. ഈ പത്തു സെൻറു സ്ഥലം മൂന്നുസെൻറു സ്ഥലം, അഞ്ചുസെൻറു സ്ഥലം ഈ നിയമം നടപ്പിലാക്കുമ്പോഴും അവനു സ്ഥിരമായി ലഭിക്കുമെന്ന് എഴുതിച്ചേർത്തിരുന്നു എങ്കിൽ അന്ന് അതിനെ എതിർക്കുവാൻ ആരുമില്ലായിരുന്നു. അങ്ങനെ വേണമെന്നു വാദിച്ചു അത് എഴുതിച്ചേർത്തു ഒന്നാം തീയതി നടപ്പിലാക്കിയതിനുശേഷം സഖാവു ഗൗരിയമ്മ പത്രത്തിൽ ഈ പ്രസ്താവന നടത്തിയതിനുശേഷവും സത്യം തുറന്നു പറഞ്ഞതിനുസത്യമാണെന്നു ബോദ്ധ്യപ്പെട്ടതിനുശേഷവും കുതികാൽവെട്ടിയവരെന്നും, കാലു മാറിയവരെന്നും പറഞ്ഞിട്ട് യാതൊരു അർത്ഥവുമില്ല. ഇനിയെങ്കിലും സത്യമെന്താണെന്ന് മനസ്സിലാക്കി തങ്ങളുടെ തെറ്റുകൾ തിരുത്തുന്നതിനും ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങളെ തങ്ങളുടെ രാഷ്ട്രീയ തെറ്റുകൾക്ക് ബലിയാടുകളാക്കുന്ന തെറ്റായ നയത്തിൽനിന്നും മാറണമെന്നും വിനയപൂർവ്വം അവരോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിച്ചു കൊള്ളുന്നു.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: സർ, നമ്മുടെബഹുമാനപ്പെട്ട ധനകാര്യമന്ത്രി 25 കോടി 86 ലക്ഷം രൂപയുടെ കമ്മിയുള്ള ഒരു ബഡ്ജറാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ പോലുള്ള സംസ്ഥാനങ്ങൾ ഒരു ദുർഘട സന്ധിയിൽക്കൂടി കടന്നു പോകുകയാണെന്നും നമ്മുടെ സംസ്ഥാനത്തിൻറെ സാമ്പത്തിക ഭദ്രത അത്ര നല്ല നിലയിലല്ലെന്നുമുള്ള ചരിത്രം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗത്തിൽ നമുക്കു കാണാൻ കഴിയും. ഈ കമ്മി നികത്താൻ ഒരു കോടി 90 ലക്ഷം രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങളും അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ അതുകൊണ്ട് ഈ കമ്മി നികത്താൻ സാധിച്ചിട്ടില്ലെന്നുള്ളത് വേദനാജനകമായ ഒരു സംഗതിയാണ്. കേന്ദ്ര ഗവൺമെൻറ് കേരള സംസ്ഥാനത്തോട് അവഗണന കാണിക്കുന്നതാണ് കമ്മിയുള്ളതായ ഒരു ബഡ്ജറ് അവതരിപ്പിക്കാൻ പ്രധാന കാരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത് പക്ഷെ അതിന് കാര്യമായ വിധത്തിൽ നമ്മുടെ ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിൽനിന്നും നമ്മുടെ അവകാശങ്ങൾ വാങ്ങാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുകൂടേയെന്ന് ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ ഒന്നു രണ്ടു വർഷമായി ഈ സംസ്ഥാനത്തിൻറെ താൽപ്പര്യങ്ങൾ ബലികഴിച്ച് രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള പകപോക്കലും, തൊഴുത്തിൽകുത്തും അന്യോന്യം നടത്തിയതിൻറെ ഫലമായിട്ടാണ് നമുക്ക് കേന്ദ്രത്തിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാനുള്ള അവകാശങ്ങൾ കിട്ടാതെ പോയത്. ഐക്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റ് ഈ ഗവൺമെന്റിനോട് അവഗണന കാണിക്കുന്നു എന്നു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അന്ന് കേരളത്തിൽ ബന്ധും മറ്റു പല പ്രവർത്തനങ്ങളും നടത്തിയപ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും അതിനോടുകൂടി സഹകരിക്കാത്തതിന്റെ തിക്താനുഭവമാണ് ഇന്ന് കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണന. തീർച്ചയായും കേന്ദ്ര ഗവൺമെന്റിനോട് നമ്മളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാനുള്ള അവസരം ഉണ്ട്. കേന്ദ്ര ഗവൺമെന്റിനെ താങ്ങിനിറുത്തുന്ന കേരളത്തിലെ പതിനെട്ടു എം. പി. മാരിൽ പതിനേഴ് എം. പി. മാരും വിവിധ രാഷ്ട്രീയ പാർട്ടികളിൽ പെട്ടവരാണ്. ഭാഷാകാര്യത്തിൽ ഡി. എം. കെ.യ്ക്ക് അന്ത്യശാസനം കൊടുക്കാൻ സാധിക്കുമെങ്കിൽ നമ്മുടെ എം.പി. മാർ എല്ലാവരും കേന്ദ്രം നമ്മോടു കാണിക്കുന്ന അവഗണനയിൽ ഒരു അന്ത്യ ശാസനം കൊടുത്തുകൂടേ? ഇക്കാര്യത്തിലെങ്കിലും ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടു വരണമെന്നും, അതിന് അവരുടെ എം. പി. മാർക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് അവർ തയാറാകുമോ എന്നു ഞാൻ ചോദിക്കുകയാണ്.

വ്യാവസായിക രംഗത്തു നോക്കിയാലും കാര്യമായ പുരോഗതി ഈ രാജ്യത്തുണ്ടായിട്ടില്ല. ഇന്ന് ലക്ഷക്കണക്കിനു ജനങ്ങൾ ജോലിയില്ലാതെ തെരുവിൽ നടക്കുകയാണ്. അഭ്യസ്തവിദ്യരായ ആളുകൾ സർട്ടിഫിക്കറുമായി റോഡിൽക്കൂടി ജോലിക്കുവേണ്ടി അലഞ്ഞു നടക്കുകയാണ്. ഈ രാജ്യത്തെ അസ്വാസ്ഥ്യത്തിനുള്ള അടിസ്ഥാനം തൊഴിലില്ലായ്മ ആണെന്നുള്ളത് ഈ ഗവൺമെന്റ് ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തു നടപടിയാണ് കാര്യമായി സ്വീകരിച്ചിട്ടുള്ളതെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു പദ്ധതിയുണ്ടോ? ഇല്ലെങ്കിൽ ഏതെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ മുന്നോട്ടുവരാൻ തയാറാണോ എന്നു ചോദിക്കുകയാണ്. തൊഴിലില്ലായ്മയ്ക്ക് ഒരു വേതനം നൽകണമെന്നുള്ളതിനെപ്പറ്റി ഇവിടെ ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുകയുണ്ടായി. തീർച്ചയായും അങ്ങിനെയുള്ള പദ്ധതികളെപ്പറ്റി ചിന്തിക്കേണ്ടതാണ് അതിന് ഒരു കോടിരൂപയായാലും വേണ്ടില്ല, അതു ശരിയായ ഒരു കാൽവയ്പായിരിക്കുമെന്ന് ഈ ഗവൺമെന്റിനെ ഉൽബോധിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഈ ബഡ്ജറിൽ എന്താണ് ഇത്ര കമ്മി വരാനുള്ള കാരണം? അതിന്റെ കാരണം പരിശോധിച്ചാൽ ഗവൺമെന്റുദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതാണെന്ന് കാണാവുന്നതാണ്. അതായത് ആണ്ടുതോറും ശമ്പളം പരിഷ്ക്കരിക്കുകയും അതിന്റെ ഫലമായി ഗവൺമെന്റ് ഒരു ഭാരിച്ച പണച്ചുമതല ഏറ്റെടുക്കുകയുമാണു ചെയ്യുന്നത്. ഒരു സ്റ്റേറ്റിന്റെ വരുമാനത്തിൽ നിന്നും ഏകദേശം 33 ശതമാനം മാത്രമേ സർവ്വീസിനുവേണ്ടി ചെലവാക്കാൻ പാടുള്ളൂവെന്നാണ് എനുക്കു പറയുവാനുള്ളത്. നാം ഇപ്പോൾ അതിനുവേണ്ടി ചെലവാക്കുന്നത് 64 ശതമാനമാണ്. ഇതു ശരിയാണോ എന്ന് ഗവൺമെന്റ് ആലോചിക്കേണ്ടതായിട്ടുണ്ട്. 1967 മുതൽ പ്രതിവർഷം 20 കോടി 66 ലക്ഷം രൂപ നാം കൂടുതലായി ചെലവ് വഹിക്കുന്നുണ്ട്. 1967—ൽ അധികാരത്തിൽ വന്നതായ ഐക്യമുന്നണി ഗവൺമെന്റ് തന്നെയാണ് അതിന്റെ തുടക്കം ഉണ്ടാക്കിവച്ചത്. ഈ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും രണ്ടുകോടിയോളം രൂപ ശമ്പളമിനത്തിൽ അനുവദിച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ കൂടുതൽ ശമ്പളം അനുവദിക്കുകയും അതേ സമയം അവർക്ക് തൃപ്തിയില്ലാത്ത ഒരു സ്ഥിതിവിശേഷമണ് ഇന്നുള്ളത്. സർവ്വീസിൽ ഇപ്പോഴും അസംതൃപ്തിയാണ് ഉള്ളത്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിൽ ഇപ്പോഴും അസംതൃപ്തിയുണ്ട്. പോലീസ് വകുപ്പിനെപ്പറ്റി നോക്കുകയാണെങ്കിൽ ഐ.പി.എസ്. കാർ ധാരാളമുണ്ട്. ഈ കൊച്ചു കേരളത്തിൽ ഇത്രയധികം ഐ.പി.എസ്. കേഡർ ആവശ്യമുണ്ടോ? അതുപോലെ തന്നെ ഇത്രയധികം ഐ.എ.എസ് കേഡറും ആവശ്യമുണ്ടോയെന്ന് ചോദിക്കുകയാണ്. ഭാരിച്ച ശമ്പളം കൊടുത്താണ് ഈ ഐ.എ.എസ്സുകാരെയും ഐ.പി.എസ്. കാരെയും ഈ കൊച്ചുകേരളം ചുമക്കുന്നത് എന്നുള്ള സംഗതി ഗവൺമെന്റ് കണക്കിലെടുക്കുകയും അതനുസരിച്ച് കേന്ദ്രത്തോട് ഇവരുടെ സംഖ്യകുറയ്ക്കണമെന്ന് ആവശ്യപ്പെടുകയും വേണം. ഐ. പി. എസ് കാർ ധാരാളമുള്ളതുകൊണ്ട് സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് മുന്നോട്ടു വരാൻ സാധിക്കുന്നില്ല. ഇരുപത്തഞ്ചും മുപ്പതും വയസ് പ്രായമുള്ള ചെറുപ്പക്കാർ ഐ.പി.എസ്. കാരായി വരുന്നതുകൊണ്ട് സൂപ്രണ്ടൻമാരായും ഡി.വൈ. എസ.പി. മാരായും ഇരുപതും മുപ്പതും കൊല്ലം സർവ്വീസുള്ള ആളുകൾക്ക് എങ്ങനെ പ്രമോഷൻ കിട്ടും? കേരളത്തിലുണ്ടാകുന്ന ലാ ആൻറ് ആർഡർ സിറ്റുവേഷൻ ഫേസ് ചെയ്യുന്നത് ഐ.പി.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥൻമാരല്ല. ഡി.വൈ.എസ്.പി. മാരും എസ്.ഐ. മാരുമാണ്. ലാ ആൻറ് ആർഡർ സിറ്റുവേഷൻ ഫേസ് ചെയ്യുന്നത്. ആ കാര്യത്തിൽ 50 ശതമാനമെങ്കിലും കേഡർ പോസ്റ്റുകൾ ഡി.വൈ.എസ്.പി. മാർക്കുവേണ്ടി നീക്കിവയ്ക്കണം. എന്തായാലും ഐ.പി.എസ്. കാരെ നിയമിക്കുന്ന പതിവിനു തീർച്ചയായും വിരാമമിടേണ്ടകാലം അതിക്രമിച്ചിരുക്കുകയാണ്. 50 ശതമാനം ഐ.പി.എസ്. കേഡർ പോസ്റ്റുകൾ നീക്കിവയ്ക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെൻറ് തീർച്ചയായും മുൻകൈയെടുക്കണമെന്നും കേന്ദ്രത്തോട് ശക്തിയായി വാദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഭക്ഷ്യരംഗത്താണെങ്കിൽ ഗണ്യമായ തോതിൽ വിളവുണ്ടാക്കാൻ സാധിച്ചുവെന്ന് കേന്ദ്രവും സ്റ്റേറ്റ് ഗവൺമെൻറും പറയുകയാണ്. ഹരിത വിപ്ലവം നടന്നുകഴിഞ്ഞിരുക്കുന്നുവെന്നു പറഞ്ഞിരുക്കുകയാണ്. പക്ഷേ നമുക്കു കിട്ടുന്നതായ റേഷൻ എത്ര ഗ്രാമാണ്? 160 ഗ്രാം തന്നെ ഇപ്പോഴും ഒരേ ലെവലിൽ കൊണ്ടുപോകാൻ സാധിക്കാതെയാണിരിക്കുന്നത്. അങ്ങനെയുള്ള സന്ദർഭത്തിൽ മറ്റുള്ള സ്റ്റേറ്റുകളിൽ കൂടുതൽ റേഷൻ കൊടുക്കുമ്പോഴും നമുക്ക് 120 ഗ്രാം അരികൊണ്ട് തൃപ്തിപ്പെടേണ്ടിവരുന്നതായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം 120 ഗ്രാം അല്ലെങ്കിൽ 160 ഗ്രാം അരികൊണ്ട് തൃപ്തിപ്പെടാൻ സാദ്ധ്യമല്ല. ഇന്നു തൊഴിലാളികളും മറ്റ് അദ്ധ്വാനിക്കുന്നവരും വേതനം വാങ്ങിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ പോയി അരി വാങ്ങുകയാണ് ചെയ്യുന്നത്. ഇങ്ങനെയാണെങ്കിൽ അവരുടെ നിത്യജീവിതം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നുള്ള കാര്യം ചിന്തിക്കേണ്ടതായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളിൽ മിക്കകൃഷികളും മഴയെ ആശ്രയിച്ചാണു നടത്തുന്നത്. മഴയില്ലെങ്കിൽ കൃഷിചെയ്യുന്ന കാര്യം പ്രയാസമാണ്. അതിനുവേണ്ടി ഇറിഗേഷൻ ടാങ്കുകളിലും കുളങ്ങളിലും പമ്പുസെറ്റ് ഇൻസ്റ്റാൾ ചെയ്തുകൊണ്ട് കൃഷി വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് എന്തെങ്കിലും പ്രോഗ്രാം ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. പുതിയ നല്ലയിനം വിത്തും വളവും കൊടുത്താലും വെള്ളമില്ലെങ്കിൽ എങ്ങനെ കൃഷി ചെയ്യാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുകയാണ്. നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസ് സ്റ്റേറ്റിൽ കുളങ്ങളിലെല്ലാം പമ്പുസെറ്റുകൾ വച്ചു ജലസേചനം നടത്തി ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിരുക്കുകയാണ്. കോടിക്കണക്കിനു രൂപായണ് അതിനുവേണ്ടി അവർ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തും ആ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യബന്ധനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ നീക്കിവച്ചിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വിദേശനാണ്യത്തിന്റെ കാര്യത്തിലും, കേഷ്യകാര്യത്തിലും മൽസ്യബന്ധനം ശരിയായ ഒരു പങ്കു വഹിക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെന്റ് മനസിലാക്കേണ്ടതായിട്ടുണ്ട്. കുറച്ച് യന്ത്രവൽക്കൃത ബോട്ടുകൾ മൽസ്യബന്ധനം വിപുലപ്പെടുത്തുന്നതിനുവേണ്ടി വിതരണം ചെയ്തിട്ടുണ്ടെന്നു ധനകാര്യമന്ത്രി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ ഞാൻ അദ്ദേഹത്തോടു ചോദിക്കുകയാണ്, യന്ത്രവൽക്കൃത ബോട്ടുകൾ ആർക്ക് കൊടുക്കുന്നു, ആരാണ് അതിന്റെ വരവ് അല്ലെങ്കിൽ ആദായം അനുഭവിക്കുന്നതെന്ന്. യന്ത്രവൽക്കൃത ബോട്ടുകൾ കിട്ടുന്നതും അതിന്റെ ആദായമെടുക്കുന്നതും സ്വകാര്യ വ്യക്തികളാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. യഥാർത്ഥ മൽസ്യബന്ധനക്കാർക്ക് യന്ത്രവൽക്കൃത ബോട്ടുകൾ കിട്ടുന്നില്ലെന്നുള്ളതു ഒരു വസ്തുതയാണ്. അഥവാ കിട്ടുന്നുണ്ടെങ്കിൽത്തന്നെയും വളരെ കുറഞ്ഞതരം മൈൻ എൻജിൻ ഘടിപ്പിച്ചതും പ്രവർത്തന രഹിതവുമായ ബോട്ടുകളാണു പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് കിട്ടുന്നത്. അവർക്ക് അതുകൊണ്ടു ശരിയായ വിധത്തിൽ മൽസ്യബന്ധനം നടത്താൻ സാധിക്കുകയില്ലെന്നുള്ളതു ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ട്രോളർ വാങ്ങുന്നതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുകയാണ്. ഈ ട്രോളർ ഇനി ആർക്കാണു കൊടുക്കാൻ പോകുന്നത്? ഇത് ഫിഷറീസ് കോർപ്പറേഷനു കൊടുത്തതുകൊണ്ട് കടലോരത്തു താമസിക്കുന്ന മൽസ്യബന്ധനക്കാരനു എങ്ങനെ നേട്ടമുണ്ടാകുമെന്നുള്ളതു ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോ അല്ലെങ്കിൽ ധനകാര്യമന്ത്രിയെങ്കിലും ഒന്നു വിശദീകരിച്ചാൽ കൊള്ളാമെന്നു ഞാനാഗ്രഹിക്കുകയാണ്. മൽസ്യബന്ധന വികസനത്തിന് ട്രോളർ വാങ്ങിച്ചിട്ട് ഫിഷറീസ് കോർപ്പറേഷനു കൊടുത്താൽ എങ്ങനെ അതു സാധുക്കൾക്ക് ഗുണകരമായിരിക്കുമെന്ന് വിശദീകരിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏതായാലും ട്രോളർ വാങ്ങിച്ചാൽ മൽസ്യോൽപ്പാദന സഹകരണസംഘങ്ങൾക്കും മാർക്കറ്റിംഗ് സഹകരണസംഘങ്ങൾക്കും അത് കൊടുക്കാനുള്ള സൻമനസ്സ് ഗവൺമെന്റിനു ഉണ്ടാകണമെന്നും അതിനൊരു സ്കീം ഉണ്ടാക്കണമെന്നും ട്രോളർ ലഭിക്കേണ്ടത് യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്കായിരിക്കണമെന്നുമുള്ള ഒരു അഭ്യർത്ഥന ഗവൺമെന്റിന്റെ മുൻപിൽ ഞാൻ വയ്ക്കുകയാണ്. ഈ ട്രോളർ ഉപയോഗിക്കുന്നതിനുള്ള ട്രെയിനിംഗ് ഇന്ന് കൊടുത്തുവരുന്നുണ്ട്. എറണാകുളത്തെ ടെക്നിക്കൽ ആപ്പറേറ്റീവ്സ് ഇൻസ്റ്റിറ്റ്യൂട്ടിലാണ് ട്രെയിനിംഗ് കൊടുക്കുന്നത്. അവിടെ യഥാർത്ഥ മൽസ്യബന്ധനക്കാരുടെ മക്കൾ അപേക്ഷിച്ചാൽ സെലക്ഷൻ കിട്ടുകയില്ല. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കണം. മൽസ്യോൽപ്പാദക സഹകരണസംഘങ്ങളെല്ലാംതന്നെ ഇന്നു ലിക്വിഡേഷനിലെത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും യന്ത്രവൽക്കൃതബോട്ടുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചും അവയുടെ വിതരണത്തെ സംബന്ധിച്ചും, മൽസ്യ വ്യവസായത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ചുമെല്ലാം എന്തുമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു പരിശോധിക്കുന്നതിന് ഒരു ഇവാലുവേഷൻ കമ്മിറ്റിയെ ഏർപ്പെടുന്നണമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുകയാണ്. അതല്ലാതെ ഈ പ്രശ്നത്തെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും പറയുന്നതുകൊണ്ടോ പ്രസ്താവനകൊടുത്തതുകൊണ്ടോ യാതൊരു ഫലവുമില്ല. അതൊക്കെ യാഥാർത്ഥവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. അത് കൊണ്ട് ഇങ്ങിനെയൊരു കമ്മിറ്റി ഏർപ്പെടുത്തിക്കൊണ്ട് അവരുടെ പഠന റിപ്പോർട്ട് അസംബ്ളിയുടെ മുമ്പാകെ വയ്ക്കാൻ ഗവൺമെൻറ് തയ്യാറാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

Mr. Deputy Speaker: The House will now adjourn and meet again at 8 a. m. on Wednesday, the 4th March, 1970.

The Assembly adjourned at 12.55 p. m. to meet again on Wednesday, the 4th March 1970.

LIBRARY ARCHIVES Kerala Legislative Assembly